# ചാലക്കുഴി
# കുടുംബചരിത്രം
# 1987

എഡിറ്റർ:- തോമസ് മാത്യു 1

(എം.എസ്.സി.എഫ്.ഐ.ഇ)

പ്രസാധകർ:- ചാലക്കുഴി കുടുംബയോഗകമ്മറ്റി

# അവതാരിക

ചാലക്കുഴി കുടുംബചരിത്രത്തിന് ഒരു അവതാരിക എഴുതണമെന്ന് ആ കുടുംബത്തിലെ ചില പ്രമുഖ്യവ്യക്തികൾ എന്നോട് ആവശ്യപ്പെട്ടപ്പോൾ അതു ഞാൻ സസന്തോഷം സ്വീകരിക്കുകയാണ് ചെയ്തത്. രണ്ടായിരത്തോളം അംഗങ്ങളുള്ള ചാലക്കുഴി കുടുംബാംഗങ്ങൾ ഇന്ന് വിവിധ ഭദ്രാസനങ്ങളിലും ലോകത്തിന്റെ പല ഭാഗങ്ങളിലും ചിതറികിടക്കുകയാണെങ്കിലും അധികം പേരും നിരണം ഭദ്രാസനത്തിലാകയാൽ ഈ കർത്തവ്യം നിറവേറ്റുവാൻ എന്നോട് ആവശ്യപ്പെട്ടതിൽ ഞാൻ സന്തോഷിക്കുന്നു.

കേരളത്തിലെ ഏറ്റവും പുരാതനവും പ്രശസ്തവുമായ കുടുംബങ്ങളിൽ ഒന്നാണ് ചാലക്കുഴി കുടുംബം. ഇവരുടെ പിതാമഹന്മാർ കുറവിലങ്ങാട്ടു കാളികാവിനടുത്ത ചാലക്കുഴി എന്ന സ്ഥലത്തുനിന്ന് വന്നവരാണ്. അവർ തിരുവല്ലാ മുത്തൂറ്റിനു പടിഞ്ഞാറുവശം താമസമാക്കി.

പിന്നീട് അവരിലൊരാൾ മേപ്രായിൽ താമസമുറപ്പിച്ച അവരുടം പിൻഗാമികളാണ്. പൂതികോട്ടു താമസിക്കുകയും അവരുടെ പിൻഗാമികളെ ചാലക്കുഴി കുടുംബാംഗങ്ങളായി അറിയപ്പെടുകയും ചെയ്യുന്നു. ഇവർ താമസിച്ചിരുന്ന മുത്തൂർ എന്ന സ്ഥലത്ത് ചാലക്കുഴികൾ എന്ന് ഇന്നും ഗവഃ റിക്കാർഡുകളിൽ കാണുന്നുണ്ട്.

തിരുവല്ലായിലെ ആദ്യത്തെ ചെറിയ പള്ളി ഈ ദേശത്തെ പത്തില്ലത്തിൽ പോറ്റിമാർ തീവച്ചു നശിപ്പിക്കുകയും ഇതേ തുടർന്ന് ഇവരുടെ ഒരു പിതാമഹൻ തിരുവന്തപുരത്തുപോയി അന്നത്തെ ഗവൺ ആയിരുന്ന മൺട്രാസായിപ്പിനെ കണ്ട് നിവേദനം നടത്തി വിധി സമ്പാദിക്കുകയും എതിർകക്ഷികൾ ഒടുക്കിയ പിഴകൊണ്ട് തീവച്ച് നശിപ്പിച്ച സ്ഥാനത്തുതന്നെ ഒരു പള്ളി പണിയിക്കുകയും ചെയ്തു. ആ പള്ളിയാണ് ഇന്ന് അറിയപ്പെടുന്ന പാലിയേക്കര സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി.

ഇവരുടെ കുടുംബത്തിൽ തുടർച്ചയായി നാലു പട്ടക്കാർ ഉണ്ടായിരുന്നു. പരദേശത്തുനിന്നു വന്നു മാർ കൂറിലോസ് ബാവായുടെ സഹോദരന്മാർ ഈ കുടുംബത്തിൽ നിന്ന് വിവാഹബന്ധത്തിൽ ഏർപ്പെട്ടു. അവരുടെ സന്താനപരമ്പകളിൽ ഒരാളാണ് അടുത്തകാലത്ത് അന്തരിച്ച വന്ദ്യ ആബീബ് അച്ചൻ.

തെക്കെ പുത്തൻപള്ളി പണികഴിപ്പിക്കുന്നതിന് ഈ കുടുംബത്തിലെ ചില പ്രമാണികൾ അവരുടെ പണവും സ്വാധീനവും പരമാവധി ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

ഈ കുടുംബങ്ങളോട് എനിക്കൊരു അഭ്യർത്ഥന, അവരുടെ മൺമറഞ്ഞ മാതാപിതാക്കൾ സഭയ്ക്കു കൊടുത്ത ഒന്നാംസ്ഥാനം അവരുടെ തലമുറകളും കൊടുക്കണം എന്നതാണ്. ആത്മീകമായി നാം താണാൽ ഭൗതീക ഉയർച്ചയ്ക്ക് യാതൊരു അർത്ഥവും ഇല്ല. അതിനാൽ ഒന്നാമത് ദൈവരാജ്യവും അതിന്റെ നീതിയും അന്വേഷിക്കുക അതോടെ സകലവും നിങ്ങൾക്കു ലഭിക്കും.

എനിക്ക് ഈ കുടുംബത്തോട് പ്രത്യേക താല്പര്യമുണ്ട് ആയതിനാൽ എനിക്കും സഭയ്ക്കും ഉള്ള സ്നേഹാദരവുകൾ ഈ തരുണത്തിൽ ഈ ആമുഖത്തിലൂടെ രേഖപ്പെടുത്തിക്കൊള്ളുന്നു. സർവ്വവിധമായ ദൈവാനുഗ്രങ്ങളും ഈ കുടുംബങ്ങൾക്ക് ഉണ്ടാകട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

എന്ന്,

(Sd)

Geevarghese Mar Osthathiose

Metropolitan of Niranam Diocese

# ഉള്ളടക്കം


പ്രസ്താവന

ആമുഖം

അദ്ധ്യായം

1. മുഖ്യശാഖകൾ
2. പുളിമൂട്ടിൽ ശാഖ
3. പള്ളിക്കടവിൽ (താമരവേലിൽ)ശാഖ
4. പുത്തൻപുരയ്ക്കൽ ശാഖ
5. കിഴക്കേവീട്ടിൽ ശാഖ
6. പൈനുമൂട്ടിൽ ശാഖ
7. പടിഞ്ഞാറേ വീട്ടിൽ (എ) ശാഖ
8. പടിഞ്ഞാറേ വീട്ടിൽ (ബി) ശാഖ
9. പുളിമൂട്ടിൽ ശാഖ ഉപശാഖകൾ
10. താമരവേലിൽ ശാഖയുടെ ഉപശാഖകൾ
11. പുത്തൻപുരയ്ക്കൽ (എ) ശാഖയുടെ ഉപശാഖകൾ

12 പുത്തൻപുരയ്ക്കൽ (ബി) ശാഖയുടെ ഉപശാഖകൾ

13. കിഴക്കേവീട്ടിൽ ശാഖയുടെ ഉപശാഖകൾ
14. പൈനുമൂട്ടിൽ ശാഖയുടെ ഉപശാഖകൾ
15. പടിഞ്ഞാറേവീട്ടിൽ ശാഖയുടെ ഉപശാഖകൾ
16. കുടുംബയോഗത്തിന്റെ പ്രവർത്തനങ്ങൾ

# പ്രസ്താവന

പുരാതനമായ പല സുറിയാനി ക്രിസ്ത്യാനി കുടുംബങ്ങളുടേയും ചരിത്രം ഏറെ വർഷങ്ങൾക്ക് മുമ്പു തന്നെ പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും ചാലക്കുഴി കുടുംബത്തിന്റെ ചരിത്രം തയ്യാറാക്കുന്നതിന് ഇതിനു മുമ്പ് ഒരിക്കലും കാര്യമായ ഒരു ശ്രമം നടന്നിട്ടില്ലായിരുന്നു. അനേകനാൾ മുടങ്ങിക്കിടന്ന കുടുംബയോഗം പുനരുദ്ധരിക്കപ്പെട്ട ശേഷമാണ് ഈ കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്താൻ തുടങ്ങിയത്. കുടുംബയോഗത്തിന്റെ ഇപ്പോഴത്തെ പ്രസിഡന്റ് പുത്തൻപുരയ്ക്കൽ ശ്രീമാൻ സി.റ്റി. എബ്രഹാമും സെക്രട്ടറി ശ്രീ.സി.എം. മത്തായിയും ഇതിനു വളരെ അധികം പ്രോത്സാഹനം തന്നതുകൊണ്ടാണ് ഈ ഗ്രന്ഥം എഴുതി തീർക്കുന്നതിന് സാധിച്ചിട്ടുള്ളതെന്ന് സസന്തോഷം പറഞ്ഞുകൊള്ളട്ടെ.

മലങ്കര സുറിയാനി ക്രസ്ത്യാനികളുടെ ചരിത്രം പരിശുദ്ധ തോമസ് അപ്പോസ്തോലന്റെ ഭാരത സന്ദർശനം തൊട്ട് ആരംഭിക്കുന്നതായതുകൊണ്ട് ആമുഖമായി അപ്പോസ്തോലന്റെ മലങ്കര പര്യടനത്തെപ്പറ്റിയും അത്ഭുതപ്രവൃത്തികളെക്കുറിച്ചും ഇളം തലമുറയുടെ അറിവിനുവേണ്ടി പ്രതിപാദിച്ചിട്ടുണ്ട്. ഇതിനാസ്പദമായ വിവരങ്ങൾ മുഴുവനും പല ചരിത്ര ഗ്രന്ഥങ്ങളിൽ നിന്ന് ശേഖരിച്ചിട്ടുള്ളതാണ്. വിശുദ്ധ അപ്പോസ്തോലനിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ച നമ്മുടെ പൂർവ്വികപിതാക്കന്മാർ പാലയൂർ ഗ്രാമം വിട്ട് കുറവിലാങ്ങാട്ടു വന്ന് താമസമാക്കുന്നതും അവരുടെ പിൻതലമുറക്കാർ അവിടെ നിന്നും തിരിച്ച് ചങ്ങനാശ്ശേരിയിലും പിന്നീട് നമ്മുടെ പിതാമഹൻ ഇട്ടിമാത്തൻ തിരുവല്ലാ താലൂക്കിൽ പെട്ട ചാലക്കുഴി മുറിയിൽ എത്തി താമസമാക്കുന്നതും വരെയുള്ള ചരിത്രവും അതിന് പ്രേരകമായിട്ടുണ്ടായതായി പറയപ്പെടുന്ന സംഭവവും കഴിവതും ശരിയായി രേഖപ്പെടുത്തുന്നതിന് ആത്മാർത്ഥമായി ശ്രമിച്ചിട്ടുണ്ട്. കേരളത്തിലെ ക്രിസ്താനികളെപ്പറ്റി എഴുതപ്പെട്ടിട്ടുള്ള ചരിത്രഗ്രന്ഥങ്ങളിൽ നിന്നും, മദ്ധ്യതിരുവിതാംകൂറിലെ പ്രധാനപ്പെട്ട ക്രിസ്ത്യാനി കുടുംബങ്ങളുടെ ചരിത്രങ്ങളിൽ നിന്നും കൂടാതെ കുടുംബത്തിലെ പ്രായം ചെന്ന അംഗങ്ങളിൽ നിന്നും മറ്റും ശേഖരിച്ച വിവരങ്ങൾ ചേർത്താണ് ഈ ഭാഗം തയ്യാറാക്കിയിരിക്കുന്നത്. ഈ ഗ്രന്ഥകാരന്മാരോടുള്ള നന്ദി പ്രത്യേകം പ്രകാശിപ്പിച്ചുകൊള്ളുന്നു.

മലങ്കരസഭയിലെ പല സംഭവ വികാസങ്ങളും കക്ഷിവഴക്കുകളും നമ്മുടെ മൂല കുടുംബങ്ങളെ സാരമായി ബാധിച്ചിട്ടുണ്ട്. ഉദയംപേരൂർ സുന്നഹദോസിനുശേഷം നമ്മുടെ പൂർവ്വ പിതാക്കന്മാരിൽ ചിലരെങ്കിലും കത്തോലിക്കാ സഭയുടെ അംഗങ്ങളായി തുടർന്നിട്ടുണ്ടെന്ന് വേണം അനുമാനിക്കാൻ. അങ്ങനെയുള്ള കുടുംബങ്ങൾ കുറവിലങ്ങാട്ടും ചങ്ങനാശേരിയിലും താമസമാക്കിയിട്ടുണ്ടെങ്കിലും അവരെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിന് സാധിച്ചിട്ടില്ല. ആ കുടുംബങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ കൂടി ഉൾപ്പെടുത്തിയാൽ മാത്രമേ കുടുംബചരിത്രം പൂർണ്ണമാവുകയുള്ളു. ക്രമേണ ഇവ ശേഖരിച്ച് ഈ ഗ്രന്ഥം പുതുക്കി പ്രസിദ്ധീകരിക്കാമെന്ന് ആശിക്കുന്നു.

ചാലക്കുഴി മുറിയിൽ നിന്നും കാവുഭാഗം കമ്പോളത്തിലേത്ത് താമസമാക്കിയ ഇട്ടിമാത്തൻ എന്ന കുടുംബത്തലവൻ തൊട്ട് പിന്നീടുള്ള എല്ലാ തലമുറകളെപ്പറ്റിയും അന്യകുടുംബങ്ങളിൽ വിവാഹിതരായി അയച്ച സ്ത്രീകളേയും അവരുടെ സന്താനങ്ങളേയും സംബന്ധിച്ച് ലഭ്യമായ എല്ലാ വിവരങ്ങളും ഈ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പൂരാതനവും അംഗബാഹുല്യവുമായ ഈ കുടുംബത്തിലെ ഓരോ വീടുകളിലേയും അംഗങ്ങളെപ്പറ്റി പരാമർശിക്കുമ്പോൾ അവരുടെ മൂപ്പുമുറയിലും, പേരുകളിലും തെറ്റുകൾ ഉണ്ടാകാതിരിക്കാൻ കഴിവതും ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. ഏതെങ്കിലും പേരുകളോ വിവരങ്ങളോ വിട്ടുപോയിട്ടുണ്ടെങ്കിലും ചെറിയ തെറ്റുകൾ വന്നിട്ടുണ്ടെങ്കിലും അതു മനപ്പൂർവ്വമല്ലെന്ന് എടുത്തു പറഞ്ഞു കൊള്ളുന്നു. ഉപശാഖവരെയുള്ള തലമുറകളുടെ ചാർട്ടുകൾ ഓരോ അദ്ധ്യായത്തിലും കൊടുത്തിട്ടുണ്ട്.

ഈ ഗ്രന്ഥത്തിന് ആവശ്യമായ വിവരങ്ങൾ ശേഖരിച്ച തരുന്നതിന് അംഗങ്ങൾ കാണിച്ച നിർഭല്ലോഭമായ സഹകരണത്തിന് പ്രത്യേകം നന്ദി പ്രകാശിപ്പിക്കുന്നു.

ഈ ചരിത്രം പ്രസിദ്ധീകരിക്കുന്നതോടുകൂടി കുടുംബാംഗങ്ങളുടെ ഒരു ചിരകാല അഭിലാഷം സാധിതമാകുന്നു എന്നതിൽ പ്രത്യേകം ചാരിതാർത്ഥ്യമുണ്ട്.

**തോമസ് മാത്യു**
**(കുടുംബയോഗ കമ്മറ്റിയ്ക്ക് വേണ്ടി)**

# ആമുഖം

ശ്രീ യേശുക്രിസ്തുവിന്റെ പന്ത്രണ്ട് ശിഷ്യന്മാരിലൊരാളായ തോമ്മശ്ലീഹാ എ. ഡി. 52-ാംമാണ്ട പശ്മതീരത്തെ പ്രധാന തുറമുഖ പട്ടണമായ കൊടങ്ങല്ലൂരിൽ കപ്പൽ മാർഗ്ഗം വന്നിറങ്ങിയതോടുകൂടിയാണ് ഭാരതത്തിൽ ക്രിസ്തുമതം പ്രചരിപ്പിച്ച തുടങ്ങിയത്. ക്രിസ്തുമതാരംഭത്തിന് വളരെ മുൻപു തന്നെ ഒരു സംഘം യഹൂദന്മാർ കേരളത്തിൽ കുടിയേറി പാർത്തിരുന്നു എന്ന് ചില ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. കുരുമുളക്, സുഗന്ധദ്രവ്യങ്ങൾ മുതലായ മലഞ്ചരക്കുകളുടെ വ്യാപാരവും കയറ്റുമതിയും മുഖ്യമായി നടത്തിയിരുന്നത് ,ഹാബാൻ എന്ന യഹൂദ കപ്പൽക്കച്ചവടക്കാരനെപ്പറ്റ കേരളചരിത്രത്തിൽ പരാമർശിച്ചിട്ടുണ്ട്, മദ്ധ്യ പൗരസ്ത്യദേശത്തെ സുവിശേഷാഘോഷണത്തിനുശേഷം മാർത്തോമ്മാ ശ്ലീഹാ കേരളത്തിലേക്ക് തിരിക്കാനിടയായതിന്റെ ഒരു കാരണം ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനമായ ഈസ്രായേലിൽ ഒരു വിഭാഗം അന്ന് കേരളത്തിലുണ്ടായിരുന്നതായിരിക്കാം.

മാർതോമ്മാ ശ്ലീഹാ കേരളത്തിലേക്ക് വരാനുണ്ടായ കാരണത്തെ വിവരിക്കുന്നരസകരമായ ഒരു പുരാവൃത്തമുണ്ട്. അന്ന് ചേരരാജ്യം ഭരിച്ചുകൊണ്ടിരുന്ന ചോഴപ്പെരുമാൾ സ്വപ്നത്തിമനോഹരമായ ഒരു കൊട്ടാരം കണ്ടുവെന്നും അത്തരം ഒരു കൊട്ടാരം തന്റെ രാജ്യത്തിൽ പണിയുവാൻ ശില്പികളെ കൊണ്ടുവരാൻ ഹാബാനെ നിയോഗിച്ചുവെന്നും ഹാബാൻ പലസ്തീനിയായിലെത്തിയപ്പോൾ ക്രിസ്തു പ്രത്യക്ഷപ്പെട്ട് ഒരു ശില്പിയെന്ന നിലയിൽ തോമസ് അപ്പോസ്തോലനെ ഹാബാന് കാണിച്ചുകൊടുത്തു എന്നും അവർ ഒരുമിച്ച് കൊടുങ്ങല്ലൂരിൽ കപ്പലിൽ വന്നിറങ്ങി എന്നുമാണ് കഥ.

മാർതോമ്മായുടെ കേരളത്തിലെ പ്രേഷിത വൃതതിയെപ്പറ്റിയുള്ള വിവരണങ്ങൾ മുഖ്യമായും ചരിത്ര പ്രധാനമായ റമ്പാൻ പാട്ടിലും പുരാതനമായ വീരടിയാൻ പാട്ടുകളിലും ആണ് ഉല്ലേഖനം ചെയ്യപ്പെട്ടിരിക്കുന്നത്. ക്രിസ്ത്യാനികളുടെ ഇടയിൽ പ്രചാരണത്തിലിരുന്ന മാർഗ്ഗം കളിപ്പാട്ടിലും മാർതോമ്മായുടെ പ്രവർത്തനങ്ങൾ വിവരിച്ചിട്ടുണ്ട്. കൊടങ്ങല്ലൂർ വന്നിറങ്ങിയ തോമസ്സ് അപ്പോസ്തോലനെ ഭരണാധികാരി യഥായോഗ്യം സ്വീകരിക്കുകയും പാർപ്പിട സൗകര്യം ചെയ്തുകൊടുക്കുകയും ചെയ്തു. ഏതാണ്ട് ഒന്നരവർഷത്തോളം കൊടുങ്ങല്ലൂരിൽ താമസിച്ച് സുവിശേഷം അറിയിച്ച ശ്ലീഹാ ഏറെ ഹിന്ദുക്കളേയും നാല്പതു യഹൂദ കുടുംബങ്ങളേയും ജ്ഞാനസ്നാനം ചെയ്യിച്ച് ക്രിസ്തുമതം സ്വീകരിപ്പിച്ചു. അതിനുശേഷം അദ്ദേഹം കൊല്ലത്തേക്കു പോവുകയും അവിടെ ഒരു പള്ളി സ്ഥാപിക്കുകയും അനേകരെ ക്രിസ്ത്യാനികളാക്കുകയും ചെയ്തു. കൊല്ലത്തുനിന്ന് ഒരു തുറമുഖ പട്ടണമായിരുന്ന നെൽക്കുന്നിയിലും(നിരണം) അവിടെനിന്ന് പമ്പയുടെ തീരത്തുള്ള മലമ്പ്രദേശമായ ചായൽ (നിലയ്ക്കൽ) എന്ന സ്ഥലത്തേക്കും പിന്നീട് പ്രമുഖ ബ്രാഹ്മണ സങ്കേതമായ കോക്കമംഗലത്തു പോയി പലരെയും മതപരിവർത്തനെ ചെയ്തു ക്രിസ്ത്യാനികളാക്കി. മാർതോമ്മാ കോക്കമംഗലത്തുനിന്ന് കോട്ടയ്ക്കാവ് എന്ന പേരുള്ള പറവൂർക്കും അവിടെ നിന്ന് മാല്യങ്കരയിലേക്കും പോയി സുവിശേഷം അറിയിച്ചു. തദനന്തരം ഏതാനും യഹുദ കുടുംബങ്ങളുടെ അധിവാസ സ്ഥലമായ പാലയൂർ ഗ്രാമത്തെപ്പറ്റി കേൾക്കുകയാൽ അദ്ദേഹം അങ്ങോട്ടു യാത്രതിരിച്ചു.

പാലയൂർ ഗ്രാമം വേദാംഗ പാരംഗതന്മാരായ ബ്രാഹ്മണ ശ്രേഷ്ഠരുടെ അധിവാസ കേന്ദ്രങ്ങളിലൊന്നായിരുന്നു. മാർത്തോമ്മാ പാലയൂർ ഗ്രാമത്തിലെത്തിയപ്പോൾ അമ്പലക്കുളങ്ങളിൽ സ്നാനം കഴിച്ച് തർപ്പണം ചെയ്തുകൊണ്ടിരുന്ന ബ്രാഹ്മണരെ കാണുവാൻ ഇടയായി. നിങ്ങൾ എന്തുചെയ്യുകയാണെന്ന് അദ്ദേഹം അവരോടു ചോദിച്ചു. പിതൃക്കൾ ക്ക് ദാഹ ശമനാർത്ഥം ജലതർപ്പണം ചെയ്യുകയാണെന്ന് അവർ മറുപടി നൽകി. നിങ്ങൾ നൽകുന്ന ജലം പിതൃക്കൾ സ്വീകരിക്കുന്നില്ല. അതുകൊണ്ടല്ലേ മേല്പോട്ട് എറിയുന്ന ജലം കീഴ്പോട്ടു വരുന്നത് സ്വാഭാവികം മാത്രമാണെന്നും മുകളിൽ നിർത്തുക സാദ്ധ്യമല്ലെന്നും അവർ പറഞ്ഞു. തന്റെ ദൈവത്തിന്റെ നാമത്തിൽ തർപ്പണം നടത്തുകയാണെങ്കിൽ അതു കീഴ്പോട്ട് വരികയില്ലെന്ന് അപ്പോസ്തോലൻ പറഞ്ഞു. എന്നാൽ അതൊന്നു കാണണമെന്നായി ബ്രാഹ്മണർ, സിദ്ധൻ പറഞ്ഞ പ്രകാരം സംഭവിക്കുകയാണെങ്കിൽ അദ്ദേഹത്തിന്റെ മതം സ്വീകരിക്കാമെന്നും അവർ സമ്മതിച്ചു. മാർതോമ്മാ കുളത്തിലിറങ്ങി വെള്ളം കോരി മേൽപ്പോട്ട് എറിഞ്ഞു മുകളിലേക്ക് പോയജലകണങ്ങൾ പ്രകാശമാനങ്ങളായി ആകാശത്തിൽ തങ്ങിനിന്നു. കുളത്തിൽ വെള്ളം കോരിയ ഭാഗം കുഴിയായി കാണപ്പെട്ടു.

ഈ അത്ഭുതം കണ്ട് അനേകം ബ്രാഹ്മണർ മാർത്തോമ്മായുടെ കരങ്ങളിൽ നിന്നും ജ്ഞാന സ്നാനം സ്വീകരിച്ചു. പക്ഷേ ക്രിസ്തുവിൽ വിശ്വസിക്കാഞ്ഞ ബ്രാഹ്മണർ ഈ സ്ഥലത്തെ ശപിച്ചശേഷം ഗ്രാമം വിട്ടുപോയി. അങ്ങനെ ബ്രാഹ്മണരുടെ ശാപത്തിനിരയായ സ്ഥലം ശാപക്കാടായി ക്രമേണ അതു പാവക്കാടായി തീർന്നു. ശ്ലീഹായിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ചവരുടെ കൂട്ടത്തിൽ പകലോ മറ്റം, ശങ്കരപുരി, കള്ളി, കാളിയങ്കാവ്, കോയിക്കര, നെടുമ്പള്ളി, പനയ്ക്കമറ്റം, കോട്ടകളി മുതലായ പ്രസിദ്ധ നമ്പൂതിരി കുടുംബങ്ങൾ ഉൾപ്പെടുന്നു. ആ നമ്പൂതിരി വർഗ്ഗം നഷ്ടപ്പെട്ടുപോയ നഫ്താലി ഗോത്രങ്ങൾ ആണെന്നും അവർ കിഴക്കൻ പ്രദേശങ്ങളിലേക്ക് മാറി താമസിച്ചിരുന്ന വരാണെന്നും ചില ചരിത്ര രേഖകളിൽ പരാമർശിച്ചിട്ടുണ്ട്. നഫ്താലി എന്ന സംജ്ഞ കാലം കടന്നതോടുകൂടി നഫ്താതിരിയും പിന്നീട് നമ്പൂതിരിയുമാണെന്ന് ചില ചരിത്രകാരന്മാർ സംശയിക്കുന്നു. പകലോമറ്റം, ശങ്കരപുരി,കള്ളി കാളിയങ്കാവ് എന്ന നാലു കുടുംബങ്ങളിൽ പ്പെട്ടവരിൽ നിന്ന് അപ്പോസ്തോലൻ പട്ടക്കാരെ നിയമിക്കുകയും ചെയ്തു. ഈ നാലില്ലങ്ങളിൽ ഒന്നായ കാളിയങ്കാവ് കുടുംബത്തിലെ ഒരു ശ്രേഷ്ടവ്യക്തിയാണ് പ്രചുര പ്രാചീനമായ നമ്മുടെ കുടുംബത്തിലെ കാരണവർ.

കേരളത്തിലെ നസ്രാണികൾക്ക് ഒന്നാം ശതാബ്ദം മുതൽ ഉദയംപേരൂർ സുന്നഹദോസ്സുവരെയുള്ള കാലഘട്ടത്തെക്കുറിക്കുന്ന വ്യക്തമായ ചരിത്രരേഖകൾ കുറവാണ്. ചേരരാജ്യത്തിന്റെ അവസാനത്തെ ഭരണാധിപനായ ചേരമാൻ പെരുമാൾ ക്രസ്ത്യാനികൾക്ക് പല പദവികളും മറ്റും നല്കിയിരുന്നുവെന്നും കൊടങ്ങല്ലൂരിൽ പള്ളിവെയ്ക്കുന്നതിനും അധിവസിക്കുന്നതിനും വേണ്ട പ്രദേശം നല്കിയെന്നും ക്നായി തൊമ്മൻ ചേപ്പേടുകളിൽ പ്രതിപാദിച്ചിട്ടുണ്ട്. (എ.ഡി. 345 – ൽ ക്നായി തൊമ്മനും നൂറോളം കുടുംബങ്ങളും പേർഷ്യയിൽ നിന്ന് ഇവിടെ കുടിയേറി പാർത്തു. പെരുമാളിന്റെ സ്നേഹാദരങ്ങൾക്ക് പാത്രീഭൂതരായ നവാഗതർക്കും അന്ന് ഇവിടെ ഉണ്ടായിരുന്ന ക്രിസ്താനികൾക്കുമായി ചേരമാൻ പെരുമാൾ മൂന്ന് ചെമ്പ് ഓലകളിൽ ഇരുപുറവും എഴുതികൊടുത്ത ശാസനത്തിനാണ് ക്നായി തൊമ്മൻ ചേപ്പേട് എന്ന പേർ കൊടുത്തിട്ടുള്ളത്.

ചേരമാൻ പെരുമാളിന്റെ കാലശേഷം കേരളം ചെറുരാജാക്കന്മാരുടേയും ഇടപ്രഭുക്കന്മാരുടേയും ആധിപത്യത്തിലമർന്നു. ഈ കാലഘട്ടത്തിൽ ക്രസ്തുമതം സ്വീകരിച്ചവർ പലവിധത്തിലുള്ള പീഡനങ്ങളും പരിഹാസങ്ങളും സഹിക്കേണ്ടിവന്നു. ശങ്കരപുരി, കള്ളി, കാളിയങ്കാവ്, പകലോമറ്റം എന്നു നാല് ഇല്ലങ്ങളിൽ പെട്ട ക്രിസ്ത്യാനികൾ തെക്കോട്ട് യാത്രതിരിച്ച് കടത്തുരുത്തിയിലും അവിടെ നിന്ന് ഏറ്റുമാനൂരിലും എത്തിച്ചേർന്നു. ഏറ്റുമാനൂർ ക്ഷേത്രാധികാരളോട് രാത്രി താമസിക്കുന്നതിന് സ്ഥലം അപേക്ഷിച്ച ഇവർ ക്രിസ്ത്യാനികളാണെന്ന് മനസ്സിലാക്കി കാളികാവ് എന്ന സ്ഥലത്തേക്ക് പറഞ്ഞയച്ചു. ഉഗ്രമൂർത്തിയായ കാളിയുടെ സാന്നിദ്ധ്യമുള്ള സ്ഥലമാകയാൽ ഭദ്രകാളി ഇവരെ നിഗ്രഹിച്ചുകളയുമെന്ന് കരുതിയാണ് ഈ സ്ഥലം നിർദ്ദേശിച്ചത്.എന്നാൽ അടുത്തദിവസം ഇവർ യാതൊരു ഉപദ്രവും ഏല്ക്കാതെ സുരക്ഷിതരായി കഴിയുന്നതുകണ്ട് അത്ഭുതം പൂണ്ട ക്ഷേത്രാധികാരികൾ കാളികാവിലും തൊട്ടു വടക്കുള്ള കുറവിലങ്ങാട്ടു ഇവർക്കു ആശ്രിതർക്കും സ്ഥിരമായിട്ട് താമസത്തിനുവേണ്ട സ്ഥലങ്ങൾ ദാനമായി കൊടുത്തു. പകലോമറ്റം, കാളിയങ്കാവ് എന്ന മനകളിൽ പെട്ടവരും അവരുടെ ആശ്രിതരും കാളിയങ്കാവിലും ശങ്കരപുരി, കള്ളി മനകളിൽ പെട്ടവരും അവരുടെ ആശ്രിതരും ഒന്നരമൈൽ വടക്കുള്ള കുറവിലാങ്ങാട്ടും പാർത്തും കാളികാവിൽ താമസമായതു മുതൽ കാളിയങ്കാവ് മനയിൽ പെട്ടവർ കാളികാവ് വീട്ടുകാരായി അറിയപ്പെട്ടു പോന്നു.

ആദ്യകാലത്ത് ഇവർക്ക് ആരാധനയ്ക്കായി പോകാനുള്ള ഏകസ്ഥലം കടുത്തുരുത്തി പള്ളി മാത്രമായിരുന്നു. ദൂരവും യാത്രാക്ലേശവും മൂല ആ പള്ളിയിൽ പോയി ആരാധന നടത്തുന്നത് പ്രയാസമായി തോന്നിയപ്പോൾ ഈ നാലു ഇല്ലക്കാരുടേയും നേതൃത്വത്തിൽ പ്രകൃതിരമണീയമായ കുറവേലങ്കാട് വെട്ടിതെളിച്ച് അവിടെ ഒരു പള്ളി പണിതും തുടർന്ന് നാല് ഇല്ലക്കാരും പള്ളിയുടെ പരിസരങ്ങളിലേക്ക് താമസം മാറ്റി. കാലാന്തരത്തിൽ ഈ പള്ളി പലപ്രാവിശ്യം പുതുക്കിപണിതിട്ടുള്ളതാണ്. ഇപ്പോഴത്തെ പുരാതനമായ കുറവിലങ്ങാട്ട് കത്തോലിക്കാ ദേവാലയം, ആ പള്ളിയിലെ പ്രധാന തിരുനാളായ മൂന്ന് നൊയ്മ്പിന് കൊടിയേറ്റാൻ മേല്പറഞ്ഞ നാല് ഇല്ലങ്ങളിലേയും, കാരണവന്മാരോട് അനുവാദം ചോദിക്കുന്ന ഒരു പാട്ട് മാർത്തോമ്മായും മലങ്കര ക്രിസ്താനികളും എന്ന ഗ്രന്ഥത്തിൽ ശ്രീമാൻ ചെറിയാൻ തൊമ്മി ഉദ്ധരിച്ചിട്ടുണ്ട്.

ശാങ്കൂരി, പാലമറ്റത്തിനോടും

കള്ളി, കാളിയങ്കാവിനോടും

പള്ളിയിലെ മൂപ്പച്ചനോടും

ചോദിക്കുന്ന മൂന്നോയിമ്പിൻ

കൊടിയേറ്റട്ടെ എന്ന്

കുറിവിലങ്ങാട്ടെ ആദിമ ക്രിസ്ത്യാനികൾ ഈ നാലും ഇല്ലങ്ങളിൽ പെട്ടവരുമാണെന്ന് ഇതു തെളിയിക്കുന്നു.

കുറിവിലങ്ങാട്ടിനു തെക്ക് കിഴക്കുവശമായി കാളിക്ഷേത്രം ഇന്നും സ്ഥിതിചെയ്യുന്നു. ക്ഷേത്രകാവിന്റെ പരിസരങ്ങളിൽ അനേകം ശവകുടീരങ്ങൾ കാണുന്നുണ്ട്. ശവകുടീരങ്ങളുടെ പെരുപ്പം കാണുമ്പോൾ കുറുവിലങ്ങാട്ട് പള്ളി പണിയുന്നതിന് മുൻപ്ദീർഘകാലം മേൽപറഞ്ഞ മനകളിൽ പെട്ടവരും അവരുടെ അനുയായികളും കാളികാവിൽ താമസിച്ചിരുന്നു എന്ന് അഭിപ്രായത്തിന് ദാർഢ്യം കൂടുന്നു. പതിനേഴാം നൂറ്റാണ്ടുവരെ ക്രിസ്ത്യാനികൾ ഹിന്ദുക്കളുടെ പല ആചാരങ്ങളും നിലനിർത്തിക്കൊണ്ടിരുന്നു. പുരുഷന്മാർ കാതുകുത്തി കർണ്ണാഭരണങ്ങൾ അണിയുകയും തലമുടി നീട്ടി കുടുംബിയായി കെട്ടിവയ്ക്കുകയും തങ്ങൾ ക്രിസ്ത്യാനികളാണെന്ന് കാണിയ്ക്കാൻ കുടുംബിയിൽ കുരിശും വെയ്ക്കുകയും സാധാരണയായിരുന്നു. അതുപോലെ നസ്രാണി സ്ത്രീകൾ വസ്ത്രങ്ങൾ ഉടുത്തിരുന്നത് ആഢ്യ അന്തർജ്ജനങ്ങൾ വസ്ത്രങ്ങൾ ഞൊറിഞ്ഞ് ഉടുത്ത് (ഒക്കം കൗളുത്തും) പൃഷ്ഠഭാഗത്തു വെയ്ക്കുന്ന രീതിയിലായിരുന്നു. നസ്രാണിസ്ത്രീകളുടെ ഞൊറിഞ്ഞുടുക്കൽ തന്നെ നമ്പൂതിരിമാരുടെ ആചാരത്തെയാണു കാണിക്കുന്നത്.

മാർത്തോമ്മായുടെ കരങ്ങളിൽ നിന്നാണ് ക്രിസ്തുമത് സ്വീകരിച്ചതെന്ന് അഭിമാനം കൊള്ളുന്ന നമ്മുടെ പിതാക്കന്മാർ മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്നാണ് മുൻകാലങ്ങളിൽ അറിയപ്പെടുന്നത്. കേരള നസ്രാണികൾ എന്നും അവരെ സംബോധന ചെയ്യാറുണ്ട്. തോമശ്ളീഹായെ ആദ്ധ്യാത്മിക പിതാവായി സ്വീകരിച്ച കേരള നസ്രാണികൾ ഒരു സ്വതന്ത്രസഭയായിട്ടാണ് കഴിഞ്ഞുവന്നിരുന്നത്. വിദേശികളായ മേലദ്ധ്യക്ഷന്മാർ കേരളത്തിൽ വന്നിരുന്നെങ്കിലും സഭയുടെ ലൗകീക ഭരണം തെരഞ്ഞെടുക്കപ്പെട്ട അർക്കദിയാക്കോന്മാരാണ് നടത്തികൊണ്ടിരുന്നത്.. അർക്കദിയാക്കോന്മാരിൽ അധികം പേരും പകലോമറ്റം കുടുംബക്കാർ ആയിരുന്നു എന്നാണ് ചരിത്രരേഖകളിൽ കാണുന്നത്.


പോർട്ടുഗീസുകാരുടെ ആഗമനത്തിനു ശേഷം സഭയിൽ ഉണ്ടായിട്ടുള്ള സംഭവവികാസങ്ങൾ നമ്മുടെ മൂലകുടുംബങ്ങളെ വളരെ സ്വാധീനിച്ചിട്ടുണ്ട്. മുഖ്യമായും കച്ചവടത്തിനു വേണ്ടി ഇന്ത്യയിൽ വന്ന പോർട്ടുഗീസുകാർ നാട്ടുരാജാക്കന്മാരുടേയും ഇടപ്രഭുക്കന്മാരുടേയും സഹകരണത്തോടുകൂടി മലബാറിലും കൊച്ചിയിലും ഭരണാധികാരം ഉറപ്പിക്കുകയും ക്രമേണ സഭാ കാര്യങ്ങളിൽ ഇടപെടാൻ തുടങ്ങുകയും ചെയ്തു. ഈ കാലഘട്ടത്തിൽ പകലോമറ്റം കുടുംബാംഗമായ ഗീവർഗീസ് അർക്കദിയാക്കോനാണ് സഭയുടെ കാര്യങ്ങൾ നടത്തിക്കൊണ്ടിരുന്നത്. റോമാസഭയുടെ മേൽക്കോയ്മയും വിശ്വാസോപദേശങ്ങളും സ്വീകരിക്കുവാൻ മെനിസ്സിസ്സ് എന്ന ലത്തീൻ മെത്രാൻ അർക്കദിയാക്കോന്റെ മേൽ സമ്മർദ്ദം ചെലുത്തികൊണ്ടിരുന്നു. ഈ ശ്രമം വിജയിക്കുന്നില്ലെന്ന് കണ്ട മെനിസ്സിസ്സ് മെത്രാൻ 1599 -ൽ പറങ്കികളുടെ സഹായത്തോടുകൂടി ഉദയംപേരൂർ പള്ളിയിൽ ഒറു സുന്നഹദോസ് വിളിച്ചുകൂട്ടി ക്രിസ്ത്യാനികളെ ഭിഷണിപ്പെടുത്തി റോമാസഭയുടെ മേൽക്കോയ്മ സ്വീകരിക്കുന്നതിനായി അവരെക്കൊണ്ട് കരാറിൽ ഒപ്പവെയ്പ്പിച്ചു. സുപര്സിദ്ധമായ ഈ സുന്നഹദോസിനുശേഷം ലത്തീൻ മത്രാപ്പോലീത്തായുടെ നിഷ്ഠൂര ഭരണത്തിന്റെ കാർക്കശ്യം വർദ്ധിക്കുകയാണുണ്ടായത്. പൊറുതിമുട്ടിയ സുറിയാനിക്കാർ തങ്ങൾക്ക് ഒരു മെത്രാനെ അയച്ചുതരണമെന്ന് രഹസ്യമായി അന്ത്യോഖ്യാ പാത്രിയർക്കീസിന് എഴുതി. സുറിയാനിക്കാരുടെ അപേക്ഷാനുസരണം പാത്രിയർക്കീസ് അഹത്തുള്ള എന്ന മെത്രാനെ ഇന്ത്യയിലേക്കയച്ചു. പക്ഷെ അദ്ദേഹത്തെ പോർട്ടുഗീസു അധികാരികൾ മൈലാപ്പൂരിൽ വച്ച് തടവുകാരനാക്കി. 1653-ൽ കൊച്ചിയിൽ കൊണ്ടുവന്നു. ഈ വിവരം അറിഞ്ഞ് രോഷം പൂണ്ട നസ്രാണികൾ അങ്കമാലിയിൽ സമ്മേളിച്ച് തോസ് അർക്കദിയാകോന്റെ നേതൃത്വത്തിൽ കൊച്ചി മഹാരാജാവിനെ കണ്ട് തങ്ങളുടെ ആത്മീയ പിതാവിനെ വിട്ടുതരണമെന്ന് സങ്കടം ഉണർത്തി. തങ്ങൾ ആവശ്യപ്പെട്ടിട്ടും ആ മെത്രാനെ വിടുന്നതിന് പകരം ആ ദിവ്യപുരുഷന്റെ കഴുത്തിൽ ഒരു കല്ലുകെട്ടി ആദ്ദേഹത്തെ കായലിൽ താഴ്ത്തി കൊല്ലുകയാണുണ്ടായത്.

ഈ ദാരുണ കൊലപാതകം മലങ്കരയിലെ നസ്രാണികളെ ഒന്നടങ്കം രോഷാകുലരാക്കി. അവർ മട്ടാഞ്ചേരി പള്ളിയുടെ പരിസരങ്ങളിൽ സമ്മേളിച്ചു. പ്രസ്തുത യോഗ

ത്തിൽ മലങ്കരയിലെ ബഹുഭൂരിഭാഗവും ക്രിസ്ത്യാനികളും സംബന്ധിച്ചതായിട്ടാണ് പറയപ്പെടുന്നത്. ഇനിമേലാൽ റോമാ സഭയുമായി യാതൊരു ബന്ധവും പുലർത്തുകയില്ലെന്ന് എല്ലാ ജനങ്ങളും കുരിശിൽ തൊട്ട് സത്യം ചെയ്യണമെനന് നിശ്ചയിക്കുകയും ആ വിധം ഒരു പടിയോല എഴുതുകയും ചെയ്തു. അനേകായിരങ്ങൾ കുരിശിൽ തൊട്ട് സത്യം ചെയ്യുന്നതിന് പല ദിവസങ്ങൾ വേണ്ടിവരുമെന്ന് കണ്ടതിനാൽ മട്ടഞ്ചേരിപ്പള്ളിയുടെ കൽക്കുരിശിൽ ആലാത്തുകെട്ടി അങ്ങാടിയിൽ ഇരുവശത്തേയ്ക്കു നീട്ടി അവിടെ കൂടിയ ആളുകൾ എല്ലാം ആ കയറിന്മേൽ പിടിച്ച് ഏകാഭിപ്രായമായി ഏക സ്വരത്തിൽ സത്യം ചെയ്തു. ഈ സംഭവമാണ് ചരിത്ര പ്രധാനമായ കൂനൻ കുരിശുസത്യമെന്ന് ചരിത്രകാരന്മാർ ലേഖനം ചെയ്തിട്ടുള്ളത്. അങ്ങനെ സത്യം ചെയ്യാൻ ആലാത്തുകെട്ടി വലിച്ചപ്പോൾ കൽക്കുരിശ് ഒരു വശത്തേക്കു ചരിഞ്ഞതു കൊണ്ടാണ് ഈ പേരുണ്ടായതെന്ന് പറയപ്പെടുന്നു.

ഈ സുപ്രധാന സംഭവത്തിനുശേഷം മലങ്കര നസ്രാണികളും ലത്തീൻ മെത്രാപ്പോലീത്തായുടെ അനുയായികളും തമ്മിൽ സംഘട്ടനങ്ങൾ തുടർന്നുകൊണ്ടിരുന്നു. കേരള നസ്രാണികൾ 1653 ൽ ആലങ്ങാട്ട് സമ്മേളിച്ച് തോമാ മാർ അർക്കദിയാക്കോനെ മെത്രാനായി വാഴിക്കുകയും മലങ്കരയുടെ ഒന്നാം മാർ തോമ്മാ ആയി അവരോധിക്കയും ചെയ്തു. ഒന്നാം മാർതോമ്മായേയും അദ്ദേഹത്തിന്റെ പക്ഷത്തുള്ളവരേയും എതിർക്കുന്നതിന് പോർട്ടിഗീസുകാരുടെയും നാട്ടുരാജാക്കന്മാരുടേയും സഹായത്തോടുകൂടി ലത്തീൻ മെത്രാപ്പോലീത്തന്മാർ തീവ്രശ്രമം നടത്തിക്കൊണ്ടിരിക്കുന്നു. ഇതിന്റെ ഫലമായി കള്ളി വീട്ടിൽ കുടുംബാംഗമായ ചാണ്ടികത്തനാരെ വശീകരിച്ച് ലത്തീൻ റീത്തു പ്രസ്ഥാനത്തിൽ ചേർത്ത് കടത്തുരുത്തി പള്ളിയിൽ വെച്ച് അലക്സാണ്ടർ ദി കാമ്പോ എന്ന അഭിധാനത്തിൽ റോമാ മെത്രാനായി വാഴിക്കുകയും ചെയ്തു. ഇതേ തുടർന്നു മലങ്കര നസ്രാണികളുടെ അധീനതയിലുള്ള പള്ളികൾ കൈയേറുന്നതിന് ശ്രമവും നടന്നുകൊണ്ടിരുന്നു. 1666 – ൽ ലത്തീൻമെത്രോപ്പോലീത്തായുടെ കീഴിലുള്ള ഒരു വിദേശ പാതിരി കൊച്ചി മഹാരാജാവിന്റെ പിന്തുണയോടുകൂടി പറങ്കി പട്ടാളവുമായി കുറവിലങ്ങാട്ടു പള്ളിയിൽ പ്രവേശിപ്പിച്ച് ഒരു വിവാഹം നടത്തുവാൻ ശ്രമിച്ചപ്പോൾ നാലില്ലക്കാരിൽ ഭൂരിഭാഗവും എതിർക്കുകയും തുടർന്നുണ്ടായ സംഘട്ടനത്തിൽ അനേകം പേർ

വധിക്കപ്പെടുകയും ചെയ്തു. ഈ സംഭവത്തെ തുടർന്ന് നാലില്ലക്കാരിൽ പലരും ഒരു



ക്കംകൂർരാജ്യത്തിന്റെ ഭാഗങ്ങളിൽ അഭയം തേടാനായി പുറപ്പെട്ടു. ഇ ( പ കാരം പലായനം ചെയ്ത കൂട്ടത്തിൽ നമ്മുടെ പൂർവ്വ പിതാവ് ഇട്ടിമാത്തനും സഹോദരനും ഒരു അനുചരനും ചങ്ങനാശ്ശേരിയിലേക്ക് അഭയം തേടി പുറപ്പെട്ടു ഏക സഹോദരി പൂർണ്ണ ഗർഭിണിയാകയാൽ കൂടെ കൊണ്ടുവരാൻ സാധിച്ചില്ല. ചങ്ങനാശ്ശേരിയിൽ നിന്നും തിരുവല്ലായുടെ വടക്കു പടിഞ്ഞാറ് അഴിയടത്തുചിറയുടെ സമീപമുള്ള ചാലക്കുഴി മുറിയിൽ വന്നു താമസിച്ചു. ഇവരിൽ മൂത്ത സഹോദരൻ പിൽക്കാലത്ത് മേപ്രായിലേക്ക് താമസം മാറ്റി. ഇദ്ദേഹമാണ് പൂതികോട്ടു കുടുംബത്തിന്റെ സ്ഥാപക പിതാവ്.

ഇട്ടിമാത്തന്റെ പൂർവ്വികന്മാർ ശ്രേഷ്ട ബ്രാഹ്മണ കുടുംബത്തിൽ പെട്ടതാണെന്ന് മനസ്സിലാക്കിയ പത്തിലത്തിൽ പോറ്റിമാർ അദ്ദേഹത്തെ കാവുംഭാഗത്തു വന്ന് താമസിക്കുവാൻ ക്ഷണിച്ചു.പത്തില്ലത്തിൽ പോറ്റിമാർ അന്ന് തിരുവല്ലായിൽ പ്രബലന്മാരായിരുന്നു. അവരുടെ ആഗ്രഹാനുസരണം ഇട്ടിമാത്തൻ കാവു ഭാഗത്ത് കമ്പോളത്തിൽ ഇപ്പോഴത്തെ തെക്കേ പുത്തൻപള്ളിയുടെ (ചാലക്കുഴിപള്ളി) വടക്കുഭാഗത്ത് വന്ന് താമസമുറപ്പിക്കുകയും ചെയ്തു. ഇതു മുതലാണ് ചാലക്കുഴി കുടുംബത്തിന്റെ ഉത്ഭവം

മലങ്കരസഭയുടെ സ്വാതന്ത്രത്തിനും അഭിവൃദ്ധിക്കുവേണ്ടി ചാലക്കുഴി കുടുംബാംഗങ്ങൾ ചെയ്തിട്ടുള്ള സേവനങ്ങൾ വിസ്മരിക്കത്തക്കതല്ല. തിരുവല്ലാ പാലിയേക്കരപള്ളി മതവിദ്വേഷംമൂലം 1815 ൽ ഹിന്ദുക്കൾ തീവച്ച് നശിപ്പിച്ചു. ഈ പരിശുദ്ധ ദേവാലയം നശിപ്പിച്ചവരെ ശിക്ഷിക്കുവാൻ ന്ന് ദിവാനായിരുന്ന കേർണൽ മൺടോയെ കണ്ട് സങ്കട ഉടർത്തിയതും പള്ളി പുതുക്കിപണിയുവാൻ നേതൃത്വം നൽകിയതും നമ്മുടെ പിതാംഹനായ കിഴക്കേവീട്ടിൽ മത്തായി ആണ്. കുടുംബാംഗങ്ങൾ സഹകരിച്ചും നിർല്ലോഭമായ സംഭാവന കൊടുത്തു തിരുവല്ലാ കാവും ഭാഗത്തുള്ള കുടുംബവസ്തുവിൽ 1870 ൽ ഒരു പള്ളി സ്ഥാപിച്ചു. ചാലക്കുഴി പള്ളി എന്ന് അറിയപ്പെട്ടിരുന്ന പ്രസ്തുത പള്ളിയും പുരയിടവും പിന്നീട് സമുദായത്തിന് ദാനമായി നൽകി. കൂടാതെ കുടംബത്തിൽ നിന്നും തുടർച്ചയായി വൈദിക വൃത്തിയ്ക്ക് ഒരു അംഗത്തെ തിരഞ്ഞെടുക്കാറുണ്ടായിരുന്നു. ചാലക്കുഴി പൈനുമൂട്ടിൽ വലിയച്ചൻ (ഗീവറുഗീസ്സ് കത്തനാർ) പൈനുമൂട്ടിൽ കൊച്ചച്ചൻ (ഗീവറുഗീസ് അച്ചൻ ) കിഴക്കേവീട്ടിൽ ശാഖാംഗമായ മലയിലച്ചൻ (സി.എം. ഗീവറുഗീസ്സ് കത്തനാർ) പടിഞ്ഞാറേ വീട്ടിൽ ശാഖാംഗമായ ഹാബീബ് അച്ചൻ (യുഹാക്കീം കത്തനാർ) എന്നിവർ നമ്മുടെ സഭയിലെ വൈദീക ശ്രേഷ്ഠന്മാരായിരുന്നു. തിരുവിതാംകൂർ സർവ്വീസിൽ രജിസ്ട്രേഷൻ ഡയറക്ടറായിരുന്ന കിഴക്കേവീട്ടിൽ ശാഖാംഗം സി.മാത്തൻ ഒരു തികഞ്ഞ സമുദായ സ്നേഹിയായിരുന്നു. ഈ ശാഖയിലെ മറ്റൊരംഗമായ സി.എം മാത്യു വക്കീൽ ഏറെക്കാലം നിരണം ഭദ്രാസന സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്. അദ്ദേഹവും പുളിമൂട്ടിൽ ശാഖാംഗമായ മഹിളാമണി പി.എം മാമ്മനും സഭയ്ക്കുവേണ്ടി ചെയ്തിട്ടുള്ള സേവനങ്ങൾ അതുല്യമാണ്.

കേരളീയരുടെ ഇടയിൽ വളരെ പ്രശസ്തിയാർജിച്ചിട്ടുള്ള ഒരു വ്യക്തിയാണ് പടിഞ്ഞാറേവീട്ടിൽ ശാഖാംഗമായ സി.പി. മാത്തൻ അദ്ദേഹം ചെയർമാനും മാനേജിംഗ് ഡയറക്ടറുമായിരുന്ന നാഷണൽ ക്വയിലോൺ ബാങ്കിനെ അന്നത്തെ തിരുവിതാംകൂർ തിരുവിതാം കൂർ ദിവാനായിരുന്ന സി.പി. രാമസ്വാമി അയ്യർ രാഷ്ട്രീയ വിദ്വേഷംമൂലം തകർത്തതും സി.പി.മാത്തനെ തുറങ്കിലടച്ചതും കുടുംബാംഗങ്ങളെ മാത്രമല്ല സ്വാതന്ത്ര്യ സ്നേഹികളായ കേരളീയരെ ഒന്നടങ്കം ഞെട്ടിപ്പിച്ച സംഭവമാണ്. ജയിൽനിന്നും വിമോചിതനായി വിജശ്രീലാളിതനായി വന്ന അദ്ദേഹത്തെ ലോക സഭാംഗമായി തിരഞ്ഞെടുത്തതും പിന്നീട് ഇന്ത്യയുടെ സ്ഥാനാപതിയായി സുഡാനിൽ നിയമിച്ചതും കുടുംബത്തിന്റെ പ്രശസ്തി വളരെ വർദ്ധിക്കുന്നതിനിടയാക്കിയിട്ടുണ്ട്. മാത്തന്റെ ഇളയ സഹോദരനായ സി.പി. മാമ്മൻ വ്യവസായ രംഗത്ത് പ്രാമുഖ്യം നേടിയിട്ടുള്ള മറ്റൊരു കുടുംബാംഗമാണ്.

വിദ്യാഭ്യാസപരമായി വളരെ മുൻപന്തിയിൽ നിൽക്കുന്ന നമ്മുടെ കുടുംബാംഗങ്ങളിൽ ചിലർ വ്യവസായ വാണിജ്യരംഗത്ത് പ്രമുഖരും മറ്റുചിലർ സർക്കാർ സർവ്വീസിന്റെ ഉന്നത ശ്രേണിയിൽ എത്തിയവരുമാണെന്നത് കുടുംബാംഗങ്ങൾക്ക് അഭിമാനിക്കാവുന്ന കാര്യമാണ്.

കുടുംബത്തിന്റെ ക്ഷേമത്തിനും അംഗങ്ങളുടെ ഐക്യമത്യത്തിനും സഹകരണത്തിനുമായി വർഷംതോറും ചാലക്കുഴി കുടുംബയോഗം നടത്തിവരുന്നുണ്ട്.

അദ്ധ്യായം 1

# മുഖ്യശാഖകൾ

ചാലക്കുഴി കുടുംബത്തിന്റെ സ്ഥാപകപിതാവായ ഇട്ടിമാത്തൻ തന്റെ ഗാഢമായ ദൈവഭക്തിമൂലം ചില സിദ്ധികളുള്ള ഒരു വ്യക്തിയായി ബഹുമാനിക്കപ്പെട്ടിരുന്നു എന്ന് പറയപ്പെടുന്നു. ഒരു സഭാ നേതാവായിരുന്ന ഇദ്ദേഹവും കുടുംബാംഗങ്ങളും നിരണം പള്ളിയിലാണ് ആരാധനയ്ക്കായി പൊയ്ക്കൊണ്ടിരുന്നത്. ഇട്ടിമാത്തൻ മസൂരി രോഗം പിടിപെട്ടു 1800 –ാാംമാണ്ട് നിര്യാതനായി. മൃതദേഹം അടക്കം ചെയ്തത് കിഴക്കേവീട്ടിൽ നിലവറ വാതുക്കൽ കിടന്ന് പ്രാർത്ഥിച്ചശേഷം അവിടെ ഉറങ്ങുമായിരുന്നു എന്നും രാത്രികൊണ്ട് രോഗശമനം ഉണ്ടായിണ്ടെന്നും പറയപ്പെടുന്നു.

ഇട്ടിമാത്തന് നാല് ആൺമക്കൾ ഉണ്ടായിരുന്നു. സീമന്തപുത്രമായ കുഞ്ചെറിയ വേങ്ങൽ താമസിച്ച് പുളിമൂട്ടിൽ മുഖ്യശാഖയുടെ സ്ഥാപകനായി. രണ്ടാമത്തെ മകനായ മത്തായി കമ്പോളത്തിൽ തറവാട്ടിൽ തന്നെ സ്വപിതാവോടു കൂടി താമസിച്ചിരുന്നു. ഇദ്ദേഹമാണ് കിഴക്കേ വീട്ടിൽ മുഖ്യശാഖയുടെ സ്ഥാപക പിതാവ്. മൂന്നാമത്ത് മകൻ ഗീവറുഗീസ് വലിയ പൈനുമൂട്ടിൽ നിന്നും വിവാഹം കഴിച്ച് അവിടെ ദത്തുകയറി. പൈനുമൂട്ടിൽ മുഖ്യശാഖയുടെ ആദ്യപിതാവ് ഇദ്ദേഹം .നാനാലാമത്തെ മകൻ പൗലോസ് കമ്പോളത്തിന്റെ പടിഞ്ഞാറുഭാഗത്ത് താമസമാക്കി പടിഞ്ഞാറേ വീട്ടിൽ മുഖ്യശാഖയുടെ സ്ഥാപകപിതാവായി

**ഇട്ടിമാത്തൻ**

| കുഞ്ചെറിയ<br>പുളിമൂട്ടിൽ<br>മുഖ്യശാഖ | മത്തായി<br>കിഴക്കേവീട്ടിൽ<br>മുഖ്യശാഖ | ഗീവറുഗീസ്<br>പൈനുമൂട്ടിൽ<br>മുഖ്യശാഖ | പൗലോസ്<br>പടിഞ്ഞാറേവീട്ടിൽ<br>മുഖ്യശാഖ |
|---|---|---|---|

## 1. പുളിമൂട്ടിൽ മുഖ്യശാഖയും ശാഖകളും

പുളിമൂട്ടിൽ മുഖ്യശാഖയുടെ സ്ഥാപകനായ കുഞ്ചറിയ എന്ന പിതാവ് കാവുഭാഗത്ത് കല്ലൂർ വീടിനു പടിഞ്ഞാറും കോവൂർ വീടിനു കിഴക്കുമായ പുളിമൂട്ടിൽ പുരയിടത്തിൽ താമസിച്ചു. കുഞ്ചെറിയ കച്ചവടപ്രിയനും അത്യുത്സാഹിയുമായിരുന്നു. ഇദ്ദേഹത്തിന് രണ്ട് ആൺമക്കൾ ഉണ്ടായിരുന്നു. മൂത്തമകൻ പുളിങ്കുന്നിൽ നിന്നും വിവാഹം കഴിച്ച് അവിടെ ദത്തുകയറി. രണ്ടാമത്തെ മകനായ വർക്കി കാവുംഭാഗത്ത് കൊല്ലവന കുടുംബത്തിൽ നിന്നും വിവാഹം കഴിച്ച് പുളിമൂട്ടിൽ താമസിച്ചു.

**കുഞ്ചെറിയ**
(പുളിമൂട്ടിൽ മുഖ്യശാഖ)

| മൂത്തമകൻ | രണ്ടാമത്തെ മകൻ<br>വർക്കി<br>(പുളിമൂട്ടിൽ ശാഖ) |
|---|---|

## 2. കിഴക്കേവീട്ടിൽ മുഖ്യശാഖയും ശാഖകളും

ഇട്ടിമാത്തന്റെ രണ്ടാമത്തെ മകനായ മത്തായി തറവാടായ കിഴക്കേവീട്ടിൽ താമസിച്ചിരുന്നു. ഊർജ്ജസ്വലനും സമുദായ സ്നേഹിയുമായിരുന്ന മത്തായിയുടെ നേതൃത്വത്തിലാണ് തിരുവല്ലാ പാലിയേക്കരപ്പള്ളി പുതുക്കി പണിതത്. മതവിദ്വേഷം മൂലം ഹിന്ദുക്കളിൽ ചിലർ, ആദ്യമുണ്ടായിരുന്ന ഓലമേഞ്ഞ ആരാധനാലയം അഗ്നിക്കിരയാക്കി. തുടർന്ന് മത്തായി എന്ന പിതാവ് തിരുവല്ലായിൽ നിന്നും തിരുവന്തപുരത്തേയ്ക്കു പുറപ്പെട്ടു. അന്ന് ദിവാനായിരുന്ന കേർണൽ മണ്രോയുടെ അടുക്കൽ സങ്കടം ഉണർത്തി കേസുകൊടുക്കുകയും തീ കത്തിച്ച പള്ളിക്കു പകരം കുറ്റകൃത്യം ചെയ്തവരെക്കൊണ്ട് വേറെ പള്ളി പണികഴിപ്പിച്ചു കൊടുക്കാൻ വിധി സമ്പാദിക്കുകയും ചെയ്തു. ഇപ്പോൾ കാണുന്ന പാലിയേക്കര പള്ളി അങ്ങനെ ഹിന്ദുക്കൾ പുതുക്കി പണികഴിപ്പിച്ചിട്ടുള്ളതാ

ണ്. പള്ളിക്കകത്ത് നിലവിളക്കിനു താഴെയാണ് അദ്ദേഹത്തിന്റെ ശവസരീരം അടക്കം ചെയ്തിരിക്കുന്നത്.

ഇദ്ദേഹം നിരണത്തുനിന്നാണ് വിവാഹം കഴിച്ചിരുന്നത്. മത്തായിക്ക് നാലു പുത്രന്മാരും രണ്ടു പുത്രിമാരുമുണ്ടായിരുന്നു. മത്തായിയുടെ ഇളയ സഹോദരനായ ഗീവറുഗീസ്സിന് (പൈനുമൂട്ടിൽ മുഖ്യശാഖ) സന്താനഭാഗ്യമില്ലാതിരുന്നതിനാൽ മത്തായി മൂത്തപുത്രനായ ഗീവറുഗീസിനെ പെനുമൂട്ടിൽ ശാഖയിൽദത്തെടുക്കുകയും അങ്ങനെ ആ ശാഖയുടെ അംഗമായിത്തീരുകയും ചെയ്തു. രണ്ടാമത്തെ മകൻ മാത്തൻ പള്ളിക്കടവിൽ (താമരവേലിൽ) ശാഖയുടേയും മൂന്നാമത്തെ മകൻ കിരിയാൻ പുത്തൻപുരയ്ക്കൽ ശാഖയുടെയും ഇളയ മകൻ ഉമ്മൻ കിഴക്കേവീട്ടിൽ ശാഖയുടേയും ആദ്യപിതാക്കന്മാരാണ്. മത്തായിയുടെ മൂത്ത മകളെ ഇടശ്ശേരിയിൽ വിവാഹം ചെയ്തയച്ചു. ഇളയ മകളെ തിരുവല്ലാ തട്ടാകുന്നേൽ കുടുംബാംഗമായ ഒരാൾ വിവാഹം കഴിച്ച് പൈനുമൂട്ടിൽ തറവാടിന്റെ തെക്കുഭാഗത്തുള്ള വസ്തുവാങ്ങി കൊച്ചു പൈനുമൂട് എന്ന വീട്ടിൽ താമസിച്ചു.

**മത്തായി**
**(കിഴക്കേ വീട്ടിൽ മുഖ്യശാഖ)**

- ഗീവറുഗീസ് പൈനുമൂട്ടിൽ ദത്തുകയറി
- മാത്തൻ (പള്ളിക്കടവിൽ താമരവേലിൽ ശാഖ)
- മകൾ
- കിരിയാൻ (പുത്തൻ പുരയ്ക്കൽ ശാഖ)
- മകൾ
- ഉമ്മൻ (കിഴക്കേ വീട്ടിൽ ശാഖ)

## 3. പൈനുമൂട്ടിൽ മുഖ്യശാഖയും ശാഖകളും

പൈനുമൂട്ടിൽ ദത്തുകയറിയ ഇട്ടി മാത്തന്റെ മൂന്നാമത്തെ പുത്രനായ ഗീവറുഗീസ് സന്താനഭാഗ്യമില്ലാതിരുന്നതിനാൽ തന്റെ ഇളയ സഹോദരനായ മത്തായിയുടെ മൂത്ത പുത്രനായ ഗീവറുഗ്ഗീസിനെ പുത്രനായി സ്വീകരിച്ച് പൈനൂ മൂട്ടിൽ താമസിപ്പിച്ചു. ഇദ്ദേഹമാണ് പൈനുമൂട്ടിൽ ശാഖയുടെ ആദ്യപിതാവ്.

**ഗീവറുഗീസ്**
(പൈനുമൂട്ടിൽ മുഖ്യശാഖ)

ദത്തുപുത്രൻ
കിഴക്കേവീട്ടിൽ മത്തായി
യുടെ മകൻ ഗീവറുഗീസ്
(പൈനുമൂട്ടിൽ ശാഖ)

## 4. പടിഞ്ഞാറേ വീട്ടിൽ മുഖ്യശാഖയും ശാഖകളും

കാവുഭാഗത്ത് കമ്പോളത്തിനു പടിഞ്ഞാറുഭാഗത്ത് താമസമാക്കിയ ഇട്ടിമാത്തന്റെ ഇളയമകനായ പൗലോസ് എന്ന പിതാവിന് മാമ്മൻ എന്നും മാത്തൻ എന്നും പേരുള്ള രണ്ടു പുത്രന്മാരുണ്ടായിരുന്നു. മൂത്തമകനായ മാമ്മൻ തറവാടിനോടു തൊട്ടു തെക്കുവശത്ത് വീടുവച്ച് താമസമാക്കി. ഇളയ മകനായ മാത്തൻ സ്വപിതാവിനോടുകൂടി താമസിച്ചിരുന്നു, മാമ്മൻ പടിഞ്ഞാറേവീട്ടിൽ (എ) ശാഖയുടെയും മാത്തൻ പടിഞ്ഞാറേ വീട്ടിൽ (ബി) ശാഖയുടേയും ആദ്യപിതാക്കന്മാരാണ്.

**പൗലോസ്**
(പുളിമൂട്ടിൽ മുഖ്യശാഖ)


- മാമ്മൻ പടിഞ്ഞാറേ വീട്ടിൽ (എ)ശാഖ
- മാത്തൻ പടിഞ്ഞാറേ വീട്ടിൽ (ബി)ശാഖ

**അദ്ധ്യായം - 2**

## പുളിമൂട്ടിൽ ശാഖ

പുളിമൂട്ടിൽ മുഖ്യ ശാഖയുടെ ആദ്യപിതാവായ കുഞ്ചെറിയായുടെ ഇളയ മകൻ വർക്കികുഞ്ഞ് പുളിമൂട്ടിൽ കുടുംബത്തിൽ തന്നെ കൃഷികാര്യാദികളായി താമസിച്ചു പോന്നു. ഇദ്ദേഹത്തിന് രണ്ട് ആൺ മക്കൾ ഉണ്ടായിരുന്നു. മൂത്തമകൻ ചെറിയാൻ പുളി

മൂട്ടിൽ (എ) ശാഖയുടേയും ഇളയമകൻ മാത്യു പുളിമൂട്ടിൽ (ബി) ശാഖയുടേയും ആദ്യ പിതാക്കന്മാരാണ്.




പുളിമൂട്ടിൽ (എ) ശാഖയുടെ പിതാവായ ചെറിയാൻ പെരുന്തുരുത്തിയിൽ സ്ഥിര താമസമാക്കി ഇദ്ദേഹത്തിന് ഒരു മകൻ മാത്രമേ സന്താനമായിട്ടുണ്ടായിരുന്നുള്ളു. ഏക മകനായ മത്തായി പെരുതുരുത്തി ചെമ്പരത്തുമൂട്ടിൽ കുടുംബാംഗമായ മറിയാമ്മയെ വിവാഹം കഴിച്ച് കുടുംബത്തു താമസിച്ചിരുന്നു. അദ്ധ്യാപകനായിരുന്ന മത്തായി 32 -ാ മത്തെ വയസ്സിൽ നിര്യാതനായി. (പുളിമൂട്ടിൽ ഉപശാഖ) ഇദ്ദേഹത്തിന് ആറു പുത്ര ന്മാരുണ്ടായിരുന്നു.

പുളിമൂട്ടിൽ (ബി) ശാഖയുടെ പിതാവായ മാത്യു എടത്വാ കരുകയിൽ കുടും ബാംഗമായ ഏലിയാമ്മയെ വിവാഹം കഴിച്ച് ആലന്തുരുത്തിയിൽ താമസിച്ചിരുന്നു. (ആ ലന്തുരുത്തി ഉപശാഖ) ഇവർക്ക് രണ്ടുപുത്രന്മാരും രണ്ടു പുത്രിമാരുമുണ്ടായിരുന്നു. മൂത്ത പുത്രി മറിയാമ്മയെ വാകത്താനത്ത് വള്ളാംകടവിൽ കുടുംബത്തിൽ വിവാഹം ചെയ്തയച്ചു. ഇളയപുത്രി കുട്ടിയമ്മയെ വല്യേലിൽ മാമ്മൻ വിവാഹം കഴിച്ചു.




മൂത്തപുത്രൻ അവറാച്ചൻ(പി.എം.ഏബ്രഹാം) തിരുവന്തപുരത്ത് അഡ്വക്കേറ്റ് കെ.പി. എബ്രഹാമിന്റെ കൂടെ ജോലിയായി ദീർഘകാലം കഴിഞ്ഞശേഷം പെരിങ്ങോ ളിൽ വന്നു താമസമാക്കി. (പെരിങ്ങോൾ ഉപശാഖ) കാവുംഭാഗം കയ്യീരിൽ തോമസ്സിന്റെ മകൾ ഏലിയാമ്മയാണ് സഹധർമ്മിണി.

പുളിമൂട്ടിൽ (ബി) ശാഖയിലെ രണ്ടാമത്തെ മകനായ പി.എം ചെറിയാൻ (ചെ റിയാച്ചൻ തിരുവിതാംകൂർ പൊതുമരാമത്തു വകുപ്പിൽ ഡിവിഷനൽ അക്കൗണ്ടന്റായി റിട്ടയർ ചെയ്തശേഷം ആലന്തുരുത്തിയിൽ ചാലക്കുഴിമുറിയിൽ താമസമാക്കി.(ആല ന്തുരുത്തി ഉപശാഖ) കോഴഞ്ചേരി ചെറുകോൽ കയ്യാലത്ത് അന്നമ്മയെയാണ് വിവാഹം കഴിച്ചിരുന്നത്.

### അദ്ധ്യായം 3

## പള്ളിക്കടവിൽ(താമരവേലിൽ ശാഖ)

കിഴക്കേ വീട്ടിൽ മുഖ്യശാഖയുടെ സ്ഥാപക പിതാവായ മത്തായിയുടെ രര ണ്ടാമത്തെ പുത്രമായ മാത്തൻ ആണ് (താമര വേലിൽ) പള്ളിക്കടവിൽ ശാഖയുടെ കാരണവർ. തിരുവല്ലാ പാലിയേക്കര പള്ളിയ്ക്കു പടിഞ്ഞാറ് പള്ളിപ്പാലത്തിനു സമീപം താമസിച്ചിരുന്നതുകൊണ്ട് ഈ ശാഖ പള്ളിക്കടവിൽ ശാഖയായി. അന്നത്തെ തറവാ ടിനു ചുറ്റും താമര ധാരാളമായി ഉണ്ടായിരുന്നതിനാൽ ഈ തറവാടിനെ താമരവേലിൽ എന്ന് അറിയപ്പെട്ടു പോരുന്നു. ഈ ശാഖയുടെ പിതാവായ മാത്തൻ സഭാ പ്രതിനിധി യായി മുളന്തുരുത്തി സുന്നഹദോസിൽ സംബന്ധിച്ചിട്ടുണ്ട്. ഇദ്ദേഹം വിവാഹം കഴിച്ചി രുന്നത് നിരണം വീയപുരത്ത് പുള്ളിപ്പടവിലായ വലിയ പുത്തൻപുരയിൽ കുര്യച്ചന്റെ മൂത്ത മകളായ ആച്ചിയമ്മയെയാണ്. മാത്തന് രണ്ട് ആൺമക്കളും മൂന്ന് പെൺമക്കളും ഉണ്ടായിരുന്നു. മൂത്ത മകൾ ഏലായാമ്മയെ തുമ്പമൺ പള്ളിവാതുക്കൽ വിവാഹം ചെയ്തയച്ചു. രണ്ടാമത്തെ മകൾ ഇളച്ചിക്കുഞ്ഞിന്റെ ഭർത്താവ് മേപ്രാൽ പൂതികോട്ട് പാലാം പള്ളത്തു ചെറിയാനാണ്. മൂന്നാമത്തെ മകൾ അച്ചാമ്മയെ മേപ്രാൽ കണി യാന്ത്ര എരുമപ്പെട്ടി ഇളവിരാലിൽ വിവാഹം ചെയ്തയച്ചു. അച്ചാമ്മയുടെ മകൻ ആർച്ച ബിഷപ്പായിരുന്ന കാലം ചെയ്ത മാർ ഈവാനിയോസ് തിരുമേനിയുടെ സഹോദരിയെ കല്യാണം കഴിച്ചു.




മാത്തന്റെ മൂത്തപുത്ൻ സി.എം മാത്തൻ സ്വപിതാവിനോടൊപ്പം കുടുംബത്തുതന്നെ താമസിച്ച് ഗൃഹകാര്യാദികൾ നോക്കിയിരുന്നു. ഇദ്ദേഹമാണ് താമരവേലിൽ പടിഞ്ഞാറേ ശാഖയുടെ സ്ഥാപകൻ. രണ്ടാമത്തെ പുത്രനായ സി.എം. ചാക്കോ (കട്ടി) തറവാടിന്റെ കിഴക്കേ പുരയിടത്തിൽ വീടുവെച്ച് അവിടെ താമസമാക്കി. താമരവേലിൽ കിഴക്കേ ശഖ ആരംഭിച്ചു.

## താമരവേലിൽ പടിഞ്ഞാറേ ശാഖ

ഈ ശാഖയുടെ പിതാവായ മാത്തൻ കാരയ്ക്കൽ മൂലമണ്ണിൽ ആച്ചിയമ്മയെ വിവാഹം കഴിച്ചു ഈ ദമ്പതികൾക്ക് ഒരു മകനും രണ്ടു പുത്രിമാരും ഉണ്ടായിരുന്നു. മൂത്ത മകളെ വള്ളംകുളം കോയിക്കൽ കണ്ടത്തിൽ ഓഡിറ്റർ മാത്തുച്ചൻ വിവാഹം കഴിച്ചു. രണ്ടാമത്തെ മകളുടെ ഭർത്താവ് പള്ളിവടക്കേതിൽ (ചെന്നിത്തല) പാപ്പികുഞ്ഞാണ്.

മാത്തന്റെ ഏകമകനായ സി.എം മത്തായി (കുഞ്ഞുകുഞ്ഞ്) കൃഷി കര്യാദികളായി പള്ളിക്കടവിൽ തന്നെ താമസിച്ചിരുന്നു (താമരവേലിയിൽ പടിഞ്ഞാറേ ഉപശാഖ) ഇദ്ദേഹം തുമ്പമൺ പുത്തൻ വീട്ടിൽ അച്ചന്റെ മകൾ മറിയാമ്മയെ വിവാഹം കഴിച്ചു. ഈ വിവാഹത്തിലെ ഏക മകൾ ശോശാമ്മ(കുഞ്ഞൂഞ്ഞമ്മ) പള്ളിക്കടവിൽ തറവാട്ടിൽ തന്നെ താമസിക്കുന്നു. മറിയാമ്മ അകാല ചരമം പ്രാപിച്ചതിനുശേഷം സി.എം മത്തായി മുളക്കുഴ മണ്ണിൽ സ്കൂൾ ഇൻസെപ്കടറായിരുന്ന ഐപ്പ് മത്തായിയുടെ സഹോദരി മറിയാമ്മയെ കല്യാണം കഴിച്ചു. ഈ വിവാഹത്തിലും ആൺ മക്കൾ ആരുമില്ലായിരുന്നു. രണ്ടു പുത്രിമാരുണ്ടായിരുന്നതിൽ മൂത്ത പുത്രിയെ മെഴുവേലിലും ഇളയപുത്രിയെ പത്തനാപുരത്തും വിവാഹം ചെയ്തയച്ചു.

## താമരവേലിൽ കിഴക്കേ ശാഖ

ഈ ശാഖയുടെ പിതാവായ സി.എം ചാക്കോ(കുട്ടികുഞ്ഞ്) ദീർഷം കാലം തിരുവല്ല എം.ജി.എം സ്കൂൾ അദ്ധ്യാപകനായിരുന്നു. ഒളശ്ശ മഞ്ചയിൽ കുടുംബാംഗവും തിരുവന്തപുരം ലോ കോളേജ് പ്രിൻസിപ്പലുമായിരുന്ന പത്രോസ് മത്തായിയുടെ സഹോദരി അന്നമ്മയെയാണ് വിവാഹം കഴിച്ചിരുന്നത്. ഇവർക്ക് അഞ്ച് പുത്രന്മാരും നാല് പുത്രിമാരും ഉണ്ടായിരുന്നു. മൂത്ത മകൾ ഡോ. റെയിച്ചൽ സി.ജേക്കബി(പെൺകുട്ടി)

നെ കല്യാണം കഴിച്ചത് ആദിച്ചനല്ലൂർ തച്ചിരഴിയത്ത് ഉമ്മൻ ആണ്. ഇദ്ദേഹം തിരുവിതാംകൂർ പൊതുമരാമത്ത് വകുപ്പിൽ ഡിവിഷണൽ അക്കൗണ്ടന്റായിരുന്നു. കേരളാ സർവ്വീസിൽ പോലീസ് സുപ്രണ്ട് ആയിരുന്ന റ്റി. ഒ ജേക്കബ് ഈ ദമ്പതികളുടെ പുത്രനാണ്.

സി.എം ചാക്കോയുടെ രണ്ടാമത്തെ പുത്രി തങ്കമ്മയെ കോട്ടയത്തെ എരുത്തിക്കൽ എസ്റ്റേറ്റ് ഉടമയായ പാപ്പച്ചൻ കല്യാണം കഴിച്ചു. മുണ്ടക്കയത്തു താമസിക്കുന്നു. ചലച്ചിത്ര ഗായകനായ കെ.ജി മർക്കോസ് തങ്കമ്മയുടെ പൗത്രനാണ്. മൂന്നാമത്തെ പുത്രി കുഞ്ഞമ്മയെ തിരുവല്ലാ കിഴക്കൻമുത്തൂർ പനച്ചമുട്ടത്ത് ഡോ. പി.ഐ. ജോൺ വിവാഹം കഴിച്ചു. നാലാമത്തെ മകൾ കുഞ്ഞഞ്ഞമ്മയെ പുതുപ്പള്ളി മണലും ഭാഗത്ത് മാളികയിൽ കല്യാണം കഴിച്ചയച്ചു.

താമര വേലിൽ കിഴക്കേ ശാഖയിലെ മൂത്തപുത്രനായ ഡോ. മത്തായി സി. ചാക്കോ കുമരകത്ത് വാലാം പറമ്പിൽ ചിന്നമ്മയെ വിവാഹം കഴിച്ച് മുണ്ടക്കയത്ത് താമസമാക്കി. (കനകപ്പലം ഉപശാഖ)

രണ്ടാമത്തെ പുത്രനായ തോമസ് ജേക്കബ് (തോമാച്ചൻ) ദക്ഷിണറയിൽവേയിൽ ഉദ്യോഗസ്ഥനായിരുന്നു, റിട്ടയർ ചെയ്ത ശേഷം തിരുവനന്തപുരത്ത് പാളയത്തിനടുത്ത് സ്ഥിരതാമസമാക്കി. ഇദ്ദേഹം മാവേലിക്കര പള്ളത്ത് ഡോ. ചെറിയാന്റെ മകളെ വിവാഹം കഴിച്ചു. (തിരുവന്തപുരം ഉപശാഖ)

മൂന്നാമത്തെ മകൻ സി.കെ ജേക്കബ് (കുര്യച്ചൻ ) ബി.എ.ബിഎൽ പരീക്ഷ പാസായശേഷം അഭിഭാഷകനായി അല്പകാലം ജോലി നോക്കിയ ശേഷം നാഷണൽ ക്വയിലോൺ ബാങ്കിലും പിന്നീട് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിലും മാനേജരായിരുന്ന റിട്ടയർ ചെയ്തു. നന്തൻകോട്ട് താമസിച്ചിരുന്നു. തിരുവല്ല മേളാപറമ്പിൽ കുടുബാംഗമായ ശോശാമ്മയാണ് സഹധർമ്മിണി. നന്തകോടും ഉപശാഖയുടെ പിതാവാണ് ഇദ്ദേഹം.

സി.എം ചാക്കോയുടെ നാലാമത്തെ പുത്രൻ സി.സി ജോർജ്ജ് (കീവറിച്ചൻ) മേപ്രാൻ പൂതികോട്ട് നെഞ്ചംകണ്ടത്തിൽ തങ്കമ്മയെ വിവാഹം കഴിച്ചു. തിരുവല്ല് എം. ജി.എം ഹൈസ്കൂളിൽ അദ്ധ്യാപകനായിരുന്ന കീവറിച്ചൻ കുറ്റപുഴ താമസമാക്കി (കുറ്റപ്പുഴ ഉപശാഖ)

അഞ്ചാമത്തെ പുത്രനായ സി.ജേക്കബ് (മത്താക്കുട്ടി) അറിയപ്പെട്ട ഒരു പഴയ ഫുട്ബോൾ താരമാണ്. കോട്ടയത്ത് ചക്കാലപറമ്പിൽ കോര മാത്യുവിന്റെ മകൾ സൂസനെ വിവാബം കഴിച്ച് ദീർഘകാലമായി പേരൂർക്കടയിൽ താമസിക്കുന്നു. പേരൂർക്കട ഓർത്തഡോക്സ് പള്ളി നിർമ്മിക്കുന്നതിനു മറ്റും ഇദ്ദേഹം മുൻകൈ എടുത്ത് പ്രവർത്തിച്ചിട്ടുണ്ട്. താമരവേലിയിൽ പേരൂർക്കട ഉപശാഖയുടെ പിതാവാണ് ഇദ്ദേഹം.

അദ്ധ്യായം 4

## പുത്തൻ പുരയ്ക്കൽ ശാഖ

കിഴക്കേ വീട്ടിൽ മുഖ്യശാഖയിലെ മൂന്നാമത്തെ പുത്രനായകിരിയൻ കാവും ഭാഗം കമ്പോളത്തിനു തെക്കുഭാഗത്തുള്ള പുത്തൻപുരയിൽ താമസമാക്കിയതിനാൽ ഈ ശാഖ പുത്തൻ പുരയ്ക്കൽ ശാഖ എന്നറിയപ്പെട്ടുപോന്നു. വെണ്ണിക്കുളത്ത് കക്കുടിയിൽ അക്കാമ്മയാണ് സഹധർമ്മിണി. ഇവർക്ക് രണ്ട് ആൺമക്കളും ആറ് പെൺമക്കളും ജനിച്ചു. മൂത്തപുത്തൻ മത്തായി പുത്തൻപുരയ്ക്കൽ (എ) ശാഖയുടെയും ആദ്യ പിതാക്കന്മാരാണ്.

## കിരിയാൻ
## പുത്തൻപുരയ്ക്കൽ ശാഖ

ഡയഗ്രം

മൂത്തപുത്രിയെ നിരണത്തു വിഴലിൽ കല്യാണം കഴിച്ചയച്ചു. വിഴലിൽ കൊച്ചു പാപ്പിയും ഉണ്ണൂണ്ണിയും പൗത്രന്മാരാണ്. രണ്ടാമത്തെ പുത്രിയെ വിവാഹം കഴിച്ചിരുന്നത് ഒളശ്ശ

കളപ്പുരയ്ക്കൽ കുടുംബത്തിലെ ഒരംഗമാണ്. മൂന്നാമത്തെ പുത്രിയെ പുതുപ്പള്ളി കൊച്ചു പാറേട്ട് കുടുംബത്തിലാണ് കല്യാണം കഴിച്ചയച്ചത്. ഇവരുടെ മകൻ പീലികുഞ്ഞ് വക്കീലായി കോട്ടയത്ത് എക്സിക്യൂട്ടീവ് എൻജിനീയറായിയിരുന്ന ജോർജ് ഫിലിപ്പ് പൗത്രനുമാണ്.

നാലാമത്തെ പുത്രിയെ കല്ലൂപ്പാറ മാരേട്ട് കുടുംബത്തിലെ ഒരംഗമാണ് വിവാഹം കഴിച്ചിരുന്നത്. മാരേട്ടു റമ്പാൻ പുത്രനും കല്ലൂപ്പാറ എം.എൽ.എ. ആയിരുന്ന എം.എം. മത്തായി പൗത്രനുമാണ്. അഞ്ചാമത്തെ പുത്രിയെ കല്യാണം കഴിച്ചയച്ചത് പുത്തൻകാവ് പുത്തൻപുരയ്ക്കൽ കുടുംബത്തിലാണ്. ആറാമത്തെ പുത്രി മറിയാമ്മയെ തിരുവല്ലാ കോവൂർ മേടയിൽ ഐപ്പ് വിവാഹം കഴിച്ചു. കോവൂർ ഐപ്പ് വക്കീൽ മകനും തിരുവല്ലാ പഞ്ചസാര ഫാക്ടറിയുടെ (ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് )സുപ്രണ്ടായിരുന്ന ജി.ഐ. കോവൂർ പൗത്രനുമാണ്.

## പുത്തൻപുരയ്ക്കൽ (എ ശാഖ)

മത്തായി

ഡയഗ്രം

ബി.എ. ബിരുദം നേടിയശേഷം തിരുവിതാംകൂർ സർവ്വീസിൽ മജിസ്ട്രട്ടായിരുന്നു. ഇദ്ദേഹം കുഴിതോട്ടത്തിൽ താമസിച്ചു. കുഴിതോട്ടത്തിൽ ഉപശാഖയുടെ പിതാവായ ഇദ്ദേഹം അടൂർ നെല്ലിമൂട്ടിൽ ചാവടിയിൽ ഫിലിപ്പോസ് മുതലാളിയുടെ സഹോദരി ചേച്ചമ്മയെയാണ്. കല്യാണം കഴിച്ചിരുന്നത്. മൂന്നാമത്തെ പുത്രനായ സി.എം മത്തായി (കൊച്ചുമത്തായി) മല്ലപ്പള്ളി വട്ടശ്ശേരിൽ കുടുംബത്തിൽ നിന്ന് വിവാഹം കഴിച്ച് കല്ലംപ്പറമ്പിലേക്ക് താമസം മാറ്റി ഗൃഹഭരണമായി കഴിഞ്ഞിരുന്നു. കല്ലമ്പറമ്പിൽ ഉപശാഖയുടെ കാരണവരാണ് ഇദ്ദേഹം.

ആദ്യഭാര്യയുടെ മരണശേഷം മത്തായി എന്ന പിതാവ് നിരണം കാരയ്ക്കൽ വെങ്ങാഴിയിൽ തെക്കേതിൽ ഏലിയാമ്മയെ കല്യാണം കഴിച്ചു. ഏക പുത്രി സി.എം. ആച്ചിയമ്മയുടെ ഭർത്താവ് തരുവല്ലാ പുളിമൂട്ടിൽ കുടുംബാംഗമായപി. തര്യൻ ബി.എ തിരുവിതാംകൂർ സർവ്വീസിൽ മജിസ്ട്രേറ്റായിരുന്നു. റിട്ടയർഡ് ഡിസ്ട്രിക്ട് ജഡ്ജി മാവേലിക്കര പോളിച്ചിറക്കൽ മാമ്മൻ തരകൻ ജാമാതാവും ഹിന്ദുസ്ഥാൻ ടൈംസ് എന്ന ദിനപത്രത്തിന്റെ പത്രാധിപർ പി. തര്യൻ പൗത്രനുമാണ്.

മത്തായിയുടെ രണ്ടാം വിവാഹത്തിലെ മൂത്ത പുത്രമായ സി,എം പൗലോസ് ബ്രിട്ടീഷ് സർവ്വീസിൽ പോസ്റ്റ് മാസ്റ്ററായിരിക്കുമ്പോൾ നിര്യാതനായി. മാവേലിക്കര നാടാവള്ളിൽ മലയിൽ മറിയാമ്മയാണ് സഹധർമ്മിണി. റെ. ഫാദർ എൻ.ജി കുര്യൻ ഹെഡ്മാസ്റ്റർ എൻ.ജി നൈനാൽ എന്നിവരുടെ സഹോദരിയാണ് മറിയാമ്മ. പൗലോസിന്റെ നിര്യാണശേഷം ബാര്യയും സന്താനങ്ങളും മവേലിക്കര കല്ലുമലയിൽ താമസമാക്കി. (കല്ലുമല ഉപശാഖ). രണ്ടാമത്തെ മകനായ സി.എം ചാണ്ടി അഷ്ടമുടി ചക്കാലയിൽ നിന്നും കാർത്തികപ്പള്ളിയിൽ താമസമാക്കിയ എൻ.പി. ഫിലിപ്പ് സാറിന്റെ സഹോദരിയെ വിവാഹം ചെയ്ത് മാതൃഗൃഹമായ മാന്നാർ തെക്കേതിൽ താമസമാക്കിയതിനാൽ ഈ ഉപശാഖ തെക്കേൽ ഉപശാഖ തെക്കേൽ ഉപശാഖ എന്ന് അറിയപ്പെടുന്നു. മൂന്നാമത്തെ മകനായ സി.എം മാത്തൻ കരുവാറ്റാ വാഴത്തറയിൽ കുടുംബാംഗമായ ശോശാമ്മയെ വിവാഹം കഴിച്ച് സ്വസഹോദരൻ ചാണ്ടിക്കുഞ്ഞിന്റെ അടുത്ത് മാന്നാർ കുളത്തൂർ വീട്ടിൽ താമസിച്ചു. കുളത്തൂർ ഉപശാഖയുടെ പിതാവാണ് ഇദ്ദേഹം.

ഇളയ മകനായ സി.എം മാത്യു തിരുവല്ലായിൽ ദീർഘകാലം വക്കീലായി പ്രാക്ടീസ് ചെയ്തിരുന്നു. നിരണം ഭദ്രാസന സെക്രട്ടറിയായും തിരുവല്ലാ പാലിയേക്കരപള്ളി ട്രസ്റ്റിയായും സേവനമനുഷ്ടിച്ചിട്ടുള്ള മത്തായിച്ചൻ കുടുംബയോഗത്തിന്റെ സെക്രട്ടറിയായും ദീർഘകാലം പ്രവർത്തിച്ചിട്ടുണ്ട്. കുറ്റാനത്ത് ചാങ്ങേത്തറയിൽ ബാരിസ്റ്റർ സി.ജി. ഇടിച്ചാണ്ടിയുടേയും സി.ജി. ജോർജ് വക്കീലിന്റെയും സഹോദരി കുഞ്ഞൂഞ്ഞമ്മയായിരുന്നു. ഇദ്ദേഹത്തിന്റെ ഭാര്യ തിരുവല്ലാ കാട്ടൂക്കരയിൽ പുത്തൻവീട്ടിൽ താമസമാക്കിയിരുന്നു (പുത്തൻവീട്ടിൽ ഉപശാഖ)

പുത്തൻപുരയ്ക്കൽ (ബി ശാഖ)

ഈ ശാഖയുടെ ആദ്യപിതാവായ കുര്യൻ പുതുപ്പള്ളി കുട്ടൻചിറ കുടുംബാംഗമായ അക്കാമ്മയെ വിവാഹം കഴിച്ച് തിരുവല്ലാ വെൺപാലയിൽ സ്ഥിരതാമസമാക്കി

ഇദ്ദേഹത്തിന് മൂന്നു പുത്രന്മാരും മൂന്നു പുത്രിമാരും ജനിച്ചു.

ഡയഗ്രം

മൂത്തമകൻ സി.പൗലോസ് ബുദ്ധിമാനും തികഞ്ഞ ദൈവഭക്തനും സമുദായ സ്നേഹിയുമായിരുന്നു. ആകാലത്തു ജീവിച്ചിരുന്ന പ്രഗത്ഭന്മാരായ കോവൂർ ഐപ്പ് തോമ്മാ കത്തനാർ, കോവൂർ ഐപ്പ്വക്കീൽ, കറത്താലിൽ കുഞ്ഞ് മുതലായവരായിരുന്നു ബന്ധുക്കളും ആലോചനക്കാരും.

ചാലക്കുഴിയിൽ അച്ചന് ,കുശ്ശിശ്ശാപട്ടം കൊടുക്കുന്നതിനുമുമ്പായി മണലിൽ അച്ചനു ട്ടം കൊടുക്കുന്നതും ഭാവിയിൽ വഴക്കിനും കേസ്സിനും ഇടയാക്കുമെന്നുള്ള തന്റെ അഭിപ്രായത്തെ അവഗണിച്ചതിൽ ദുഃഖിതനായി കുടിയിരുന്ന യോഗത്തിൽ നിന്നും പീലിത്തോസ്സു പറയുന്നതുപോലെ തനിക്കും ഇതിൽ ഒരു പങ്കും ഓഹരിയും ഇല്ലാ എന്നു പറഞ്ഞു ഇറങ്ങിപോകാനിടയായി. എന്നാൽ തന്റെ ഉപദേശം കൂട്ടാക്കാഞ്ഞതിന്റെ ഭവിഷ്യൽഫലം പിന്നീടു അനുഭവിക്കേണ്ടതായി വന്നു. നീണ്ടട പത്തുപതിനെട്ടു വർഷക്കാലം ചാലക്കുഴിയിൽ അച്ചന്റെ അവകാശം സ്ഥാപിച്ചുകിട്ടുന്നതിനുവേണ്ടി പള്ളി അടച്ചിച്ചു മണലിൽ കത്തനാരുമായി വ്യവഹാരം നടത്തേണ്ട ഗതികേടു വന്നും ഭവിച്ചത്. കുടുംബകാര്യങ്ങളിൽ തല്പരനായിരുന്ന ഇദ്ദേഹമാണ് കോടിയാട്ടു കുടുംബത്തിലെ അച്ചന്മാരുമായി പള്ളിവീതത്തിനുള്ള കേസ്സ് സമർത്ഥമായി നടത്തി ചാലക്കുഴി കുടുംബത്തിലെ അച്ചന് അനുകൂലമായി വിധി സമ്പാദിച്ച് വീതം സ്ഥാപിച്ചെടുത്തത്. ചെറുപ്പത്തിൽ തന്നെ പിതാവായ കുര്യൻ നിര്യാതനായതുകൊണ്ട് കുടുംബത്തിന്റെ ചുമതല മുഴുവൻ ഏറ്റെടുത്തു  നടത്തേണ്ട ഭാരം ഇദ്ദേഹത്തിനായിരുന്നു. സഹോദരൻ മാത്തച്ചന്റെ ഉന്നതവിദ്യാഭ്യാസത്തിനും, അക്കാമ്മ, അച്ചാമ്മ, മറിയാമ്മ എന്നീ സഹോദരിമാരുടെ വിവാഹകാര്യത്തിലും കൂടുതൽ ശ്രദ്ധ പതിക്കേണ്ടതായി വന്നതിനാൽ സ്വന്തം കാര്യം വേണ്ടതുപോലെ നോക്കുന്നതിനു സാധിച്ചില്ല. അതിനാൽ മരണാനന്തരം നിസ്സഹായരായി തീർന്ന മത്തായിച്ചനേയും കുഞ്ഞേനച്ചനേയും മാരേട്ടെ തിരുമേനിയുടെ അമ്മ കൂട്ടികൊണ്ടുപോയി തിരുമേനിയുടെ മേൽനോട്ടത്തിൽ അരമനയിൽ വളർത്തപ്പെടുവാൻ ദൈവം സഹായിച്ചു. പൗലോച്ചൻ ആദ്യം വിവാഹം കഴിച്ചിരുന്നത് കാരയ്ക്കൽ മൂലമണ്ണിൽ കുടുംബാംഗമായ ആച്ചിയമ്മയെ ആയിരുന്നു. ഇവരുടെ മരണാനന്തരം കല്ലൂപ്പാറമാരേട്ട് ഏബ്രഹാം മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ സഹോദരി മറിയാമ്മയെ വിവാഹം ചെയ്ത് കല്ലൂങ്കൽ താമസിച്ചിരുന്നു. (കല്ലൂങ്കൽ ഉപശാഖ) പുത്രമാരിൽ മൂത്തതായഅക്കാമ്മയെ പുതുപ്പള്ളി കുഴിമറ്റത്തും രണ്ടാമത്തെ മകൾ അച്ചാമ്മയെ തിരുവല്ലാ മണിയനേട്ടു കണ്ടത്തിലും ഇളയമകൾ മറിയാമ്മയെ വെണ്ണിക്കുളത്ത് മാരിതോട്ടത്തിലും വിവാഹം ചെയ്തയച്ചു.

രണ്ടാമത്തെ മകനായ സി. മാത്തൻ ബി.എ.ബിരുദം കരസ്ഥമാക്കിയശേഷം തിരുവിതാംകൂർ സർവ്വീസിൽ പ്രവേശിക്കയും രജിസ്ട്രഷൻ ഡയറക്ടറായി റിട്ടയർ ചെയ്ത് ദീർഘകാലം തിരുവനന്തപുരത്ത് പട്ടത്തുള്ള സ്വസതിയിൽ താമസിച്ചിരുന്നു. പിന്നീട് തിരുവല്ലാ എസ്. സി. സിമ്മനാരിക്കും വടക്കുള്ള മലയിൽ ബംഗ്ലാവിൽ വന്നു താമസിച്ചു ഇദ്ദേഹമാണ് മലയിൽ ഉപശാഖയുടെ പിതാവ്. സുറിയാനി ക്രിസ്ത്യാനികളുടെ നേതൃനിരയിൽ അറിയപ്പെട്ടുപോന്നിരുന്ന മാത്തൻ ഈശ്വരഭക്തനും സമുദായ സ്നേഹിയുമായിരുന്നു. ചാത്തന്നൂർ കോയിപ്പുറത്ത് യാക്കോബ് മുതലാളിയുടെ ഇളയപുത്രി സാറാമ്മയായിരുന്നു ഭാര്യ തിരുവല്ലാ കോടിയാട്ട് അലക്സാണ്ടർ കോർ എപ്പിസ്കോപ്പായുടെ മാതൃ സഹോദരിയാണ്.

കുര്യന്റെ ഇളയ പുത്രനായ തോമസ്സ് വള്ളംകുളത്ത് മണിയനേട്ടുകണ്ടത്തിൽ ഇരുപ്പൂട്ടിയുടെ മകൾ ആച്ചിയമ്മയെ വിവാഹം കഴിച്ച് ഗൃഹഭരണമായി പുത്തൻപുരയ്ക്കൽ തറവാട്ടിൽ താമസിച്ചിരുന്നു. ഇദ്ദേഹമാണ് പുത്തൻപുരയ്ക്കൽ ഉപശാഖയുടെ പിതാവ്.

അദ്ധ്യായം 5

## കിഴക്കേ വീട്ടിൽ ശാഖ

കിഴക്കേ വീട്ടിൽ ശാഖയുടെ സ്ഥാപക പിതാവായ ഉമ്മൻ കാവുംഭാഗത്ത് കമ്പോള ത്തിൽ കിഴക്കേ വീട്ടിൽ താമസിച്ചിരുന്നു. ഇദ്ദേഹത്തിന് രണ്ടു പുത്രന്മാരും നാലു പുത്രി മാരുമുണ്ടായിരുന്നു.

ഉമ്മൻ

ഡയഗ്രം

ഉമ്മന്റെ മൂത്രപുത്രനായ ഉമ്മൻ മത്തായി തിരുവല്ലാ കുരിശുംകവലയുടെ തെക്കുഭാ ഗത്ത് മലയിൽ താമസിച്ചിതാൻ ഈ ശാഖയ്ക്ക് മലയിൽ ശാഖ എന്ന പേരായി. ഉമ്മന്റെ മൂത്ത പുത്രിയെ കാർത്തികപ്പള്ളി പനച്ചമൂട്ടിലും രണ്ടാമത്തെ പുത്രിയെ മേല്പാടത്തും വിവാഹം ചെയ്തയച്ചു. ഇദ്ദേഹത്തിന്റെ ഇളയ മകനായ യോവേൽ കാവുംഭാഗത്ത് തറ വാട്ടിൽ താമസമാക്കി  കാവുംഭാഗം ശാഖയുടെ പിതാവായിരുന്നു.

## കിഴക്കേ വീട്ടിൽ മലയിൽ ശാഖ

ഡയഗ്രം

അച്ചാമ്മയെ പരുമല അരികപുറത്ത് ചാക്കോ വിവാഹം ചെയ്തു. പരുമല സിമ്മ നാരിക്കുവേണ്ട സ്ഥലം ദാനമായി നൽകിയിട്ടുണ്ട് ഇദ്ദേഹത്തിന്റെ കുടുംബാംഗങ്ങളാണ്. അച്ചാമ്മയ്ക്ക് നാലു പുത്രന്മാരും നാലു  പുത്രിമാരും ഉണ്ടായിരുന്നു.



ഉമ്മൻ മത്തായിയുടെ മൂത്തമകനായ മാത്തൻ കനകപ്പലത്ത് സ്ഥലം വാങ്ങി തിരുവല്ലായിൽ നിന്നും താമസം മാറ്റി കൃഷികാര്യാദികളായി കനകപ്പലത്ത് വസിച്ച് (കനകപ്പലം ഉപശാഖ) മാത്തൻ കുമരകത്ത് കരിമിച്ചേരിൽ കുഞ്ഞാണ്ടമ്മയെ വിവാഹം കഴിച്ചു.

രണ്ടാമത്തെ പുത്രനായ ഗീവറുഗീസ് വൈദിക പട്ടം സ്വീകരിച്ച് ചാലക്കുഴി യിൽ അച്ചൻ എന്ന് അറിയപ്പെട്ടിരുന്നു. തിരുവല്ലാ എം.ജി.എം സ്കൂൾ അദ്ധ്യാപകനാ യിരുന്ന അച്ചൻ തിരുവല്ലാ പാലിയേക്കര, ചാലക്കുഴി പള്ളികളിലും വേങ്ങൽ പള്ളി യിലും ദീർഘകാലം വികാരിയായി സേവന അനുഷ്ഠിച്ചിട്ടുണ്ട്. കുരിശും കവലയ്ക്കു സമീപം നലയിൽ പുരയിടത്തിൽ താമസിച്ചിരുന്ന ഇദ്ദേഹത്തിന്റെ മസ്കിയാമ്മ തിരു വല്ലാ കോങ്കര കുടുംബാംഗമായ മറിയാമ്മ ആയിരുന്നു. (മലയിൽ 1 ഉപശാഖ)

മൂന്നാമത്തെ പുത്രനായ സി.ഒ ഉമ്മൻ (കൊച്ചുപാപ്പി ഗൃഹഭരണമായി തറവാ ട്ടിൽ ചാലക്കുഴി മലയിൽ താമസിച്ചിരുന്നു. മലയിൽ 2 ഉപശാഖയുടെ പിതാവാണ് ഇദ്ദേഹം പുതുപ്പള്ളി തോണിപുരയ്ക്കൽ  കുടുംബാംഗമായ അന്നമ്മയാണ് ഭാര്യ.

കിഴക്കേവീട്ടിൽ കാവുംഭാഗം ശാഖ

ഈ ശാഖയുടെ ആദിപിതാവായ യോവേൽ തകടിയിൽ കുടുംബത്തിൽനിന്നും വിവാഹം കഴിച്ചു. സന്താനഭാഗ്യമില്ലാതെ ഭാര്യ മരിച്ചശേഷം മേപ്രാൽ കണിയാന്ത്ര തോമസ് എൻജിനീയരുടെ സഹോദരി മറിയാമ്മയെ വിവാഹം കഴിച്ചു. ആ വിവാഹത്തിൽ നാലും പുത്രിമാരുണ്ടായി.

### യോവേൽ

(കാവും ഭാഗം ശാഖ)

മൂത്തമകൻ സി.ജെ. ഉമ്മൻ (കൊച്ചുപാപ്പി) തിരുവല്ലാ കാവുംഭാഗത്ത് കിഴക്കേവീട്ടിൽ താമസിച്ച് ഓയിൽ മില്ലും മറ്റും നടത്തിപ്പോന്നു. കുറിച്ചിയിൽ കല്ലാശ്ശേരി താഴത്തേ ടത്തു കുടുംബാംഗമായ മറിയാമ്മയായിരുന്നു സഹധർമ്മിണി. (കാവുംഭാഗം ഉപശാ ഖ)

രണ്ടാമത്തെ മകനായ സി.ജെ. ചാണ്ടി (ഉണ്ണി) കവിയാർ കൊച്ചിയിൽ കുടുംബാംഗമായ അന്നമ്മയെ വിവാഹം കഴിച്ച് കൃഷിയും മറ്റുമായി അഴിയടത്തുചിറയിൽ ഇടച്ചരിയിൽ താമസമാക്കി. ഇടച്ചേരിൽ ഉപശാഖയുടെ പിതാവാണ്. മൂന്നാമത്തെ മകനായ സി.ജെ മാത്യു (മത്തായിച്ചൻ) ദീർഘകാലം സിംഗപ്പൂരിലും നാഗപട്ടാവിലും മറ്റും ജോലിചെയ്തശേഷം നാട്ടിൽ തിരിച്ചെത്തി തിരുവല്ലാ കാട്ടൂക്കരമുറിയിൽ മില്ലിൽ വീട്ടിൽ താമസിച്ച് ഓയിൽമില്ലും തടിവ്യാപാരവും നടത്തിപോന്നിരുന്നു. ചാത്തന്നൂർ കോയിപ്പുറത്ത് തോട്ടത്തിൽ കൊച്ചുചാക്കോ മുതലാളിയുടെ മകൾ കുഞ്ഞൂഞ്ഞമ്മയെ വിവാഹം കഴിച്ചു. (കാട്ടൂക്കര മില്ലിൽ ഉപശാഖ)

മത്തായിച്ചന്റെ അനുജൻ പൗലോച്ചൻ മെക്കാനിക്കൽ എൻജിനീയറിംഗ് വിദ്യാഭ്യാസം കഴിഞ്ഞ് എറണാകുളത്ത് റ്റാറ്റാ ഒയിൽ കമ്പിനിയിൽ പ്രവേശിച്ച് ചീഫ് മെക്കാനിക്കൽ എൻജിനീയറായി റിട്ടയർ ചെയ്ത് എറണാകുളത്ത് താമസിച്ചിച്ചിരുന്നു. വള്ളംകുളത്ത് വാര്യങ്കാട്ടു കണ്ടത്തിൽ ഫിഷറി ഇൻസ്പെക്ടറായിരുന്നു പോത്തച്ചന്റെ മകൾ ചെല്ലമ്മയാണ് ഭാര്യ. പൗലോച്ചന്റെ നിര്യാണശേഷം കുടുംബാംഗങ്ങൾ മുത്തൂർ ചാലക്കുഴി എസ്റ്റേറ്റിലേക്ക് താമസം മാറ്റി. മുത്തൂർ ഉപശാഖയുടെ പിതാവാണ് പൗലോച്ചൻ.

അദ്ധ്യായം 6

## പൈനുമൂട്ടിൽ ശാഖ

പൈനുമൂട്ടിൽ മുഖ്യശാകയുടെ സ്ഥാപക പിതാവായ ഗീവറുഗീസ്സിനു സന്താനഭാഗ്യമില്ലാതിരുന്നതുകൊണ്ട് സ്വസഹോദരനായ മത്തായിയുടെ മകൻ ഗീവറുഗീസ്സിനെ ദത്തുപുത്രനായി സ്വീകരിച്ചു. ഇദ്ദേഹം നിരണത്ത് കിണറ്റുംകര നിന്ന് വിവാഹം കഴിച്ചു. ഗീവറുഗ്ഗീനും (ദത്തുപുത്രൻ) സന്താനമായി ഒരു മകൻ മാത്രമേ ഉണ്ടായിരുന്നുള്ളു, കൃഷിയും ഗൃഹഭരണവുമായി ഇദ്ദേഹം കാവുംഭാഗത്തുള്ള പൈനുമൂട്ടിൽ തറവാട്ടിൽ തന്നെ താമസിച്ചിരുന്നു.

### ഗീവറുഗീസ്

(കിഴക്കേ വീട്ടിൽ കുടുംബാംഗം

പൈനുമൂട്ടിൽ ദത്തുപുത്രൻ

ഡയഗ്രം

ഗീവറുഗീസ് കോഴഞ്ചേരി പ്ളാമൂട്ടിൽ നിന്നും വിവാഹം കഴിച്ചു. ഇദ്ദേഹത്തിനും ഒരു മകനും രണ്ടു പുത്രിമാരും ജനിച്ചു. മൂത്തപുത്രിയെ കാർത്തികപ്പള്ളിയിലും രണ്ടാമത്തെ പുത്രിയെ കുമരകത്തും നല്ലാനിക്കലും വിവാഹം ചെയ്തയച്ചു. ഏകമകൾ ഗീവറുഗീസ് വൈദീകപട്ടം സ്വീകരിച്ചു. ഇദ്ദേഹം ദീർഘകാലം തിരുവല്ലാ പാലിയേക്കര പള്ളിയിൽ വികാരിയായിരുന്ന് പ്രസിദ്ധിയാർജിച്ച പൈനുമൂട്ടിൽ വലിയ അച്ചനാണ്. വലിയച്ചൻ സുറിയാനി പണ്ഡിതനും, മല്പാനും ആയിരുന്നു. പാലക്കുന്നത്ത് മാത്യൂസ്മാർ അത്താനാസിയോസിന്റെ പ്രൈവറ്റ് സെക്രട്ടറിയായി ഇദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. സുറിയാനി സഭ നേരിടേണ്ടി വന്ന വളരെ വിഷമമേറിയ ഒരു കാലഘട്ടത്തിലാണ് വലിയച്ചൻ പാലിയേക്കര പള്ളിയിൽ വികാരിയായിരുന്നത്. കോവൂർ അയ്പ് തോമ കത്തനാർ 1861 ൽ കുരിശാ പട്ടം സ്വീകരിച്ച് തന്റെ പിതൃവ്യനായ ഗീവറുഗീസ്സ് കത്തനാരോടൊന്നിച്ച് (കോവൂർ വലിയച്ചൻ) പാലിയേക്കരപള്ളിയിലാണു ദിവ്യ കർമ്മങ്ങൾ നടത്തിവന്നത്. 1837 മുതൽ നവീകരണത്തിന്റെ ചലനങ്ങൾ സഭയിൽ ആരംഭിച്ചെങ്കിലും അത് ഉഗ്രമായി വീശി തുടങ്ങിയത് ഈ സമയത്താണ്. 1826 ൽ ഏബ്രഹാം മൽപ്പാൻ ഉണ്ടാക്കിയ തക്സ അനുസരിച്ച് ഐപ്പ് തോമാ കത്തനാർ (കോവൂർ കൊച്ചപ്പൻ) പാലിയേക്കരപള്ളിയിൽ ശുശ്രൂഷ നടത്തി. നവീകരണത്തെ രൂക്ഷമായി എതിർത്തു പൈനുമൂട്ടിൽ വലിയ അച്ചനും കോടിയാട്ട് അച്ചനും പ്രവർത്തിച്ചതിന്റെ ഫലമായി ആയിരത്തോളം വീട്ടുകാരുണ്ടായിരുന്ന പള്ളിയിലെ പത്തോ പന്ത്രണ്ടോ കുടുംബങ്ങളെ ഒഴിച്ച് എല്ലാവരേയും സുറിയാനി സഭയുടെ വിശ്വാസത്തിൽ തന്നെ പിടിച്ചു നിർത്തുവാൻ സാധിച്ചു. 1865 ൽ കോടിയാട്ടുകാരുടെ നേതൃത്വത്തിൽ കുറെ വീട്ടുകാർ കട്ടപ്പുറത്തുപള്ളി താമസിച്ച് ആ ഇടവകയിലേക്കു മാറി. പാലിയേക്കര പള്ളിയെ സംബന്ധിച്ചുണ്ടായ വ്യവ

ഹാരത്തിൽ കോവൂർ വലിയച്ചനും ഐപ്പ് തോമാ കത്തനാർക്കും എതിരായി കേസ് നടത്തി വിധി സമ്പാദിച്ചത് വലിയ അച്ചനാണ്.

തിരുവഞ്ചൂർ കുര്യൻ റൈറ്ററുടെ പുത്രി ഏലിയാമ്മയായിരുന്ന ഇദ്ദേഹത്തിന്റെ മസ്ക്കിയാമ്മ.ശ്രീ കുര്യൻ റൈട്ടർ ദീർഘകാലം തിരുവന്തപുരം നക്ഷത്രബംഗ്ളാവിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. പൈനുമൂട്ടിൽ ഉപശാഖയുടെ ആദ്യ പിതാവ് വലിയ അച്ചനാണ്.

അദ്ധ്യായം 7

## പടിഞ്ഞാറേവീട്ടിൽ (എ)ശാഖ

ഡയഗ്രം

പടിഞ്ഞാറേ വീട്ടിൽ താമസമാക്കിയ പൗലോസിന്റെ മകനായ മാമ്മന് ഒരു പുത്രനും അഞ്ചു പുത്രിമാരുമുണ്ടായിരുന്നു. ഏകമകനായ മാമ്മൻ പൗലോസ് ഒരു കർഷക പ്രമാണിയും സമുദായനേതാവുമായിരുന്നു. കുടുംബാംഗങ്ങളുടെ ക്ഷേമത്തിൽ തല്പരനായിരുന്നു ഇദ്ദേഹം എം.ജി എം സ്കൂളിന്റെ ആദ്യകാല ഭരണസമിതിയിൽ അംഗമായിരുന്നു. സുറിയാനി ക്രിസ്ത്യാനികളുടെ നേതൃനിരയിൽ അറിയപ്പെട്ടിരുന്ന പൗലോച്ചൻ വള്ളംകുളത്ത് മോണോത്തു കണ്ടത്തിൽ അന്നമ്മയെയാണ് വിവാഹം കഴിച്ചീരുന്നത്. പിൻകാലത്ത് ക്വയിലോൺ ബാങ്കിന്റെ സെക്രട്ടറിയായിരുന്ന വെണ്ണിക്കുളത്ത് കുടത്തുംമുറിയിൽ കെ.വി വറുഗീസ്സിന്റെ പിതൃസഹോദരിയാണ് അന്നമ്മ.

ഈ ശാഖയിലെ മൂത്തപുത്രിയെ മാമ്മന്റെ സഹോദരൻ മാത്തൻ ദത്തുപുത്രിയായി സ്വീകരിച്ചു മാമ്മന്റെ രണ്ടാമത്തെ പുത്രിയെ കുറ്റൂർ കർത്തോലി കണ്ടത്തിൽ വിവാഹം ചെയ്തയച്ചു. തിരുവല്ലാ നഗരസഭയുടെ ചെർമാനും. എം. ജി.എം ഹൈസ്കൂളിന്റെ മാനേജരായും ദീർഘകാലം പ്രവർത്തിച്ചുപോന്ന പ്രഗത്ഭനായ കൊച്ചുമാമ്മൻ വക്കീലും കെ.എഎം. മാമ്മൻ മാപ്പിളയും അക്കൗണ്ടന്റ് ജനറലായിരുന്ന മാത്തുള്ള മാപ്പിള പൗത്രനുമാണ്. മാമ്മന്റെ മൂന്നാമത്തെ പുത്രിയം ഇരവിപേരൂർ ശങ്കരമംഗലത്തും നാലാമത്തെ പുത്രിയെ മാവേലിച്ചര പോളച്ചിറയ്ക്കും അഞ്ചാമത്തെ പുത്രിയ തലവടി മാമൂട്ടിൽ വിവാഹം ചെയ്തയച്ചു.

ഡയഗ്രം

ഇദ്ദേഹത്തിന്റെ മൂത്ത പുത്രനാണ് ലോക് സഭാംഗമായും പിന്നീട് ഇന്ത്യയുടെ സുഡാൻ സ്ഥാനാപതിയുമായി നിയമിക്കപ്പെട്ട പ്രസിദ്ധിയേറിയ സി.പി. മാത്തൻ, വ്യവസായിക രംഗത്ത് ഒരതികായനും രാഷ്ടീയ സമുദായികരംഗങ്ങളിൽ സ്വന്തം വ്യക്തിമുദ്രപതിപ്പിച്ച ആളുമായിരുന്നു. ഇദ്ദേഹംബി.എ.ബി.എൽ. ബിരുദം നേടിയ ശേഷം കൊല്ലത്ത് അഭിഭാഷകവൃത്തി ആരംഭിച്ചു. ബാങ്കിംഗ് വ്യവസായത്തിൽ തല്പരനായിരുന്ന മാത്തൻ കൊല്ലം കേന്ദ്രമാക്കി 1919 ൽ ക്വയിലോൺ ബാങ്ക് സ്ഥാപിച്ചു, പിന്നീട് നാഷണൽ ബാങ്കുമായി സംയോജിച്ച് നാഷനൽ ക്വയിലോൺ ബാങ്ക് സ്ഥാപിച്ചു. പിന്നീട് നാഷനൽ ബാങ്കുമായി സംയോജിപ്പിച്ച് നാഷനൽ ക്വയിലോൺ ബാങ്ക് സ്ഥാപിച്ചപ്പോൾ മാനേജിംഗ് ഡയറക്ടറായി മദ്രാസിലേക്കു താമസം മാറ്റി. ഇന്ത്യൻ നാഷനൽ കോൺഗ്രസിന്റെ ശാഖയായിരുന്ന തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിന്റെ പ്രവർത്തനങ്ങൾക്ക് ബാങ്കിൽ നിന്നും ധനസഹായം ലഭിക്കുന്നുവെന്ന് മനസ്സിലാക്കിയ തിരുവിതാംകൂർ ദിവാൻ സർ. സി.പി. രാമസ്വാമി അയ്യർ ബാങ്കിനെ നശിപ്പിക്കുവാൻ നഗ്നമായ രീതിയിൽ സർക്കാരിന്റെ ശക്തി പ്രയോഗിച്ചു. തുടർന്ന് ബാങ്ക് ലിക്വിഡേറ്റ് ചെയ്യുകയും മാത്തനെ തുറങ്കിലടക്കുകയും ചെയ്തു. ജയിൽ വിമോചിതനായ ശ്രീ മാത്തൻ ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിൽ അംഗമായി ചേരുകയും തിരുവല്ലാ നിയോജക മണ്ഡലത്തിൽ നിന്നും ലോക്സഭയിലേക്ക് വമ്പിച്ച ഭൂരിപക്ഷത്തോടെ തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. 1960 ൽ ഇന്റർനാഷണൽ ഫെലോഷിപ്പിന്റെ ആംസ്റ്റർഡാം സമ്മേളന

ത്തിൽ പങ്കെടുക്കുവാൻ പാരീസിൽ എത്തിയപ്പോൾ ഹൃദ്രോഗ ബാധിതനായി മരണമ ടഞ്ഞു. കുടുംബങ്ങളിൽ കുറെ പേർക്ക് ബാങ്കിംഗ് സ്ഥാപനത്തിൽ ജോലി കൊടുക്കു ന്നതിനും അംഗങ്ങളുടെ ക്ഷേമൈശ്വര്യങ്ങളിലും മാത്തൻ അതീവ തല്പരനായിരുന്നു. തിരുവല്ലാ പുളിക്കപ്പറമ്പിൽ പി.ഐ. വറുഗീസ് ജഡ്ജിയുടെ സഹോദരി ഏലിയാമ്മയാ യിരുന്നു ഇദ്ദേഹത്തിന്റെ പത്നി. കുറെ നാൾ ഇദ്ദേഹം കാവുംഭാഗത്ത് പുഞ്ചേമഠത്തിൽ താമസിച്ചിരുന്നു. (പുഞ്ചേമഠം ഉപശാഖ)

പൗലോസിന്റെ രണ്ടാമത്തെ മകനായ സി.പി. മാമ്മനും വ്യവസായരംഗത്തെ ഒരു അതികായനായിരുന്നു.കൊല്ലത്തേക്കു താമസം മാറ്റിയ മാമ്മൻ കശുവണ്ടി വ്യാപാര ത്തിലും കയറ്റുമതിയിലും പ്രമുഖനായിരുന്നു. ഓടു വ്യവസായ രംഗത്ത് പ്രാമാണ്യം നേടിയ ഇദ്ദേഹം പല കമ്പനികളുടെയും ചെയർമാനും ഡയറക്ടുമായിരുന്നു. സമു ദായ കാര്യങ്ങളിൽ സജീവമായി പങ്കെടുക്കുകയും കൊല്ലത്ത് സുറിയാനി പള്ളിക്കു വേണ്ട സ്ഥലം വാങ്ങുന്നതിന് നേതൃത്വവും നിർലോഭമായ സഹായവും നൽകുകയും ചെയ്തു. മാമ്മൻ ശങ്കരമംഗലത്ത് മെഴുവേലിൽ കുടുംബത്തിൽ നിന്നും ആദ്യം വിവാഹം കഴിച്ചു. ആദ്യഭാര്യയുടെ മരണശേഷം മാവേലിക്കര പോളച്ചിറയ്ക്കൽ കുടുംബാംഗ മായ തങ്കമ്മയെ വിവാഹം കഴിച്ച് സകുടുംബം കൊല്ലത്ത് സ്ഥിരതാമസമാക്കി( കൊല്ലം ഉപശാഖ)

പൗലോസിന്റെ ഇളയ പുത്രനായ സി.പി. ജേക്കബ് (ചാക്കോച്ചൻ സഹോദര ന്മാരെപ്പോലെ വാണിജ്യരംഗത്ത് പ്രസിദ്ധി ആർജിച്ച ഒരു വ്യക്തിയാണ്. തിരുവല്ലായിൽ കാവുംഭാഗത്ത് തറവാട്ടിൽ താമസിച്ച് ബസ് സർവ്വീസും മറ്റും ബിസിനസ്സുകളും നട ത്തിപോന്നും. സമൂഹ്യ സമുദായീക രംഗങ്ങളിൽ അറിയപ്പെട്ടിരുന്ന ഇദ്ദേഹം അമിച്ച കരി വേങ്ങൽ പുത്തൻവീട്ടിൽ കുഞ്ഞാമ്മയെ വിവാഹം കഴിച്ചു (പടിഞ്ഞാറേ വീട്ടിൽ ഉപശാഖ)

മാമ്മൻ പൗലോസിന്റെ പുത്രിമാരിൽ മൂത്തതായ ഏലിയാമ്മ അടൂർ നെല്ലിമൂ ട്ടിൽ കുടുംബാംഗമായ തോട്ടുവായിൽ തൊമ്മി മുതലാളി വിവാഹം കഴിച്ചു. എം.എസ്, പി. കമാൻഡാന്ററായി റിട്ടയർ ചെയ്ത തോമസ് മുതലാളി പുത്രനും പൊതുമരാമത്തു സുപ്രണ്ട് എൻജിനീയറായിരുന്ന നൈനാൻ കുര്യൻ ജാമാതാവുമാണ്.

രണ്ടാമത്തെ മകൾ അന്നമ്മയെ മാവേലിക്കര പ്ലാംമൂട്ടിൽ പോത്തൻ ജോർജ് (പാപ്പികുഞ്ഞ്) വിവാഹം ചെയ്തു മദ്രാസിൽ ബിസിനസ്സായി പാർക്കുന്ന കുഞ്ഞ് മകനും നിരണം ഇലഞ്ഞിക്കൽ സിറിയക് ജോൺ ജാമാതാവുമാണ്.

മൂന്നാമത്തെ മകൾ ആച്ചികുഞ്ഞിനെ പാലക്കുന്നത്ത് മുള്ളോട്ടിൽ പി.എം. മാത്യു കല്യാണം കഴിച്ചു.

നാലാമത്തെ മകൾ കൊച്ചുമറിയാമ്മയെ കോട്ടയത്തു കുരിശുമൂട്ടിൽ ഐപ്പ് വിവാഹം ചെയ്തു. കേരള പി.ഡബ്ളു.ഡി ചീഫ് എൻജിനീയറായിരുന്ന കെ.ജോർജ് മാത്യുവും എറണാകുളത്ത് വ്യവസായിയായ എം.എം. പുളിമൂടും, വള്ളം കുളത്ത് മുള യ്പനേട്ട് കണ്ടത്തിൽ കുടുംബാംഗമായ ചാർട്ടേഡ് അക്കൗണ്ടന്റ് കെ.ഇ ജോർജും ജാമാ താക്കളാണ്.

അഞ്ചാമത്തെ മകൾ തങ്കമ്മ കോട്ടയത്ത് അഞ്ചേരിൽ എ. വി.മാത്യുവിന്റെ ഭാര്യ യാണ്. കോട്ടയം നഗരസഭാദ്ധ്യക്ഷനും എസ്റ്റേറ്റു ഉടമയായിരുന്ന എ.വി ജോർജിന്റെ സഹോദരനാണ് ഇദ്ദേഹം.

ഇളയമകൾ അച്ചാമ്മ മല്ലപ്പള്ളിൽ പനവേലിൽ കേണൽ ജോസഫിന്റെ പത്നി യാണ്. ഇദ്ദേഹം എം..ബി.ബി.എസ്സ്. പാസായിട്ട് കരസേനയിൽ ചേർന്ന് കേണലായി റിട്ടയർ ചെയ്തു മുണ്ടക്കയത്തു താമസിക്കുന്നു.

അദ്ധ്യായം 8

## പടിഞ്ഞാറേ വീട്ടിൽ (ബി) ശാഖ

പടിഞ്ഞാറേ വീട്ടിൽ മുഖ്യശാഖയുടെ പിതാമഹനായ പൗലോസിന്റെ രണ്ടാ മത്തെ മകനായ മാത്തന് ഒരു മകൻ മാത്രമേ സന്താനമായി ഉണ്ടായിരുന്നുള്ളു. ഏകമ കൾ അച്ചാമ്മയെ തിരുവല്ലാ കോവൂർ അയ്യാത്ത് ഏലിയാസുകുഞ്ഞ് വിവാഹം കഴിച്ചു. അച്ചാമ്മ അധികം പ്രായമാകുന്നതിന് മുൻപുതന്നെ നിര്യാതയായി. അതുകൊണ്ട് കുടും ബകാരണവരായ മാത്തൻ സ്വസഹോദരൻ മാമ്മന്റെ മൂത്തമകളെ ദത്തുപുത്രിയായി സ്വീകരിക്കുകയും പാത്രിയർക്കീസ് ബാവായുടെ മലങ്കപയിലെ ഡെലിഗേറ്റായി വന്ന കുറിലോസ് ബാവായുടെ സഹോദരനായ മൽക്കുദിശായകൊണ്ട് വിവാഹം കഴിപ്പിച്ച് മാത്തന്റെ കൂടെ താമസിപ്പിച്ചു.

മാത്തൻ

ഡയഗ്രം

ഈ ദമ്പതികൾക്ക് ഒറു പുത്രൻ മാത്രമേ ഉണ്ടായിരുന്നുള്ളു. ഏക പുത്രൻ മമൽക്ക് സ്വപിതാവിനോടൊപ്പം കാവും ഭാഗത്തും തറവാട്ടിൽ താമസിച്ച് കൃഷികാര്യങ്ങൾ നോക്കിപോന്നും. വള്ളംകുളം നെടുമ്പ്രോത്തുകണ്ടത്തിൽ കീവറീച്ചന്റെ (യൂണിയൻ ബാങ്ക് മാനേജർ) സഹോദരിയായിരുന്നു മൽക്കീന്റെ ഭാര്യ. പടിഞ്ഞാറേ വീട്ടിൽ (ബി) ഉപശാഖയുടെ പിതാമഹനാണ് ഇദ്ദേഹം.

അദ്ധ്യായം 10

# പുളിമൂട്ടിൽ ശാഖയുടെ ഉപശാഖകൾ

## പുളിമൂട്ടിൽ (എ) ഉപശാഖ

ഈ ഉപശാഖയുടെ പിതാമഹനായ മത്തായിക്ക് ആറു പുത്രന്മാരുമുണ്ടായിരുന്നു.

മത്തായിയുടെ മൂത്ത പുത്രനായ പി.എം മാമ്മൻ പിൽക്കാലതത് ക്രൈസ്തവ മഹിളാമണി പത്രാധിപരായി പ്രസ്ദ്ധനായി തീർന്നു. തിരുവല്ലാ പഞ്ചായത്ത് ജഡ്ജിയും സെക്കന്റ് ക്ലാസ് മജിസ്ട്രേട്ടുമായി ആറുവർഷക്കാലം ഇദ്ദേഹം സേവനമനുഷ്ഠിച്ചു. സമുദായ പ്രമാണിയായിരുന്ന മഹിളാമണി മാമ്മച്ചൻ കോഴ്ഞ്ചേരി നേടുമ്പ്രയാർ പാലോലിൽ മറിയാമ്മയെ വിവാഹം കഴിച്ചു.

രണ്ടാമത്തെ പുത്രനായ പി.എം വർക്കി (ചിന്നക്കുട്ടി) കച്ചവടമായി ദീർഘകാലം ആലപ്പുഴയിൽ താമസിച്ചിരുന്നു. തിരുവല്ലാ ഇടവപ്പറമ്പിൽ ഗീവറുഗീസ്സിന്റെ മകൾ സാറാമ്മയാണ് ചിന്നക്കുട്ടിയുടെ ഭാര്യ. ആലപ്പുഴയിൽ നിന്നും ഇദ്ദേഹവും കുടുംബാംഗങ്ങളും പിന്നീട് വേങ്ങലുള്ള വസതിയിലേക്കു താമസം മാറ്റി.

ഈ ഉപശാഖയിലെ മൂന്നാമത്തെ മകനായ ി.എം ഏബ്രഹാം ആലപ്പുഴയിൽ വ്യാപാരമായി താമസിച്ചിരുന്നു. മല്ലപ്പള്ളിയിൽ കൊച്ചുകുഴിയിൽ കുടുംബാംഗമായ അന്നമ്മയാണ് ഇദ്ദേഹത്തിന്റെ പത്നി.

നാലാമത്തെ പുത്രനായ പി.എം. പൗലോസ് കൃഷി കാര്യാദികളായി വേങ്ങൽ താമസിച്ചിരുന്നു. മല്ലപ്പള്ളി പറക്കാവുങ്കൽ റാഹേലമ്മയെ വിവാഹം കഴിച്ചു.

അഞ്ചാമത്തെ മകനായ പി.എം. തോമസ് (തോമാച്ചൻ) തിരുവല്ലാ പമ്പാ ഷുഗർ ഫാക്ടറിയിൽ ജോലിയായി വേങ്ങൽ താമസിച്ചിരുന്നു. നെടുമ്പ്രയാറ്റിൽ പാലൂർ കുടുംബാംഗമായ അന്നമ്മയാണ് ഇദ്ദേഹത്തന്റെ സഹധർമ്മിണി.

ഈ ഉപശാഖയിലെ ഇളയ പുത്രനായ പി.എം മാത്യു പീരുമേട്ടിൽ എസ്റ്റേറ്റിൽ ജോലിയായിരുന്നു. തിരുവല്ലാതുകലശേര കണ്ടത്തിൽ മാത്തുള്ളയുടെ മകളെ വിവാഹം കഴിച്ചു. സന്താനങ്ങളില്ലാതെ ഇദ്ദേഹം നിര്യാതനായി.

### പി.എം മാമ്മൻ

ഈ ഉപശാഖയിലെ മൂത്തപുത്രനായിരുന്ന മഹിളാമണി മാമ്മന് മൂന്നു പുത്രന്മാരും നാലുപുത്രിമാരും ജനിച്ചു.

ഡയഗ്രം

മൂത്തമകൾ കൊച്ചുമറിയാമ്മ.െ മല്ലപ്പള്ളി മോടയിൽ വറീച്ചന്റെ മകൻ തോമാച്ചൻ വിവാഹം കഴിച്ചു. പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എൻജീനീയർ ജോർജ് തോമസ്, ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ സീനിയർ മാനേജർ റ്റി.തോമസ് തിരുവന്തപുരം മെഡിക്കൽ കോളേജ് പ്രൊഫസർ ഡോ. മാമ്മൻ തോമസ് എന്നിവർ പുത്രന്മാരാണ്. സിവിൽ സർജനായിരുന്ന ഡോ. മാത്യും സഖറിയാ ഡെപ്യൂട്ടി ചീഫ് എൻജിനീയർ ആഞ്ഞിലിവേലിൽ തോമസ് മാത്യു എന്നിവർ ജാമാക്കളുമാണ്.

പി. എം. മാമ്മന്റെ രണ്ടാമത്തെ മകൾ ഏലിക്കുട്ടിയെ കോഴഞ്ചേരി കുറുന്തോട്ടിക്കൽ കീഴുകര മത്തായിക്കുട്ടിയുടെ മകൻ മാത്തുക്കുട്ടി കല്യാണം കഴിച്ചു. ഇന്ത്യൻ ഓവർസീസ് ബാങ്കിലെ ഉദ്യോഗസ്ഥനായ കെ. മാത്യു (അച്ചൻ കുഞ്ഞ്) മകനും കോഴഞ്ചേരി മുളമൂട്ടിൽ കുടുംബാംഗവും പത്തനംതിട്ട ജില്ലയിലം പബ്ളിക്ക് പ്രോസിക്യൂട്ടറായിരുന്ന അഡ്വക്കേറ്റ് ജി.എം. ഇടിക്കുള ജാമാതാവുമാണ്.

മൂത്തമകൻ ഡോ. പി.എം മാത്യു (ബേബി) പാളയംകോട്ടയിൽ ദീർഘകാലം ദന്തഡോക്ടറായിരുന്ന് അവിടെ സ്ഥിരതാമസമാക്കി. മാവേലിക്കര ചെറുകോൽ വടക്കേത്തലയ്ക്കൽ കുഞ്ഞമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് നാലും പുത്രന്മാരും മൂന്നുപുത്രിമാരും ജനിച്ചു. മൂത്തപുത്രി ശാന്തമ്മ ബി.എ. ബിരുദധാരിയാണ്. കൃഷിവ കുപ്പിൽ ഡെപ്യൂട്ടി ഡയറക്ടറായ കോടുകുളഞ്ഞി കണിയാംകുളത്തിൽ കുടുംബാംഗം ഫിലിപ്പ് ശാന്തമ്മയെ വിവാഹം കഴിച്ചു. രണ്ടാമത്തെ മകൾ ഡോട്ടിയെ കാഞ്ഞിരപ്പള്ളി യിൽ പി.സി തോമസ് മുൻകേരളവ്യവസായ മന്ത്രി പി.സി ചാക്കോയുടെ സഹോദരനാണ്. മൂന്നാമത്തെ മകൾ വത്സമ്മ ബി.എ . ബി.എഡ് ബിരുദം നേടിയശേഷം അദ്ധ്യാപി കയായി ജോലി ചെയ്യുന്നു. പത്തനംതിട്ട പുത്തൻവീട്ടിൽ വിവാഹം ചെയ്തയച്ചു. ഡോ. പി.എം മാത്യുവിന്റെ മൂത്തപുത്രൻ സണ്ണി (പി.എം. മാമ്മൻ) ശ്രീവായികുന്നം കോളേ ജിൽ ഫിസിക്കൽ ഡയറക്ടറാണ്. രണ്ടാമത്തെ മകൻ പി.എം. തോമസ് ഇന്ത്യൻ ആർമി യിൽ ക്യാപ്റ്റനായി സേവനം മനുഷ്ഠിക്കവെ അവിവാഹിതനായി മരിച്ചു. മൂന്നാമത്തെ മകൻ തമ്പി ഗൃഹഭരണമായി പാളയം കോട്ടയിൽ താമസിക്കുന്നു. നാലാമത്തെ മക നായ ജീകുട്ടി അവിവാഹിതനാണ്.

ഡോക്ടർ പി.എം മാത്യുവിന്റെ സഹോദരനായ പി.എം ജോർജ് മൂന്നാറിൽ ബിസിനസ്സായി സ്ഥിരതാമസമാക്കിയിരിക്കുന്നു. കോട്ടയത്ത് മറ്റീത്തറ ബിഷപ്പ് എം.എം ജോണിന്റെ സഹോദരിപുത്രി അമ്മുക്കുട്ടിയാണ് ഭാര്യ ഇവർക്ക് അഞ്ചുപുത്രിമാർ മാത്ര മേയുള്ളു. മൂത്തപുത്രി ജെസ്സിയെ വിവാഹം ചെയ്തത് തിരുവല്ലാ പുരയ്ക്കൽ കണ്ട ത്തിൽ കുഞ്ഞിന്റെ മകൻ ബാബുവാണ്. ഇദ്ദേഹം കോന്നിയിൽ ഒരു തോട്ടമുടമയായി താമസിക്കുന്നു. രണ്ടാമത്തെ പുത്രി ആഷകുറിച്ചി കോലത്തുകളത്തിൽ തോപ്പിൽ പുത്തൻപുരയ്ക്കൽ പുന്നൂസിന്റെ മകൻ പുന്നൂസ്സിന്റെ ഭാര്യയാണ്. മൂന്നാമത്തെ പുത്രി ബീനയെ വിവാഹം ചെയ്തത് കോട്ടയത്ത് കാർമേൽ കുര്യന്റെ മകൾ അവറാച്ചനാണ്. നാലാമത്തെ പുത്രി ജീമോൾ (എലിസബത്ത്) അവിവാഹിതയാണ്. അഞ്ചാമത്തെ മകൾ ലത കോന്നി മണ്ണിക്കോയിക്കൽ ജീകുട്ടിയുടെ പത്നിയാണ്.

മഹിളാമണി മാമച്ചന്റെ മൂന്നാമത്തെപുത്രി തങ്കമ്മയെ മാവേലിക്ക പോളച്ചിറ യ്ക്കൽ കുടുംബാഗമായ പാപ്പൻ വിവാഹം കഴിച്ചു. ഇദ്ദേഹം കണ്ണൻദേവൻ കമ്പനി യിൽ ഉദ്യോഗസ്ഥനാണ്.

നാലാമത്തെ പുത്രി അമ്മിണിയെ കുറിച്ചിയിൽ കോലത്തുകളത്തിൽ തോപ്പിൽ കുര്യക്കോസ്കോർ എപ്പിസ്ക്കോപ്പായുടെ മകൻ ജോർജുകുട്ടി വിവാഹം ചെയ്തു. ഇവർക്ക് റോയി, റെൻജി, ഷാജി, ജീബോയ് എന്ന് പേരുള്ള നാലു സന്താനങ്ങളുണ്ട്.

മൂന്നാമത്തെ പുത്രനായ പി.എം മാമ്മൻ (ജോയി) ബി.എ. ബിരുദം എടുത്ത ശേഷം കേന്ദ്രകസ്റ്റംസ് സർവ്വീസിൽ പ്രവേശിച്ച് കസ്റ്റംസ് സുപ്രണ്ടായി റിട്ടയർ ചെയ്ത കളമശ്ശേരിയിൽ താമസിക്കുന്നു. ചെങ്ങന്നൂർ പൂവത്തൂർ കുടുംബാംഗമായിരുന്ന റിട്ട യർഡ് ഡി.ഇ.ഒ.പി.എം അലക്സാണ്ടറുടെ മകൾ മറിയാമ്മ (മേരിക്കുട്ടി) യാണ് സഹ ധർമ്മിണി. ഇവർക്ക് ഒരു പുത്രനും രണ്ടു പുത്രിമാരുമുണ്ട്. മൂത്തപുത്രൻ റോണി ജേണലി സത്തിൽ ബിരുദം നേടിയ ശേഷം (ബി.എ.ബി.ജെ) എറണാകുളത്ത് ബാമർ ആൻഡ് ലോറി എന്ന കമ്പനിയിൽ ഉദ്യോഗസ്ഥനാണു. ബിസിനസ്സ് പ്രമുഖനും കോണ്ട്രാക്ടറു മായ മുളന്തുരത്തി ചാലപ്പുറത്തു സി.വി ജോർജിന്റെ മകൾ ഡാലി ബി.എ ആണ് റോണി യുടെ ഭാര്യ റോണിയുടെ സഹോദരി റേണു തിരുവന്തപുരം മെഡിക്കൽ കോളേജ് വിദ്യാർത്ഥിനിയും റീന എറണാകുളത്ത് കോളേജ് വിദ്യാർത്ഥിനിയുമാണ്.

## പിഎം വർക്കി

ഈ ഉപശാഖയിലെ രണ്ടാമത്തെ മകനായ പി.എം വർക്കിക്ക് ആറു പുത്ര ന്മാരും രണ്ടു പുത്രിമാരുമുണ്ട്. പുത്രിമാരിൽ മൂത്തതായ മറിയാമ്മയെ മല്ലപ്പള്ളി പടി ഞ്ഞാറ്റേതിൽ ദന്തഡോക്ടറായ ജേക്കബ് വിവാഹം ചെയ്തു.

ഡയഫ്രം

ഇളയപുത്രി സാറാമ്മയെ പുളിങ്കുന്നിൽ വിവാഹം ചെയ്തയച്ചു.

പി.എം വർക്കിയുടെ മൂത്തമകനായ തോമസ് സാറാമ്മയെ വിവാഹം കഴിച്ചു വേങ്ങൽ തോമസിക്കുന്നു. ഇവർക്ക് ഒരു പുത്രനും ഒരു പുത്രിയുമാണ് സന്താനങ്ങൾ. ഏക പുത്ര നായ ജോർജ്കുട്ടി അകാലനിര്യാണം പ്രാപിച്ചു. പുത്രി ഡെയിസി അദ്ധ്യാപികയായി

ജോലിചെയ്യുന്നു.

രണ്ടാമത്തെ മകനായ പി.വി മാത്യു(തങ്കച്ചൻ) മല്ലപ്പള്ളിമാളിയേക്കൽ ലാലിയെ കല്യാണം കഴിച്ചു. രണ്ടുപുത്രിമാർ മാത്രമേ സന്താനങ്ങളായുള്ളു. മൂത്തമകൾ സാറാമ്മയ ചെന്നിത്തല പുത്തൻ പറമ്പിൽ ജോസും ഇളയ മകൾ എലിസബേത്തിനെ കോട്ടയത്ത് കാക്കനാട്ടു വീട്ടിൽ പ്രസാദുമാണ് വിവാഹം ചെയ്തിരിക്കുന്നത്.

പി.എം വർക്കിയുട മൂന്നാമത്തെ മകനായ പി.വി വറുഗീസ് (ജോയിക്കുട്ടി) തിരുവല്ലായിൽ ബിസിനസ്സായി താമസിക്കുന്നു. ഭാര്യ അമ്മിണി കാദിബോർഡിലെ ഉദ്യോഗസ്ഥയാണ. ഇവരുടെ മൂത്തമകൾ വർക്കി ബാംഗ്ളൂരിൽ ബിസിനസ്സ് ചെയ്യുന്നു. ആക മകൾ സാറാമ്മയും മറ്റു പുത്രന്മാരായ ജേക്കബും, മാത്യുവും, വിദ്യാർത്ഥികൾ ആണ്.

നാലാമത്തെ പുത്പനായ പി.വി പൗലോസ് തിരുവല്ല പുളിമൂട്ടിൽ ഗൃഹഭരണമായി കഴിയുന്നു. ഗ്രേസിയാണ് ഇദ്ദേഹത്തിന്റെ പത്നി. ജിജി പൗലോസ്. സുജ പൗലോസ്, സിജി പൗലോസ് എന്ന്നു പേരുള്ള മൂന്നു സന്താനങ്ങളുണ്ട്. എല്ലാവരും വിദ്യാർത്ഥികളാണ്.

അഞ്ചാമത്തെ മകനായ പി.എം. ജോൺ കെൽട്രോണിലെ ഉദ്യോഗസ്ഥനായി തിരുവനന്തപുരത്ത് താമസിക്കുന്നു. ഭാര്യ മോളി മല്ലപ്പള്ളി ആനിക്കാട് സ്വദേശിയാണ്. വനിത, കവിത എന്ന രണ്ടു പുത്രമാരുണ്ട്.

ആറാമത്തെ മകനായ പി.എം. ജേക്കബ് എൻജീനീയറാണ്. ബാഗ്ളൂരിൽ ഒരു കമ്പനിയിൽ ഉദ്യോഗസ്ഥനാണ്. സാലിയാണ് ഭാര്യ, ജീനാ, റ്റീനാ, സ്വപ്നാ, ലീനാ എന്ന് നാലു സന്താനങ്ങളുണ്ട്.

**പി.എം ഏബ്രഹാം**

ആലപ്പുഴയിൽ വ്യാപാരമായി കഴിഞ്ഞ അവറാ്ചന് (പി.എം. ഏബ്രഹാം ) രണ്ടു പുത്രന്മാരുണ്ട്.

മൂത്തപുത്രൻ പി.എ മത്തായി( മത്തായിക്കുട്ടി) വേങ്ങൽ പുളിമൂട്ടിൽ താമസിക്കുന്നു. മേരിക്കുട്ടിയാണ് ഭാര്യ. ഇവർക്ക് ഒരു മകനും, മൂന്നു പുത്രിമാരുണ്ട്. പുത്രൻ രാജു വിവാഹം കഴിച്ചിരിക്കുന്നത്. ശാന്തമ്മയെയാണ്. രാജുവിന്റെ സഹോദരിമാരിൽ മൂത്തതിനെ മേപ്രാൽ വിവാഹം ചെയ്തയച്ചു. രണ്ടാമത്തെ സഹോദരി സരസു ഡൽഹിയിൽ ജോലിയായി താമസിക്കുന്നു. ഇളയ സഹോദരി സുജ വിദ്യാർത്ഥിയാണ്.

അവറാച്ചന്റെ ഇളയപുത്രനായ പി.എ. ചെറിയാൽ ശോശാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് അന്നമ്മ, അച്ചാമ്മ എന്ന് രണ്ടു പുത്രിമാരും ഏബ്രഹാം, ജേക്കബ് എന്ന് രണ്ട് പുത്രന്മാരുമുണ്ട്.

**പി.എം. പൗലോസ്**

ഉപശാഖയിലെ നാലാമത്തെ മകനായ പൗലോസിന് ഒരു പുത്രനും ഒരു പുത്രിയും ജനിച്ചു.

ഏകമകൾ മറിയാമ്മയെ മുണ്ടത്താനത്ത് പുത്തൻപറമ്പിൽ ജോസഫ് കല്യാണം കഴിച്ചു. ഏകപുത്രൻ പി.പി. മാത്യു ഒരു അദ്ധ്യാപികയായ റോസാമ്മയെ വിവാഹംകവിച്ചു. ഈ ദമ്പതികളുടെ മൂത്തപുത്രി വത്സമ്മയെ പുന്തലയിൽ ഐസക്കും രണ്ടാമത്തെ മകൾ ശാന്തമ്മയെ ജോയിയും മൂന്നാമത്തെ മകൾ ലീലാമ്മയെ ജേക്കബും വിവാഹം ചെയ്തു. ഇളയ മക്കളായ ലിസ്സിയും ലീമോളും ഡൽഹിയിൽ ജോലിയായി താമസിക്കുന്നു.

**പി.എം. തോമസ്**

ഈ ഉപശാഖയിലെ അഞ്ചാമത്തെമകനായ പി.എം തോമസ്സിന് (തോമാച്ചൻ) രണ്ടു പുത്രന്മാരും മൂന്നു പുത്രിമാരുണ്ടായിരുന്നു

ഡയഫ്രം

മൂത്തപുത്രി മറിയാമ്മയെ തിരുവല്ലാ തുലകശ്ശേരി കുന്നുപുറത്ത് പോത്തൻ പോത്തൻ കല്യാണം കഴിച്ചു. ഇദ്ദേഹം തിരുവല്ലായിൽ മലയാളമനോരമയുടെ പ്രതിനിധിയായിരുന്നു. എറണാകുളത്ത് പനമ്പള്ളി നഗറിൽ പോത്തൻ ആൻഡ് സൺസ് എന്ന സ്ഥാപനത്തിന്റെ ഉടമ പരേതനായ പോത്തൻ (കുഞ്ഞുമോൻ) മറിയാമ്മയുടെ മകനാണ്.

തോമാച്ചന്റെ മൂത്തപുത്രൻ മത്തായി മേപ്രാൽ പ്ലാപറമ്പിൽ സാറാമ്മയെ കല്യാണം കഴിച്ച് വേങ്ങൽ താമസിക്കുന്നു. മത്തായിയുടെ ഏകപുത്രൻ എം മാത്യും ഗൾഫ് രാജ്യത്ത് ജോലി ചെയ്യുന്നു. റോസിയാണ് ഭാര്യ. ഏക പുത്രി അനിയുടെ

ഭർത്താവും വിദേശത്തും ജോലിചെയ്യുന്നു.

തോമാച്ചന്റെ രണ്ടാമത്തെ പുത്രിതങ്കമ്മയെ തിരുവല്ലാ മുത്തൂർ ചേരിയിൽ സ്വർണ്ണവ്യാപാരിയായിരുന്ന കൊച്ച് കുഞ്ഞ് വിവാഹം കഴിച്ചു. ഇവരുടെ രണ്ടുപുത്രന്മാരും വിദേശത്തും ജോലിയായി കഴിയുന്നു.

ഇളയപുത്രനായ കുര്യൻ മല്ലപ്പള്ളി ചാവണിക്കാമണ്ണിൽ കുഞ്ഞൂഞ്ഞിന്റെ മകൾ സാലിയെ വിവാഹം ചെയ്തു. ഇവർക്ക് ജിബു, ജീബാ എന്ന രണ്ടുകുട്ടികളുണ്ട്.

**പെരിങ്ങോൾ ഉപശാഖ (പുളിമൂട്ടിൽ ബി ശാഖ)**

(പുളിമൂട്ടിൽ ബി ശാഖ   താമഹനായ പി.എം. ഏബ്രാഹാമിന് അഞ്ചു പുത്രനാമാരും രണ്ടു പുത്രിമാരും ജനിച്ചു.

മൂത്തമകൾ ഏലിയാമ്മ കോഴഞ്ചേരിയിൽ കോയത്തോടത്ത് കാലായിൽ ഫിലിപ്പിന്റെ ഭാര്യയാണ്. ഇളയമകൾ മറിയാമ്മയെ കല്ലുപ്പാറ താഴത്തെ പീടികയിൽ പുതിയടത്ത് ജോസഫ് വിവാഹം ചെയ്തു. അവറാച്ചന്റെ മൂത്ത പുത്രനായ പി.എം മാത്യു ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി റിട്ടയർ ചെയ്ത് പാലക്കാട് കല്ലേക്കാട്ടിൽ ഗാർഡൻസിൽ താമസിക്കുന്നു, ഭാര്യ സാറാമ്മ (പൊന്നമ്മ) കാവുംഭാഗം കീച്ചേരിൽ കുടുംബാംഗമാണ്.

രണ്ടാമത്തെ പുത്രനായ പി.എ തോമസ് കാവും ഭാഗത്ത് കച്ചവടം നടത്തുന്നു. വാകത്താനത്ത് കൊച്ചുകേരിൽ വർക്കിയുടെ മകൾ കുഞ്ഞൂഞ്ഞമ്മയാണ് ഇദ്ദേഹത്തിന്റെ പത്നി.

മൂന്നാമത്തെ പുത്രനായ പി.എ. എബ്രഹാം കേരളാസർവ്വീസിൽ ഉദ്യോഗസ്ഥനായിരുന്നു. ഇദ്ദേഹത്തിന്റെ സഹധർമ്മിണി തുകലശേരി തോട്ടത്തിൽ വറുഗീസിന്റെ മകൻ മറിയാമ്മയും കേരളാ സർവ്വീസിൽ ഉദ്യോഗസ്ഥയായിരുന്നു ഇരുവരും. റിട്ടയർ ചെയ്തശേഷം പെരിങ്ങോളിൽ താമസിക്കുന്നു. ശ്രീ. ഏബ്രഹാം തിരുവല്ലാ പാലിയേക്കരപള്ളി ട്രസ്റ്റിയായി പ്രവർത്തിക്കുന്നു.

നാലാമത്തെ മകനായ പി.എ വറുഗീസ് കേരളാ പൊതുമരാമത്തു വകുപ്പിലെ ഉദ്യോഗസ്ഥനാണ്. കോഴഞ്ചേരി തേവർ തുണ്ടിയിൽ തൊണ്ടുതറയിൽ തോമസിന്റെ മകൾ ഏലിയാമ്മയെ വിവാഹം കഴിച്ചു. ഏലിയാമ്മ  അദ്ധ്യാപികയാണ്.

ഈ ഉപശാഖയിലെ ഇളയമകനായ പി.എ. ചെറിയാൻ ഓതറ നെല്ലാനിക്കൽ ജോണിന്റെ മകൾ കുഞ്ഞമ്മയെ വിവാഹം ചെയ്തു.

പി.എ.മാത്യു

ഇദ്ദേഹത്തിന് മൂന്നു പുത്രന്മാരും മൂന്നു പുത്രിമാരുമുണ്ട്.

പി.എ. മാത്യു

മൂത്തപുത്രൻ ബാബു മാത്യു കേരള സർവ്വീസിൽ താലൂക്ക് വെൽഫയർ ആഫീസറായി ജോലി ചെയ്യുന്നു.  ആലുവാ തൈപറമ്പിൽ തങ്കമണിയെ വിവാഹം ചെയ്തു ആലുവായിൽ താമസിക്കുന്നു. ഇവർക്ക് ജോജോ, ജോതിസ്സ്, ജിജോ എന്ന് മൂന്നു കുട്ടികളുണ്ട്. മൂത്തപുത്രി സാലി മാത്യു അദ്ധ്യാപികയാണ്. കൽക്കട്ട മെറ്റൽ ബോക്സ് കമ്പനിയിൽ സുപ്രണ്ടായ കിടങ്ങന്നൂർ വിളയശ്ശേരിൽ ചാണ്ടി (ജോയി) യാണ് സാലിയെ വിവാഹം കഴിച്ചിരിക്കുന്നത്. രണ്ടാമത്തെ പുത്രി ലിസ്സി മാത്യു ബാങ്ക് ഓഫീസറാണ്. മാന്നാർ പാവുക്കര മണലിൽ ഫാദർ ജോസ് പെരുമാളിന്റെ മസ്സിയാമ്മയാണ് ലിസ്സി.

രണ്ടാമത്തെ പുത്രനായ രാജു മാത്യു സിവിൽ  സൂപ്പർവൈസറായി ജോലി ചെയ്യുന്നു. കുന്നംകുളം സ്വദേശിയായ ജൂലൈ ആണ് ഇദ്ദേഹത്തിന്റെ സഹധർമ്മിണി. ജോജി മോൻ എന്നു പേരുള്ള രണ്ടുകുട്ടികളുണ്ട്.

മൂന്നാമത്തെ പുത്രനായ  സലിം മാത്യു കേരള സർവ്വീസിൽ ഗ്രാമവികസന ആഫീസറായി ജോലി ചെയ്യുന്നു. ഇദ്ദേഹം അങ്കമാലിയിൽ നിന്നും വിവാഹം ചെയ്തു. ഉഷയാണ് ബാര്യ.

പി.എ. മാത്യുവിന്റെഇളയ പുത്രി പ്രെയ്സി മാത്യുവിനെ കോഴിക്കോട് കസ്റ്റംസ് ഇൻസ്പെക്ടർ ആയിരിക്കുന്ന സെബാസ്റ്റിനാണ് വിവാഹം കഴിച്ചിരിക്കുന്നത്.

പി.എ. തോമസ്

പെരിങ്ങോളിൽ ഉപശാഖയിലെ രണ്ടാമത്തെ പുത്രനായ തോമസിന് നാലു പുത്രന്മാരുണ്ട്.

ഡയഫ്രം

മൂത്തപുത്രൻ പി.റ്റി. എബ്രഹാം അബുദാബിയിൽ എൻജിനീയറായി ജോലി

ചെയ്യുന്നു. കാട്ടൂർ പൊൻവേലിൽ ഏബ്രഹാമിന്റെ മകൾ ലീലാമ്മയാണ് ഭാര്യ. ലീലാമ്മയും അബുദാബിയിൽ ജോലി ചെയ്യുന്നു. ഇവർക്ക് ഷൈനി ഏബ്രഹാം ഷിബു എന്ന് രണ്ട് സന്താനങ്ങളുണ്ട്.

രണ്ടാമത്തെ മകനായ തോമസ് വർഗീസ് കാവും ഭാഗത്ത് കച്ചവടം നടത്തുന്നു. ഇദ്ദേഹം വാകത്താനത്ത് ചാലുവേലിൽ സഖറിയായുടെ മകൾ ഏലിയാമ്മയെ (കുഞ്ഞൂഞ്ഞമ്മ) വിവാഹം കഴിച്ചു. ഒരു മകനും ഒരു മകളും ഉണ്ട്.

മൂന്നാമത്തെ മകൾ തോമസ്, തോമസ് ഗവൺമെന്റ് കോൺട്രാക്ടറാണ്. അവിവാഹിതനാണ്.നാലാമത്തെ മകൻ മാത്യു പി.തോമസ് കോളേജ് വിദ്യാർത്ഥിയാണ്.

**പി.എ. എബ്രഹാം**

പെരിങ്ങോളിൽ താമസമാക്കിയ പി.എ. ഏബ്രാഹംമിന് നാലും സന്താനങ്ങളുണ്ട്. രണ്ടു പുത്രിന്മാരും രണ്ടു പുത്രിമാരും.

**പി.എ ഏബ്രഹാം**

മൂത്തപുത്രി ലിജി ബി.എ.ബി.എ.ബി.എഡ്. ബിരുദവും നേടിയശേഷം കേരളസർവ്വീസിൽ പ്രവേശിപ്പിച്ച് താലൂക്ക് ആഫീസറായി ജോലിചെയ്യുന്നു. ഇരവിപേരൂർ മൂത്തേടത്തു കുടുംബാംഗമായ ഭർത്താവ് എം. എൻ  ജോർജ് എം.എ.തുരുത്തിക്കാട് കോളേജിലെ പ്രഫസറാണ്. രണ്ടാമത്തെ മകൾ ഫീലിപ്പോസ് വിവാഹം ചെയ്തു.

അവറാച്ചന്റെ മൂത്തമകൾ റൂബി ഏബ്രഹാം എം. കോ ബിരുദധാരിയാണ്. ഇളയമകൾ എബി ഏബ്രാഹം കോളേജ് വിദ്യാർത്ഥിയാണ്.

**പി.എ വറുഗീസ്**

ഡയഫ്രം

പി.എ. വറുഗീസിന് മൂന്നുസന്താനങ്ങളുണ്ട്. മൂത്ത മകൻ അബുവറുഗീസ് എം.എസ്. സി. ഡിഗ്രി. പാസ്സായി ഉദ്യോഗസ്ഥനാണ്. രണ്ടാമത്തെ മകൻ ബി.എസ്. സി ബിരുദം സമ്പാദിച്ചശേഷം ബിരുദാനന്തവിദ്യാഭ്യാസത്തിന് ശ്രമിക്കുകയാണ്. ഏകമകൾ മിനി ഏൽസാ കോളേജ് കുമാരിയാണ്.

പുത്രിമാരിൽ ഒന്നാമത്തേതായ ഏലിയാമ്മയെ സോമയിൽ കൺസർവേഷൻ ഡിസ്ട്രിക് ആഫീസറായ കെ.സി ചെറിയാൻ കല്യാണം കഴിച്ചു. രണ്ടാമത്തെ പുത്രി ബി.എ. പാസ്സായ ശേഷം കേരള ഗവൺമെന്റ് ബി.എ. പാസ്സായ ശേഷം കേരള ഗവൺമെന്റ് സർവ്വീസിൽ പ്രവേശിച്ചു. ഇപ്പോൾ വിദ്യാഭ്യാസ ജില്ലയിലെ സുപ്രണ്ടാണ് ഭർത്താവ് തോമസ് ചെറിയാൻ കേരളാ ഗവൺമെന്റ് അഡീഷനൽ സെക്രട്ടറിയായി റിട്ടയർ ചെയ്തു. മൂന്നാമത്തെ പുത്രി അന്നമ്മ ബി.എ ബിരുദധാരിയാണ. അദ്ധ്യാപികയായിരുന്ന അന്നമ്മയെ വിവാഹം കഴിച്ചത് സോയിൽ കൺസർവേഷൻ ഡിസ്ട്രിക് ആഫീസറായ റ്റി. വറുഗീസാണ്. ഇദ്ദേഹം നെടുമ്പ്രത്ത് കാഞ്ഞിരപ്പള്ളിയിൽ ഉണ്ണിയുടെ മകനാണു. നാലാമത്തെ മകൾ സൂസന്നു ബി.എ. പാസ്സായി അദ്ധ്യാപികയായി ജോലി ചെയ്യുന്നു.ഭർത്താവ് മാത്യു ഏബ്രഹാം അദ്ധ്യാപകനാണ്.

പി.സി മാത്യു. ചെറിയാച്ചന്റെ മൂത്തപുത്രനാണ്.  പി.സി മാത്യു റെയിൽവേ ഉദ്യോഗസ്ഥനാണ്. ഭാര്യറോസമ്മ വേങ്ങൽ കോവൂർ (മാറനാട്ടിൽ ) കുടുംബാംഗമാണ്. ഷിബു, ഷീജാ,ഷീബാഎന്ന മൂന്നു കുട്ടികളുണ്ട്.

പി.സി.ഫിലിപ്പ്. രണ്ടാമത്തെപുത്രനായ പി.സി.ഫിലിപ്പ് കോട്ടയം റീജിയനൽ ട്രാൻസ്പോർട്ട് ആഫീസിൽ ഉദ്യോഗസ്ഥനാണ്. പുളിക്കീഴ് തൈക്കടവിൽ റ്റി.കെ മാത്യുവിന്റെ മകൾ ബേബിയെ വിവാഹം ചെയ്തു. ബോബി അദ്ധ്യാപികയാണ്. ഇവർക്ക് ചെറിയാൻ, മാത്യു എന്ന് രണ്ട് പുത്രന്മാരുണ്ട്.

പി.സി. ചെറിയാൻ. മൂന്നാമത്തെ മകനായ ചെറിയാൻ കേരള സിവിൽ സപ്ലൈസ് വകുപ്പിൽ ഉദ്യോഗസ്ഥനാണ്. മുളക്കുഴ കളീക്കൽ കെ.ഒ ജോർജ്ജിന്റെ മകൾ ലില്ലിക്കുട്ടിയാണ് പത്നി. ലില്ലിക്കുട്ടിയും അദ്ധ്യാപികയാണ്. അനു, ബിൻസ്, കുഞ്ഞ് എന്ന് മൂന്ന് പുത്രിമാരുണ്ട്.

തോമസ് ചെറിയാൻ ഇളയ മകനായ തോമസ് ചെറിയാൻ അവിവാഹിതനാണ്. ഗവൺമെന്റ് കരാറുകൾ എടുത്തു നടത്തിപ്പോരുന്നു.

അദ്ധ്യായം 10

## താമരവേലിൽ ശാഖയുടെ ഉപശാഖകൾ

## താമരവേലിൽ പടിഞ്ഞാറേ ഉപശാഖ

ഈ ശാഖയുടെ പിതാമഹൻ സി.എം. മത്തായി (കുഞ്ഞൂഞ്ഞ്) ആണ്.

**സി.എം മത്തായി**

ഡയഗ്രം

മത്തായിയ്ക്ക് ആൺ സന്താനങ്ങളില്ലാതിരുന്നതിനാൽ മൂത്തമകൾ കുഞ്ഞൂഞ്ഞമ്മയെ പള്ളിക്കടവിൽ തറവാട്ടിൽ തന്നെ താമസിപ്പിച്ചു. വെൺപാല തൈപറമ്പിൽ പി.ജെ.തോമസ് തമ്പാൻ കുഞ്ഞൂഞ്ഞമ്മയെ വിവാഹം കഴിച്ച് ദത്തു കയറി. ഈ ദമ്പതികൾക്ക് ഒരു മകനും ഒരു മകളും ജനിച്ചു. മകൾ ശോശാമ്മയെ (കുഞ്ഞുമോൾ) കരവാറ്റാ തുണ്ടുപറമ്പിൽ മാത്യു (ലാലച്ചൻ) വിവാഹം ചെയ്തു. രണ്ടു പുത്രിമാരുണ്ട്.

കുഞ്ഞൂഞ്ഞമ്മയുടെ ഏക മകനായ സി.റ്റി. മാത്യു (കുഞ്ഞ്) ഇലക്ട്രിസിറ്റി ബോർഡിൽ ഉദ്യോഗസ്ഥനാണ്. വള്ളംകുളം കാക്കോളിൽ കണ്ടത്തിൽ മറിയാമ്മ(സൂസി)യാണ് ഇദ്ദേഹത്തിന്റെ ഭാര്യ. രണ്ടു പുത്രിമാർ ഉണ്ട്. കുഞ്ഞ് തിരുവല്ലാ പാലിയേക്കര പള്ളിയുടെ ട്രസ്റ്റി, സെക്രട്ടറി എന്നീ നിലകളിൽ സമുദായ സേവനം ചെയ്തിട്ടുണ്ട്.

## 2. താമരവേലിൽ കനകപ്പലത്ത് ഉപശാഖ

ഈ ഉപശാഖയുടെ സ്ഥാപകനായ മത്തായി സി. ചാക്കോ തിരുവിതാംകൂർ സർവ്വീസിൽ ഡോക്ടറായിരുന്നു. റിട്ടയർ ചെയ്തശേഷം കലകപ്പലത്തു താമസമാക്കിയ ഇദ്ദേഹത്തിന് രണ്ടു പുത്രന്മാരും ഒരു പുത്രിയുമുണ്ട്.

**മത്തായി സി ചാക്കോ**

താമരവേലിൽ കനകപ്പലത്ത് ഉപശാഖ

**ജേക്കബ് ജോയി**

മത്തായി സി. ചാക്കോയുടെ മൂത്തപുത്രനായ ഇദ്ദേഹം ബി.എ.ബി. എൽ. ബിരുദം നേടി പീരുമേട്ടിൽ അഡ്വക്കേറ്റായി താമസിക്കുന്നു. ആലീസ് ജേക്കബ് ആണ് പത്നി. ഒരു പുത്രിയും ഒരു പുത്രനുമുണ്ട്. മെറി ജേക്കബും സുനിൽ ജേക്കബും ഇവർ വിദ്യാർത്ഥികളാണ്.

ജോൺ രാജൻ

രണ്ടാമത്തെ മകനായ ജോൺ രാജൻ പത്തനാപുരം ട്രെയിനിംഗ് കോളേജിൽ പ്രഫസറാണ്. എം.എ. ബിരുദധാരിയായ ഇദ്ദേഹത്തിന്റെ പത്നി അച്ചാമ്മ ( കുഞ്ഞുമോൾ) കൊട്ടാക്കര മാർഡ ഗ്രീഗോറിയോസ് കോളേജിൽ ബോട്ടണി പ്രഫസറാണ്. പത്തനംതിട്ട കിഴക്കേടത്ത് കെ.സി. ഉമ്മന്റെ മകളാണ് അച്ചാമ്മ. അച്ചാമ്മയുടെ സഹോദരൻ ഉമ്മൻ ജേക്കബ് പത്തനംതിട്ട കതോലിക്കേറ്റ് കോളേജ് പ്രഫസറാണ്. ജോൺ രാജന് മിനി മേരി ജോൺ എന്ന പുത്രിയേയുള്ളു. മിനി കോളേജ് വിദ്യാർത്ഥിനിയാണ്.

## 3. താമരവേലിൽ തിരുവന്തപുരം ഉപശാഖ

ഈ ഉപശാഖയുടെ സ്ഥാപക പിതാവായ തോമാച്ചന് (തോമസ് ജെയിക്കബ്) നാലു ആൺ മക്കളും മൂന്നു പെൺമക്കളുമുണ്ട്. തോമാച്ചന്റെ സാമന്തപുത്രിയുടെ ഭർത്താന് എം.എസ്. ഏബ്രഹാം ഇലക്ട്രിസിറ്റി ബോർഡിൽ അക്കൗണ്ടറാണ്. സുശീല വിദേശത്തു ജോലിചെയ്യുന്നു. രണ്ടാമത്തെ പുത്രി ചന്ദ്രയെ വിവാഹം കഴിച്ചിരുന്നത് ഒരു ഹോമിയോപ്പതി ഡോക്ടറായ ജോൺ ആണ്. ഡോക്ടർ ജോൺ അടുത്തകാലത്ത് നിര്യാതനായി ഇളയപുത്രി സരസു നേഴ്സിംഗിൽ ഡിപ്ലോമ നേടിയശേഷം തിരുവന്തപുരത്ത് നേഴ്സിംഗ് സുപ്രണ്ടായി ജോലി ചെയ്യുന്നു. മൂത്തമകനായ രവിയു റോഷനും മദ്ധ്യപ്രദേശ് സർക്കാർ സർവ്വീസിൽ ഉദ്യോഗമായി കഴിയുന്നു. സരസുവിനെ വിവാഹം കഴിച്ചത് സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയിലെ ഉദ്യോഗസ്ഥനായ യോഹന്നാനാണ്. ഇദ്ദേഹം കല്ലൂപ്പാറ അമ്പാട്ടുകുന്നേൽ കുടുബാംഗമാണ്. രണ്ടു പുത്രന്മാരായ രജ്ജിയും കോശിയും വിദ്യാഭ്യാസം തുടർന്നുകൊണ്ടിരിക്കുന്നു.

രണ്ടാമത്തെ മകൻ റോഷന്റെ ഭാര്യ തങ്കമ്മ കൊട്ടാക്കര കൈതക്കുഴിയിൽ കുടുംബാംഗമാണ്. രണ്ട് പുത്രിന്മാരുണ്ട്. വലിയ മാനും കൊച്ചു മോനും.

മൂന്നാമത്തെ മകൻ മോഹന്റെ ഭാര്യ മോനി കേരളാ ഗവൺമെൻര് ജോയിന്റ്

സെക്രട്ടറിയായ പി.റ്റി തോമസ്സിന്റെ മകളാണ്. മോനി ബി.എ. ബിരുദധാരിയാണ്. ഇളയകകൻ റോണിയുടെ പത്നി സുധയും ബി.എസ്.സി ബിരുദധാരിയാണ്. പത്തനംതിട്ട നല്ലാനിക്കുന്നേൽ കുടുംബാംഗമാണ്. രണ്ട് സന്താനങ്ങളുണ്ട്. പുത്രൻ ലെറിനും പുത്രി മെറീനും.

**4. താമരവേലിൽ നന്തൻകോട് ഉപശാഖ**

താമരവേലിൽ നന്തൻകോട് ഉപശാഖയുടെ പിതാമഹനായ കുര്യച്ചന്) സി.കെ ജെയിക്കബ് മൂന്നു പുത്രിമാരും രണ്ടു പുത്രന്മാരും ജനിച്ചു.

സി.കെ ജെയിക്കബ്

(നന്തൻകോട് ഉപശാഖ)

ഡയഫ്രം

സീമന്തപുത്രി ജയയെ മാവേലിക്കര കല്ലുംപുറത്ത് കുടുംബാംഗവും ബി.എച്ച് . ഹൈസ്കൂൾ ഹെഡ്മാസ്റ്ററുമായ ഫിലിപ്പ് സാറിന്റെ മകൻ സി.പി. ഫിലിപ്പ് വിവാഹം ചെയ്തു. ജയയും ഭർത്താവും മലേഷ്യയിൽ അദ്ധ്യാപികരായി ജോലി ചെയ്യുന്നു.

## ബാബു സി ജേക്കബ്

കുര്യച്ചന്റെ മൂത്ത പുത്രനായ ബാബു എൻജിനീയറിംഗിൽ ബിരുദം നേടി ഉദ്യോഗമണ്ഡലിൽ ഫാക്ടറിൽ എൻജീനീയറായിരുന്നു. പിന്നീട് ദീർഘകാലം വിദേശത്ത് ജോലി ചെയ്തശേഷം തിരിച്ച് വന്നു എറണാകുളത്തു താമസിക്കുന്നു. ബാബുവിന്റെ ഭാര്യ ലീന ചെറായി മഴുവഞ്ചേരിൽ വലിയ വീട്ടിൽ എം.സി വർഗീസിന്റെ സീമന്തപുത്രിയാണ്. ഇവർക്ക് ഒരു മകനും ഒരു മകളും ഉണ്ട്.

മകൻ ബിനു സി.ജേക്കബ് എൻജിനീയറിംഗ് വിദ്യാഭ്യാസം പൂർത്തിയാക്കിയിരിക്കുന്നു. പുത്രി അനു കോളേജ് വിദ്യാർത്ഥിയാണ്.

ബാബുവിന്റെ ഇളയസഹോദരി സരോ എം.എ ബി.എഡ് ബിരുദധാരിയാണ്. തിരുവനന്തപുരത്ത് ലയോളസ്കൂളിൽ അദ്ധ്യാപികയാണ്. വെൺമണി കീരിക്കാട്ട് പേരങ്ങാട്ടിൽ പി.പി. കോശിയുടെ മകൻ പുന്നൂസുകുട്ടിയാണ്. സരോയുടെ ഭർത്താവ് ബിരുദാനന്തര ഡിഗ്രിയുള്ള പുന്നൂസുകുട്ടി കേരള സ്റ്റാറ്റിസ്റ്റിക്ക്സ് ബ്യൂറോയിലെ ഉയർന്ന ഉദ്യോഗസ്ഥനാണ്. ഇവർക്കു ഒരു മകനും ഒരു മകളും ഉണ്ട്. മകൻ തിരുവന്തപുരം മെഡിക്കൽ കോളേജിലും മകൾ വിമൻസ് കോളേജിലും വിദ്യാർത്ഥികളാണ്.

## രാജു സി.ജേക്കബ്

കുര്യച്ചന്റെ ഇളയ മകനായ രാജു മെഡിക്കൽ കമ്പനികളുടെ കേരളത്തിലെ പ്രതിനിധിയായി തിരുവന്തപുരത്തു താമസിക്കുന്നു. കോട്ടയത്ത് എരുത്തിക്കൽ ഇ.എം ഉമ്മന്റെ മകൾ രമണിയെ വിവാഹം കഴിച്ചു. രമണി സെൻട്രൽ ബാങ്കിന്റെ തിരുവന്തപുരം ശാഖയിലെ ഉദ്യോഗസ്ഥയാണ്. ഇവർക്ക് മനു, വിനു എന്ന് രണ്ട് കുട്ടികളുണ്ട്.

രാജുവിന്റെ ഇളയ സഹോദരിയായ രമണി ബി, എസ്.സി.ഡിഗ്രി എടുത്ത് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ഉദ്യോഗസ്ഥയാണ്. കേന്ദ്രസർക്കാർ സ്ഥാപനമായ ഐ.എസ്. ആർ.ഒ. യിൽഉദ്യോഗസ്ഥനായ ജോയി സെബാസ്റ്റ്യൻ ആണ് രമണിയുടെ ഭർത്താവ്. ഇരുവരും ജോലിയായി തിരുവന്തപുരത്തു താമസിക്കുന്നു.

താമരവേലിൽ കുറ്റപ്പുഴ ഉപശാഖ

ഈ ഉപശാഖയുടെ കാരണവരായ സി.സി. ജോർജ് (കീവറിച്ചൻ) കുറ്റപ്പുഴയിൽ ഭവനം നിർമ്മിച്ച് താമസമാക്കി. ഇദ്ദേഹത്തിന് മൂന്ന് ആണും ഒരു പെണ്ണും ജനിച്ചു.

**സി.സി ജോർജ്**

**ജേക്കബ് സി.ജോർജ്**

മൂത്ത പുത്രനായ ജേക്കബ് (സണ്ണി) അഞ്ചലിൽ നിന്ന് വിവാഹം കഴിച്ചു. ഭാര്യ റിബേക്കാ കേരള സിവിൽ സപ്ലൈ വകുപ്പിൽ റേഷ്യനിംഗ് ആഫീസറായിരിക്കുന്നു.

ജോളി ജോർജ്

അഞ്ചലിൽ നിന്ന് വിവാഹം കഴിച്ചു കൃഷികാര്യാദികളായി കഴിയുന്നു. ജോളിയുടേയും സഹോദരൻ സണ്ണിയും ഭാര്യമാർ സഹോദരിമാരാണ്.

രാജു സി ജോർജ്

വയനാട്ടിൽ സ്ഥിരതാമസമാക്കിയിരിക്കുന്നു. വിവാഹിതനാണ്.

6 താമരവേലിൽ പേരൂർക്കട ഉപശാഖ

തിരുവന്തപുരം പേരൂർക്കടയിൽ താമസമാക്കി മത്തായിക്കുട്ടിക്ക് (ം.സി ജേക്കബ്) നാലു പുത്രന്മാരും ഒരു പുത്രിയും ഉണ്ട്.

ഡയഗ്രം

**ജോർജ്ജ് മാത്യു**

മൂത്തമകനായ ജോർജ്ജ് മാത്യു കന്യാകുമാരി ജില്ലയിൽപെട്ട മണിയാംകുഴിയിൽ പാലാഴി എസ്റ്റേറ്റിൽ ഉദ്യോഗസ്ഥനാണ്. പൂവക്കുന്നിൽ വറുഗീസിന്റെ മകൾ സാറാമ്മയെ വിവാഹം ചെയ്തു. ഇവർക്ക് രണ്ടു പുത്രിമാരുണ്ട്.

ജേക്കബ് മാത്യു

മൂന്നാമത്തെ മകനായ ജേക്കബ് സ്വസഹോദരനെപ്പോലെ ദോഹയിൽ ഒരു എൻജിനീയറിംഗ് സ്ഥാപനത്തിൽ ജോലി ചെയ്യുന്നു. കുണ്ടറ കൊച്ചുവീട്ടിൽ സാറാ ഗാർഡൻസിൽ സാലി സൂസനെ വിവാഹം കഴിച്ചു.

ബെൻമാത്യു

ഇളയ മകൻ ബെൻ വിദ്യാർത്ഥിയാണു ഏക പുത്രി ആനിയെ ആലപ്പുഴയിൽ ബിസിനസ്സായി താമസിക്കുന്ന ഷാജിമാത്യു വിവാഹം കഴിച്ചു. ഷാജി നിരണം കരിയം പള്ളിയിൽ കെ.കെ വറുഗീസ്സിന്റെ മകനാണ്.

അദ്ധ്യായം 11

## പുത്തൻപുരയ്ക്കൽ (എ)ശാഖയുടെ ഉപശാഖകൾ

ഈ ഉപശാഖയുടെ പിതാവായ സി.എം. പൗലോസിന് ഏഴു പുത്രന്മാരും രണ്ടു പുത്രിമാരുമുണ്ടായിരുന്നു.

സീമന്തപുത്രൻ സി.പി. മാത്യു (കുഞ്ഞ് ) ദീർഘകാലം ബ്രിട്ടീഷ് സർവ്വീസിൽ പോസ്റ്റ് മാസ്റ്ററായിരുന്ന് ഇന്ത്യയുടെ പലഭാഗത്തും സേവനമനുഷ്ടിച്ചിട്ടുണ്ട്. റിട്ടയർ ചെയ്തതിനു ശേഷം കാവുംഭാഗത്ത് കയ്യാലയ്ക്കകത്തു താമസിച്ചിരുന്നു. മേപ്രാൽ കണിയാന്തറ വല്ലത്ത് അച്ചാമ്മയെയാണ് വിവാഹം കഴിച്ചിരുന്നത്.

രണ്ടാമത്തെ പുത്രനായ സി.പി. പീലിപ്പോസ് ( പീലിപ്പോച്ചൻ) വാകത്താനത്തു പഴയാറ്റിങ്കൽ കുടുംബാംഗമായ ശോശാമ്മയെ വിവാഹം കഴിച്ചു. എരുമേലിയിൽ കൃഷികാര്യാദികളായി താമസിച്ചു.

മൂന്നാമത്തെ പുത്രനായ സി.പി. കുര്യൻ (കുര്യാച്ചൻ) എരുമേലിയിൽ സ്ഥിരതാമസമാക്കിയിരുന്നു. തിരുവല്ലാ കരിപ്പായിൽ ഏലിയാമ്മയാണ് ഭാര്യ.

നാലാമത്തെ മകനായ സി.പി. വറുഗീസ് (വറീച്ചൻ) ഗൃഹഭരണമായി കനകപ്പലത്ത് താമസിച്ചിരുന്നു. ഇദ്ദേഹം രണ്ടു വിവാഹം കഴിച്ചിരുന്നു. ആദ്യ ഭാര്യ പെരുമ്പട്ടിമഠത്തിൽ ചാലിൽ റാഹേലമ്മ നിര്യതയായതിനുശേഷം മെഴുവേലിൽ കടവത്തറയിൽ റാഹേലമ്മയെ വിവാഹം കഴിച്ചു. അഞ്ചാമത്തെ മകനായ സി.പി. പൗലോസ് സഹോദരന്മാരോടൊപ്പം എരുമേലിയിൽ കൃഷിയും മറ്റുമായി താമസിച്ചിരുന്നു. മല്ലപ്പള്ളി പടുവേലിൽ കിഴക്കേ കുറ്റിയിൽ ശോശാമ്മയാണ് പത്നി.

ആറാമത്തെ മകനായ സി.പി. മാത്തൻ (പാപ്പി) പൊതുക്കാര്യ പ്രസക്തനും യാക്കോബായ സമുദായ പ്രമാണിയുമായിരുന്നു. ദീർഘകാലമായി കനകപ്പലത്ത് കൃഷിയും മറ്റുമായി താമസിച്ചു. കോഴഞ്ചേരി തൂവോൺ മണ്ണിൽ ഏലിയാമ്മയെ വിവാഹം ചെയ്തു.

ഏഴാമത്തെ മകനായ സി.പി. ജോൺ ( കുഞ്ഞ്) ബർമാ ഷെൽ കമ്പനിയിൽ നിന്നും റിട്ടയർ ചെയ്തു സ്വവസതിയിൽ എറണാകുളത്ത് താമസിക്കുന്നു. പള്ളത്ത് ഇടത്തുപടിക്കൽ കൊന്നയിൽ കുടുംബാംഗമായ ആച്ചിയമ്മയെ വിവാഹം ചെയ്തു.

**സി.പി. മാത്യു**

വള്ളപ്പുരയ്ക്കൽ കുഞ്ഞ് എന്ന് അറിയപ്പെട്ടിരുന്ന സി.പി. മാത്യുവിന് മൂന്നു പുത്രന്മാരും മൂന്നു പുത്രിമാരും ജനിച്ചു.

ഡയഗ്രം

സീമന്ത പുത്രി തങ്കമ്മയെ പെരുമ്പാവൂർ വാഴക്കുളത്ത് കുഞ്ഞപ്പൻ വിവാഹം ചെയ്തു. കുഞ്ഞപ്പൻ  വിവാഹം ചെയ്തു. കുഞ്ഞപ്പൻ ദീർഘകാലം പോസ്റ്റ്മാസ്റ്ററായി ജോലി ചെയ്തിട്ട് റിട്ടയർ ചെയ്തു വാഴക്കുളത്ത് താമസിക്കുന്നു.

രണ്ടാമത്തെ മകൾ അമ്മിണി റെയിൽവേ ബോർഡ് മെമ്പറായിരുന്ന എം. വി

ജേക്കബ് (ഐ. ആർ. എസ്. ഇ.) യുടെ പത്നിയാണ്. ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളേജിന്റെ പ്രിൻസിപ്പലായിരുന്ന പ്രസിദ്ധനായ എ.എം വർക്കിയുടെ പുത്രനാണ് എ.വി ജേക്കബ് ബി.എ. ബിരുദധാരിയായ അമ്മിണിയും ഭർത്താവും ബാംഗ്ളൂരിൽ സ്ഥിര താമസമാക്കിയിരുന്നു.

മൂത്ത മകൻ സി.എം. പോൾ (തമ്പി) എയർ ഇന്ത്യയുടെ സീനിയർ ഫ്ളൈറ്റ് എൻജിനീയറാണ്. ദീർഘകാലം ലണ്ടൻ പട്ടണത്തിൽ ജോലിയായിരുന്ന തമ്പിയും കുടുംബവും ഇപ്പോൾ ബോംബയിലേക്ക് സ്ഥലം മാറി അവിടെ താമസിക്കുന്നു. തിരുവല്ലാ പായിപ്പാട് ചന്ദനപ്പറമ്പിൽ ചാണ്ടിക്കുഞ്ഞിന്റെ മകൾ അമ്മിണിയെ വിവാഹം കഴിച്ചു. ഇവർക്ക് രണ്ടു സന്താനങ്ങളുണ്ട്.

മൂന്നാമത്തെ മകൾ മോളിയെ പള്ളത്ത് ഒറ്റത്തയ്ക്കാൽ ഒ.എ. ഏബ്രാഹാം വിവാഹം കഴിച്ചു. കേരള ഗവൺമെന്റ് പരീക്ഷാ കൺട്രോളറായിരുന്ന ഒ.എ. മാത്യുവിന്റെ സഹോദരനാണ് ഏബ്രഹാം.

രണ്ടാമത്തെ മകൻ കുഞ്ഞുമോൻ ബി.എ. ബിരുദം നേടിയശേഷം പോസ്റ്റൽ ഡിപ്പാർട്ടുമെന്റിൽ ജോലിയായി പ്രവേശിച്ചു. പോസ്റ്റ്മാസ്റ്ററായി വെള്ളൂരിൽ താമസിക്കുന്നു. മല്ലപ്പള്ളി നെടുങ്ങാടപ്പള്ളി കുടുംബാംഗമായ ജോർജ്ജ് കുട്ടിയുടെ മകൾ സാറാമ്മ (സാലി) യാണ് ഭാര്യ. രണ്ടു പുത്രന്മാരുണ്ട്. മൂത്ത പുത്രൻ കോഴിക്കോട് റീജിയനൽ എൻജിനീയറിംഗ് കോളേജിൽ നിന്നും പാസ്സായി ഭാരത് പെട്രോളിയം കമ്പനിയിൽ ട്രെയിനി ആണ്.

സി.പി. മാത്യുവിന്റെ കനിഷ്ഠ പുത്രൻ തങ്കച്ചൻ അവിവാഹിതനാണ്.

സി.പി. ഫിലിപ്പോസ്

ഒരു ഭൂവുടമയായി സി.പി. ഫിലിപ്പോസിന് (പീലിപ്പോച്ചന്) എട്ടു സന്താനങ്ങളുണ്ട്. അഞ്ചു പുത്രിമാരും മൂന്നു പുത്രന്മാരും.

## സി.പി ഫിലിപ്പോസ്

പീലിപ്പോച്ചന്റെ മൂത്ത മകനായ പാപ്പച്ചൻ കനകപ്പലത്ത് തോപ്പിൽ കുടുംബാംഗമായ ചിന്നമ്മയെ വിവാഹം ചെയ്തു. കൃഷിയും മറ്റുമായി കനകപ്പലത്ത് താമസിക്കുന്നു. ഇവർക്ക് നാലു പുത്രന്മാരും മൂന്നു പുത്രിമാരും ജനിച്ചു. പുത്രന്മാരായ വിൽസനും, ജോൺസനും, മത്തായിച്ചനും ഫ്രാങ്കിലിനും വിവാഹിതരാണ്, നാലുപേരും ബിസിനസ്സ് ചെയ്യുന്നു. മൂന്നു പുത്രിമാരേയും വിവാഹം കഴിച്ച് അയച്ചു.

പീലിപ്പോച്ചന്റെ സീമന്തപുത്രി കുഞ്ഞമ്മയെ പെരുമ്പട്ടിയിൽ മഠത്തും ചാലിൽ ഈപ്പൻ വിവാഹം കഴിച്ചു.

രണ്ടാമത്തെ മകനായ തോമാച്ചൻ( സി.പി. തോമസ് എരുമേലിയിൽ താമസമാക്കി. പീടികപ്പറമ്പിൽ ഏലിക്കുട്ടിയാണ് ഭാര്യ. ആറ് പുത്രന്മാരും ഒരു പുത്രിയും ഉണ്ട്. മൂത്തമകൻ തോമസ് ഫിലിപ്പ് ഡൽഹിയിൽ ബിസിനസ്സായിരുന്നു. നാലു സന്താനങ്ങളുണ്ട്. രണ്ടാമൻ സി.റ്റി മൽക്കച്ചൻ ഇന്ത്യൻ നേവിയിൽ ഉദ്യോഗസ്ഥനാണ്. രണ്ടു കുട്ടികളുണ്ട് മൂന്നാമൻ തോമസ് മാത്യു ഡൽഹിയിൽ ബിസിനസ്സായി കഴിയുന്നു. രണ്ടു സന്താനങ്ങളുണ്ട്. നാലാമൻ സി.റ്റി.തോമസ് ഹരിയാനയിൽ ജോലിയായി താമസിക്കുന്നു. ഒരു പുത്രനുണ്ട്. അഞ്ചാമൻ സി.റ്റി.ജേക്കബ് ഡൽഹിയിൽ ബിസിനസ്സായി കഴിയുന്നു. ആറാമൻ തോമസ് സി. പൗലോസും സ്വസഹോദരങ്ങളോടുകൂടി ഡൽഹിയിൽ ബിസിനസ്സായി താമസിക്കുന്നു. തോമാച്ചന്റെ ഏക പുത്രി കുഞ്ഞുമോളെ കനകപ്പലത്ത് മഞ്ഞാങ്കൽ സെബാസ്റ്റ്യൻ വിവാഹം കഴിച്ചു. കൃഷിയും മറ്റുമായി കനകപ്പലത്തു താമസിക്കുന്ന സെബാസ്റ്റ്യനും കുഞ്ഞുമോൾക്കും അഞ്ചുപുത്രിമാർ ജനിച്ചു.

പീലിപ്പോച്ചന്റെ രണ്ടാമത്തെപുത്രി ചിന്നമ്മയെ റാന്നിയിൽ കണ്ണാടിക്കൽ ഉണ്ണൂണ്ണി വിവാഹം കഴിച്ചു.

മൂന്നാമത്തെ പുത്രി തങ്കമ്മയെ നാറാണം മൂഴി വാളിയക്കൽ കുഞ്ഞച്ചൻ വിവാഹം കഴിച്ചു. നാലമത്തെ പുത്രി സാറാമ്മയെ അയിരൂർ കോടിയാട്ടു കുടുംബത്തിൽ വിവാഹം ചെയ്തയച്ചു.

അഞ്ചാമത്തെ പുത്രി മോനിക്കുട്ടി സ്വഭർത്താവിനോടുകൂടി മദ്രാസിൽ സ്ഥിര താമസമാക്കി. മേപ്രാൽ കണിയാന്ത്ര കുടുംബാംഗമായ ജേക്കബ് (ബേബി) യാണ് ഭർത്താവ്.

ഇളയ മകനായ സി.പി. ജേക്കബ് (ബേബി) കനകപ്പലത്ത് കൃഷികാര്യാദികളായി താമസിക്കുന്നു. പുന്നവേലി കടമാംകുഴിയിൽ കുഞ്ഞൂഞ്ഞമ്മയെയാണ് വിവാഹം കഴിച്ചത്.

ഇവർക്ക് മൂന്നു പുത്രിമാരുമുണ്ട്.

സി.പി.കുര്യൻ എരുമേലിയിൽ താമസമാക്കിയ കുര്യച്ചന് (സി.പി കുര്യൻ) ആറ് ആൺമക്കളും മൂന്നു പെൺമക്കളും ഉണ്ട്.

ഡയഗ്രം

കുര്യച്ചന്റെ മൂത്തപുത്രൻ പി.കെ പൗലോസ് എരുമേലിയിൽ ബി.റ്റി കോളേജ് എന്ന ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രിൻസിപ്പാൾ ആണ്. കനകപ്പലത്ത് വലിയ പറമ്പിൽ മത്തായി സാറിന്റെ മകൾ ഗ്രേസിക്കുട്ടിയാണ് ഭാര്യ. രണ്ടു പുത്രന്മാരുണ്ട്. മൂത്തമകൻ റഞ്ചി ബോംബയിൽ ജോലിയായിരിക്കുന്നു. ഇളയമകൻ സജി ഗവർമെന്റ് കോൺട്രാക്ടറാണ്.

രണ്ടാമത്തെ മകൻ പി.കെ ചെറിയാൻ (തമ്പി) ഭിലായ് ഉരുക്കുനിർമ്മാണ ഫാക്ടറിയിൽ ഉദ്യോഗസ്ഥനാണ്. റാന്നി കീക്കൊഴൂർ മാടത്തേടത്ത് കുഞ്ഞിന്റെ മകൾ തങ്കമ്മയെയാണ് വിവാഹം കഴിച്ചത്. ഇവർക്ക് നാലു പുത്രന്മാരും ഒരു പുത്രിയുമുണ്ട്. മൂത്തമകൻ ലാലും രണ്ടാമൻ അനിയൻകുഞ്ഞും മൂന്നാമൻ ജോളിയും ജോലിയായി മാതാപിതാക്കന്മാരോടുകൂടി ഭിലായിയിൽ താമസിക്കുന്നു. ഇളയമകനായ ഷാജിയും ഏകപുത്രിയും വിദ്യാർത്ഥികളാണ്.

മൂന്നാമത്തെ മകനായ ബേബി (പി.കെ. ഫിലിപ്പോസ്) ഭിലായിയിൽ ജോലി ചെയ്യുന്നു. കോഴഞ്ചേരി മണ്ണിൽ കുട്ടിസാറിന്റെ മകൾ തങ്കമ്മയാണ് ഭാര്യ. മൂന്നു സന്താനങ്ങളുണ്ട്. മൂത്തമകൻ ഭിലായിയിൽ ഉദ്യോഗത്തിലാണ്. ഏകമകളായ ഷൈനിയും ഇളയ സഹോദരൻ ഷിബുവും വിദ്യാർത്ഥികളാണ്.

കുര്യച്ചന്റെ നാലാമത്തെ മകനായ സി.കെ ജോസഫ് (കൊച്ചു കൊച്ച് ) ഗൃഹഭരണമായി ഇലംപള്ളിയിൽ താമസിക്കുന്നു. പമ്പാവാലി രൂകുഴിയിൽ ജോർജ്ജ് സാറിന്റെ മകൾ കുഞ്ഞുമോളെയാണ് കല്യാണം കഴിച്ചിരിക്കുന്നത് . നാലു സന്താനങ്ങളുണ്ട്. പുത്രനായ മനോജും കൊച്ചുമോനും, പുത്രിമാരായ ലതയും കവിതയും വിദ്യാർത്ഥികളാണ്.

അഞ്ചാമത്തെ മകനായ ജോണി ( ജോൺ കുര്യൻ) കൃഷിയും മറ്റുമായി കനകപ്പലച്ച് താമസിക്കുന്നു. അയിരൂർ കുറ്റിക്കണ്ടത്തിൽ സൂസമ്മയെ കല്യാണം കഴിച്ചു. ഒരു പുത്രിയും മൂന്നു പുത്രന്മാരുമുണ്ട്. മൂത്ത മകനായ റോയിയും രണ്ടാമൻ ഷാജിയും മൂന്നാമൻ കൊച്ചുമോനും നാലാമത്തെ പുത്രി സുനുവും സ്കൂളിൽ പഠിക്കുകയാണ്.

കുര്യച്ചന്റെ കനിഷ്ഠ പുത്രനായ പി.കെ മാതയു (ഉണ്ണൂണ്ണി) മദ്ധ്യപ്രദേശ് ഇലക്ട്രിസിറ്റി ബോർഡിൽ ഉദ്യോഗസ്ഥനാണ്. പാമ്പാടി കരിമ്പിൽ കുര്യച്ചന്റെ മകൾ ശാന്തമ്മയെയാണ് ഭാര്യ. രണ്ട് ആൺമക്കളുമുണ്ട്. സഞ്ചുവും സില്ലുവും സ്കൂളിൽ പഠിക്കുന്നു.

കുര്യച്ചന്റെ മൂത്തമകൾ തങ്കമ്മയെ വിവാഹം കഴിച്ചതും കാർത്തികപ്പള്ളിയിൽ കണ്ണാടിശ്ശേരിൽ കുടുംബാംഗമായ ഡോക്ടർ വറുഗീസ് ഫിലിപ്പാണ് . ഇവർക്ക് മൂന്ന് ആൺമക്കളും രണ്ടു പെൺമക്കളും ഉണ്ട്.

രണ്ടാമത്തെ മകൾ ഏലിക്കുട്ടിയെ മല്ലപ്പള്ളി മോടയിൽ എം.ഐ. ജെയിക്കബാണ് കല്യാണം കഴിച്ചിരിക്കുന്നത്. വോളിബോൾ താരമായ ഏലിക്കുട്ടിക്ക് കായികതാരങ്ങൾക്കുള്ള പെൻഷൻ ലഭിക്കുന്നുണ്ട്. രണ്ടു പുത്രന്മാരും ഒരു പുത്രിയും സന്താനങ്ങളുണ്ട്.

മൂന്നാമത്തെ മകൾ കുഞ്ഞുമോൾ കനകപ്പലത്ത് പീടികപ്പറമ്പിൽ പി.ഒ. ഫിലിപ്പിന്റെ ഭാര്യയാണ്. ഇവർക്ക് ഒരു മകനും ഒരു മകളുമുണ്ട്.

സി.പി. വറുഗീസ്

ഇദ്ദേഹത്തിന് രണ്ടു വിവാഹത്തിൽ നാലു പുത്രന്മാരും മൂന്ന് പുത്രിമാരും ജനിച്ചു.

മൂത്തമകൻ സി.പി.പൗലോസ് (കുഞ്ഞപ്പൻ) എരുമേലിയിൽ ബിസിനസ്സ് ചെയ്യുന്നു. പുനലൂർ പുന്നമൂട്ടിൽ കുടുംബാംഗമായ അമ്മിണിയാണ് ഭാര്യ. രണ്ടു പുത്രന്മാരും ഒരു പുത്രിയുമുണ്ട്.

രണ്ടാമത്തെ മകൻ മത്തായിച്ചൻ ബോംബെയിൽ ജോലിചെയ്യുന്നു.

മൂന്നാമത്തെ മകൻ തോമാച്ചൻ കേരള ട്രാൻസ് പോർട്ട് കോർപ്പറേഷനിലെ ഉദ്യോഗസ്ഥനാണ്. പുനലൂരിനടുത്ത് വെഞ്ചേമ്പിൽ താമസിക്കുന്നു.

നാലാമത്തെ മകൻ ജോണി ബിസിനസ്സായി ഭിലായിയിൽ താമസിക്കുന്നു.

പുത്രിമാരിൽ മൂത്തതായ മേരിക്കുട്ടിയെ പുനലൂരും ആലിസ്സിനെ ചിറ്റാറിലും കുഞ്ഞുമോളെ അഞ്ചലിലും വിവാഹം കഴിച്ചയച്ചു.

**സി.പി. പൗലോസ്**

പൗലോച്ചന് രണ്ടു പുത്രന്മാരും അഞ്ചു പുത്രിമാരും ജനിച്ചു.

മൂത്തമകൻ സി.പി. പൗലോസ് (കൊച്ചൂണ്ണൂണ്ണി) ബിന്ദ്യാഫണ്ട്സ് എന്ന സ്ഥാപനത്തിൽ ജോലിയായി മണർകാട്ട് താമസിക്കുന്നു. ഭാര്യ മേരിക്കുട്ടി കാഞ്ഞിരപ്പള്ളി ചിറക്കടവിൽ കഞ്ഞലാങ്കൽ വീട്ടിലെ അംഗമാണ്. ഇവർക്ക് മൂന്നു സന്താമങ്ങളുണ്ട്. സുനി, പൗലോസ്, സന്തോഷ് പൗലോസ്, സൂസൻ പൗലോസ്, എല്ലാവരും വിദ്യാർത്ഥികളാണ്.

ഇളയമകൻ അച്ചൻകുഞ്ഞ് ജോലിയായി മണർകാട്ട് താമസിക്കുന്നു. ഒമനയാണ് ഭാര്യ, രണ്ടു സന്താനങ്ങളുണ്ട് ഇരുവരും വിദ്യാർത്ഥികളാണ്.

മൂത്തപുത്രി കുഞ്ഞ്മ്മയെ കല്ലാർ പട്ടം കോളനിയിൽ തോമസ് ജോൺ വിവാഹം കഴിച്ചു. ഇവർക്ക് ഒരു മകനും രണ്ടു പെൺകുട്ടികളും ഉണ്ട്.

രണ്ടാമത്തെ പുത്രി അന്നക്കുട്ടി വിവാഹത്തിനുമുമ്പുതന്നെ നിര്യാതയായി.

മൂന്നാമത്തെ മകൾ കുഞ്ഞേലിയമ്മയെ കാസർകോട്ട് കോക്കടവിൽ കുഴിവേലിൽ കെ.ജി. കുരിയാക്കോസ് കല്യാണം കഴിച്ചു. ഇവർക്ക് മൂന്നു ആൺകുട്ടികളും നാലും പെൺകുട്ടികളും ജനിച്ചു.

നാലാമത്തെ പുത്രി പൊന്നമ്മ കമ്പല്ലൂർ കക്കാത്തു പുതുപ്പറമ്പിൽ പി.വി. ഈപ്പന്റെ ഭാര്യയാണ്. ഇവർക്ക് ഏഴു സന്താനങ്ങളുണ്ട്. നാല് ആണും മൂന്നു പെണ്ണും.

അഞ്ചാമത്തെ പുത്രി സാറാമ്മയെ ചേനപ്പാടി തരകനാട്ടുകുന്നിൽ കൊല്ലംപറമ്പിൽ കെ.റ്റി. ചാക്കോ വിവാഹം കഴിച്ചു. രണ്ടു മക്കൾ ഉണ്ട്. ഒരാണും ഒരു പെണ്ണും

**സി.പി.മാത്തൻ**

ഈ ഉപശാഖയിലെ ആറാമത്തെ മകനായ സി.പി. മാത്തന് (പാപ്പി) ഏഴു പുത്രന്മാരും രണ്ടു പുത്രിമാരും ഉണ്ട്.

മൂത്തമകൻ സി.എം. പൗലോസ് (ബേബി) ചാലക്കുഴി ചിട്ടിഫണ്ട് എന്ന ഒരു ധനകാര്യ സ്ഥാപനം കോട്ടയത്തു നടത്തിയിരുന്നു. പിന്നീട് ചാലക്കുഴി കൊല്ലാട്ടു ബാങ്ക് നടത്തുന്നു. ബാര്യ കൊച്ചു മറിയാമ്മ വേങ്ങൽ കരിപ്പായിൽ കുടുംബാംഗമാണ്. രണ്ടു സന്താനങ്ങളുണ്ട്. മകൻ റെജി (പോൾ മാത്തൻ) ബി.കോ പാസ്സായശേഷം കോട്ടയത്ത് കെൽട്രോൺ റ്റി.വി. യുടെ ഏജൻസി ഏറ്റെടുത്തു നടത്തുന്നു. മകൾ സ്ലീബി(ഏലിയാമ്മ) കോളേജിൽ പഠിക്കുന്നു.

രണ്ടാമത്തെ മകൻ സി.എം മത്തായി (ജോയി) കരിങ്കല്ലുമൂഴിയിൽ താമസിച്ച് ബിസിനസ്സ് ചെയ്യുന്നു. മേപ്രാൽ പൂതികോട്ട് പഴങ്ങനടിയിൽ കൊച്ചുകുഞ്ഞച്ചന്റെ മകൾ അമ്മിണിയെയാണ് വിവാഹം കഴിച്ചിരിക്കുന്നത്. അഞ്ചു സന്താനങ്ങൾ ഉണ്ട്. എല്ലാവരും വിദ്യാർത്ഥികളാണ്.

മൂന്നാമത്തെ മകൻ സി.എം. മാമ്മൻ (മാമ്മച്ചൻ) ബിദ്ധ്യാഫണ്ട് എന്ന ഒരു കമ്പനി കോട്ടയത്ത് നടത്തുന്നു. ഗുഡ്വിൽ ബെയറിംഗ് ആൻഡ് ട്രേഡിംഗ് കോർപ്പറേഷൻ എന്ന കച്ചവടസ്ഥാപനത്തിന്റെ മാനേജിംഗ് പാർട്ട്നറുമാണ്. കുടുംബാംഗങ്ങളിൽ ചിലർക്ക് ഈ സ്ഥാപനത്തിൽ ജോലി നൽകിയിട്ടുണ്ട്. അയീരൂർ കുരുടാമണ്ണിൽ തോമസ്സിന്റെ മകൾ അമ്മിണിയാണ് ഭാര്യ. മണർകാട്ട് സ്ഥിരതാമസമാക്കിയ ഇദ്ദേഹത്തിന് ഒരു പുത്രിയും രണ്ടും പുത്രന്മാരുമുണ്ട്. പുത്രിയെ വിവാഹം കഴിച്ചത് പാമ്പാടി പുള്ളോലിക്കൽ മാത്തച്ചന്റെ പുത്രൻ ഷിബു പി. മാത്യുവാണ് ഷിബു ഹൃദ്രോഹവിദഗ്ദ്ധനായ ഡോക്ടർ ജോർജ് ജെയിക്കബിന്റെ സഹോദരപുത്രനാമ്. മാമ്മച്ചന്റെ പുത്രന്മാരായ ചാർലിയും ഷീബുവും വിദ്യാർത്ഥികളാണ്.

നാലാമത്തെ മകൻ സി.എം. ജോൺ (ജോണി) കനകപ്പലത്ത് സി.പി.എം. റബ്ബർ കോർപ്പറേഷൻ എന്ന പേരിൽ റബ്ബർ ബിസിനസ്സ് ചെയ്യുന്നു. ചാലക്കുഴി ചിട്ടിഫണ്ട് എന്ന സ്ഥാപനത്തിന്റെ ഉടയമുമാണ്. വാഴക്കുന്നത്ത് വറുഗീസിന്റെ മകൾ മറിയാമ്മയാണ് പത്നി പുത്രന്മാരായ ബിജു ജോണും ബിനു ജോണും പിതാവിനോടുകൂടി ബിസിനസ്സ് ചെയ്യുന്നു. ഏക മകൾ ബേർലി ജോൺ വിദ്യാർത്ഥിനിയാണ്.

അഞ്ചാമത്തെ മകൻ സി.എം ഫിലിപ്പോസ് ചാലക്കുഴി ഹാർഡ് വെയേഴ്സിന്റെ ഉടമയാണ്. പഴയ മഠത്തിൽ അച്ചന്റെ കൊച്ചുമകൾ അച്ചാമ്മയെ വിവാഹം കവിച്ചു എരുമേലിയിൽ താമസിക്കുന്നു. മൂന്നു പുത്രിമാരും രണ്ടു പുത്രന്മാരും ഉണ്ട്. എല്ലാ

വരും വിദ്യാർത്ഥികളാണ്.

ആറാമത്തെ മകനായ സി.എം വറുഗീസ് ഭൂവുടമയായി എരുമേലിയിൽ താമസിക്കുന്നു. വടശ്ശേരിക്കര വാഴപ്പിലേത്ത് മാത്യുവിന്റെ മകൾ തങ്കമ്മയാണ് ഭാര്യ. ഒരു പുത്രനും ഒരു പുത്രിയും ഉണ്ട്. സ്കൂളിൽ പഠിക്കുന്നു.

കനിഷ്ഠ പുത്രനായ സി.എം കുര്യൻ (കുര്യച്ചൻ) പ്രൈവറ്റ് ബസ്സ് ഉടമയാണ്. മണർകാട്ട് സ്ഥിരതാമസമാക്കിയ കുര്യച്ചൻ തോട്ടയാക്കാട് പുളിമൂട്ടിൽ യോഹന്നാച്ചന്റെ മകൾ ലീലാമ്മയെ വിവാഹം കഴിച്ചു. മൂന്നു സന്താനങ്ങളുണ്ട്.

മൂത്തപുത്രി മറിയക്കുട്ടിയെ കറ്റോട്ട് കാവുങ്കപറമ്പിൽ കണ്ടത്തിൽ ഈപ്പച്ചൻ (കെ.വി. ഈപ്പൻ) കല്യാണം കഴിച്ചു. ഈപ്പച്ചൻ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിലെ ഉദ്യോഗസ്ഥനാണ്.

ഇളയപുത്രി അന്നമ്മ പത്തനംതിട്ട കുന്നിൽ അച്ചൻ കുഞ്ഞിന്റെ ഭാര്യയാണ്. അച്ചൻകുഞ്ഞ് പട്ടേൽ റോഡ് വെയ്സിന്റെ എറണാകുളത്തെ മാനേജരാണ്. കളമശ്ശേരി ചങ്ങമ്പുഴ നഗരിൽ താമസിക്കുന്നു. രണ്ടുപുത്രന്മാരുണ്ട്. വിദ്യാർത്ഥികളാണ്.

## സി.പി. ജോൺ

വള്ളപ്പുരയ്ക്കൽ ഉപശാഖയിലെ ഇളയ അംഗമായ കുഞ്ഞ് (സി.പി. ജോൺ) എറണാകുളത്ത് സ്ഥിരതാമസമാക്കിയിരിക്കുന്നു.

മൂത്തമകൾ മേരിക്കുട്ടി ഹോമിയോ ഡിപ്ലോമാ എടുത്ത് കളമശ്ശേരിൽ പ്രാക്ടീസ് ചെയ്യുന്നു. ഭർത്താവ് പൗലോച്ചൻ പള്ളിക്കര കുരിശിങ്കൽ കുടുംബാംഗമാണ്. പ്രീമിയർ ടയർകമ്പനിയിൽ ഉദ്യോഗസ്ഥനായ പൗലോച്ചനും കുടുംബവും കളമശേരിയിൽ താമസിക്കുന്നു.

മൂത്ത മകൻ സി.ജെ പോൾ (തമ്പി) സിന്ധ്രി വളം നിർമ്മാണ ശാലയിൽ മെക്കാനിക്കൽ എൻജിനീയറാണ്. മൂന്നു സന്താനങ്ങളുണ്ട്. എല്ലാവരും വിദ്യാർത്ഥികളാണ്.

രണ്ടാമത്തെ മകൻ ജേക്കബ് ഷെൽ (ഷെൽ) ബോംബേയിൽ മഹീന്ദ്ര ആൻഡ് മഹീന്ദ്ര എന്ന മോട്ടോർ വ്യവസായ സ്ഥാപനത്തിലെ ഉദ്യോഗസ്ഥനാണ്. ബോംബെയിൽ സ്ഥിരതാമസമാക്കിയ ഷെല്ലിന് രണ്ടു സന്താനങ്ങൾ ഉണ്ട്.

അച്ചാമ്മക്കുട്ടി

സി.പി. ജോൺന്റെയും മറ്റും സഹോദരി അച്ചാമ്മയെ മണലിൽ കോശി വിവാഹം ചെയ്തു തിരുവല്ലാ കാവും ഭാഗത്തു താമസിച്ചിരുന്നു. ഇവരുടെ മകൾ ദീനാമ്മയെ വിവാഹം കഴിച്ചിരുന്നത് ഏറാട്ട് ഏബ്രഹാം കോർ ഏപ്പി സ്കോപ്പായാണ്.

### കുഴിതോട്ടത്തിൽ ഉപശാഖ

ചാലക്കുഴി മജിസ്ട്രേട്ട് എന്നറിയപ്പെട്ടിരുന്ന സി.എം. വറുഗീസാണ് ഈ ഉപശാഖയുടെ ആദ്യ പിതാവ് ഇദ്ദേഹത്തിന് രണ്ടു പുത്രന്മാരും നാലുപുത്രിമാരുമുണ്ടായിരുന്നു. ഒരു മകൾ വിവാഹത്തിന് മുമ്പുതന്നെ നിര്യാതയായി.

## സി.എം ഗീവർഗീസ്

മൂത്ത മകൾ അച്ചാമ്മയെ മാന്നാർ വള്ളക്കാലിൽ കൊച്ചമ്മൻ വിവാഹം ചെയ്തു.

രണ്ടാമത്തെ മകൾ തങ്കമ്മയെ മല്ലപ്പള്ളിൽ പയ്യമ്പള്ളിൽ ബാങ്കർ കൊച്ചവറാച്ചൻ വിവാഹം കഴിച്ചു. പരേതനായ പയ്യമ്പള്ളിൽ പി.എ.ഏബ്രഹാം കത്തനാർ ബി.എ.ബി.റ്റി. ഇവരുടെ പുത്രനാണ്.

മൂത്ത മകൻ സി.വി. മാത്യു കുറെക്കാലം തിരുവല്ലായിൽ വക്കീലായി പ്രാക്ടീസ് ചെയ്തു. പിന്നീട് ഗൃഹഭരണ കാര്യങ്ങളിൽ വ്യാപൃതനായി തിരുവല്ലാ എസ്.സി. സിമ്മനാരിക്ക് പടിഞ്ഞാറുവശം പുത്തുപറമ്പിൽ താമസിച്ചു. കുഴിമറ്റത്ത് വല്യേത്തു കുടുംബത്തിൽ നിന്ന് വിവാഹം കഴിച്ചു. ഭാര്യയുടെ നിര്യാണശേഷം കോട്ടയം അടിമത്തറ കുടുംബത്തിൽ നിന്ന് പുനർ വിവാഹം ചെയ്തു.

കനിഷ്ട പുത്രനായ സി.വി. പോൾ (ഉണ്ണൂണ്ണി) മല്ലപ്പള്ളി വട്ടശേരിൽ കുഞ്ഞവറാച്ചന്റെ മകൾ കുഞ്ഞുഞ്ഞമ്മയെ വിവാഹം ചെയ്ത് മതിൽഭാഗത്തുള്ള തറവാട്ടിൽ താമസിച്ചിരുന്നു. ഭൂവുടമയായ ഉണ്ണൂണ്ണി കൃഷികാര്യങ്ങളിൽ താല്പരനായിരുന്നു.

## സി.വി. മാത്യു

ആദ്യ വിവാഹത്തിൽ ഒരു പുത്രിയും ഒരു പുത്രിയും ഒരു പുത്രനും ജനിച്ചു. പുത്രി കുഞ്ഞൂഞ്ഞിനെ (കുഞ്ഞൂഞ്ഞമ്മ) ചെങ്ങന്നൂർ ഇടനാട്ടിൽ ചെറുതിട്ട കുടുംബാംഗമായ സി.കെ.ജോർജ് വിവാഹം ചെയ്തപ. ഇദ്ദേഹം ആലപ്പുഴ എസ്.ഡി, കോളേജിൽ പ്രഫസറായിരുന്നു.

കുഞ്ഞുഞ്ഞിന്റെ പുത്രി എൽസി ഫിലിപ്പ് ഫെഡറൽ ബാങ്കിന്റെ റീജിയനൽ

മാനേജരാണ്. ഭർത്താവും കെ.കെ. ഫിലിപ്പ് കേരള പൊതുമരാമത്തു വകുപ്പുൽ എക്സി ക്യൂട്ടീവ് എൻജിനീയറാണ്. കൊച്ചിൻ റിഫൈനറിയിലെ എൻജിനീയറായ തോമസ് കെ.ജോർജ് (രാജൻ) തൃപ്പൂണിത്തറയിൽ ഒ. ഇ. എൻ. കമ്പനിയിൽ എൻജിനീയറായ ജോർജ് മാത്യുവും (റോയി) കായംകുളത്ത് പ്രൈവറ്റ് പ്രാക്ടീസ് ചെയ്യുന്നു ഡോക്ടർ ജോർജ് വറുഗീസും (അനിയൻ ) മക്കളാണ്.

സി.വി മാത്യുവിന്റെ സീമന്തപുത്രനായ സി.എം വറുഗീസ് (കുഞ്ഞപ്പൻ) ബി. എ.ബി.റ്റി. പരീക്ഷകൾ പാസായി തിരുമൂലപുരം സെന്റ് ജോൺ ഹൈസ്കൂൾ അദ്ധ്യാപകനായിരുന്നു. വടക്കൻ പറവൂർ കുടുംബാംഗമായിരുന്നമാത്തു പൈലിയുടെ മകൾ ബേബിയെ വിവാഹം കഴിച്ചു. നാലുപുത്രന്മാരും മൂന്നു പുത്രിമാരും ജനിച്ചു.

മൂത്ത മകൻ കുഞ്ഞുമോൻ എരുമേലി കുറുവാമൂഴി ഇഞ്ചത്താനത്ത് നിന്നും വിവാഹം കഴിച്ചു. തിരുവല്ലായിൽ ബേബി ട്രേഡേഴ്സ് എന്ന കടയുടെ ഉടമയാണ് ആമല്ലൂരിൽ താമസിക്കുന്നു. രണ്ട് പെൺകുട്ടികളുണ്ട്.

മൂത്തപുത്രി ജിജി കേരള സർവ്വകലാശാലയിൽ നിന്നും എം.എസ്.സി. ബിരുദവും എം.ഫിൽ ബിരുദവും ഒന്നാം റാങ്കോടുകൂടി പാസ്സായി തുരുത്തിക്കാട് ബി.എ.എം. കോളജിൽ അസിസ്റ്റന്റ് പ്രൊഫസറായി സേവനമനുഷ്ഠിക്കുന്നു. പ്രസ്തുത കോളജിന്റെ പ്രിൻസിപ്പൽ (തങ്കച്ചൻ) ആണ് ഭർത്താവ്.

രണ്ടാമത്തെ മകൾ ചിത്തിര ബി.എസ്.സി. പാസ്സായി ഭർത്താവോടൊപ്പം കുവൈറ്റിൽ ജോലി ചെയ്യുന്നു. മല്ലപ്പള്ളി മോടയിൽ കുടുംബത്തിലാണ് വിവാഹം കഴിച്ചിരിക്കുന്നത്.

രണ്ടാമത്തെ പുത്രൻ സുരേഷ് കേറ്ററിംഗിൽ ഡിഗ്രി എടുത്ത് പേർഷ്യയിൽ ജോലി ചെയ്യുന്നു.

മൂന്നാമത്തെ പുത്രി കൊച്ചുമോൾ നമ്മുടെ കുടുംബത്തിൽ നിന്നും എൻജിനീയറിംഗിൽ ബിരുദം എടുത്ത ആദ്യത്തെ വനിതയാണ്. മാവേലിക്കര ഓലകെട്ടിയമ്പലത്ത് വിവാഹം കഴിച്ചു. ഭർത്താവും കൊച്ചുമോളും കാനഡായിൽ ഉദ്യോഗസ്ഥരാണ്.

മൂന്നാമത്തെ മകൻ ഷാജി തിരുവനന്തപുരത്ത് ബിസിനസ്സ് നടത്തുന്നു. ഭാര്യ തിരുവനന്തപുരത്ത് മുക്കോല ഹൈസ്കൂളിൽ അദ്ധ്യാപികയാണ്.

ഇളയ മകൾ എൻജിനീയറിംഗ് കോളേജിൽ വിദ്യാർത്ഥിനിയാണ്.

സി.വി. മാത്യുവിന്റെ (പാപ്പി) രണ്ടാം വിവാഹത്തിലെ പുത്രനായ സി.എം ജോർജ് (ജോർജ്ജ്കുട്ടി) തിരുവല്ലായിൽ പുതുപറമ്പിൽ താമസിച്ചിരുന്നു. സൗമനും സൽസ്വഭാവിമായിരുന്ന ജോർജ്കുട്ടി 44-ാംം മത്തെ വയസ്സിൽ അകാല നിര്യാണം പ്രാപിച്ചു. മാവേലിക്കര കല്ലുമലയിൽ പാവാടശേരിശേരിയിൽ നിന്ന് വിവാഹം കഴിച്ചു. ഭാര്യ എലിസബത്ത് ജോർജ് (കുഞ്ഞൂഞ്ഞമ്മ) ബി.എ. ബി.റ്റി. ബിരുദധാരിയാണ്. കേരള വിദ്യാഭ്യാസവകുപ്പിൽ ഡി.ഇ.ഒ. ആയി റിട്ടയർ ചെയ്ത കുഞ്ഞൂഞ്ഞമ്മ ഒരു നല്ല പ്രാസംഗികയും നിരണം ഭദ്രാസനമർത്തമറിയം സമാജത്തിന്റെ ജനറൽ സെക്രട്ടറിയുമാണ്. ഇവർക്ക് മൂന്നു പുത്രന്മാരും ഒരു പുത്രിയുമുണ്ട്. മൂത്ത മകൻ ജോർജ് മത്തായി തിരുവല്ലായിൽ ബിസിനസ്സ് ചെയ്യുന്നു. രണ്ടാമത്തെ പുത്രനായ ജോർജ് ജെയിക്കബും(ചാക്കോച്ചൻ) മൂന്നാമത്തെ പുത്രൻ ജോർജ് വറുഗീസും (വറുഗീസുകുട്ടി) വിദ്യാർത്ഥികളാണ്. ഏക പുത്രി ബീനാ എം. എസ്സി. ബി.എഡ് ബിരുദങ്ങൾ സമ്പാദിച്ചശേഷം പിഎച്ച്. ഡിക്ക് പഠിച്ചു. ഹരിപ്പാട്ട് വാരുവേലിൽ റ്റി.ജേക്കബ് ആണ് ബീനയുടെ ഭർത്താവ് ഇദ്ദേഹം വിദേശത്തു ജോലി ചെയ്യുന്നു.

സി.വി. മാത്യുവിന്റെ കനിഷ്ഠപുത്രനായ സി.എം. ജോൺ (ജോണി) ബിസിനസ്സായി തിരുവല്ലാടൗണിൽ താമസിച്ചിരുന്നു. കൂടൽ കോലത്ത് ഗീവറുഗീസ് മുതലാളിയുടെ മകൾ ലീലമ്മയാണ് ഭാര്യ. ഇവർക്ക് അഞ്ചുപുത്രന്മാരും ഒരു പുത്രിയുമുണ്ട്. മൂത്തപുത്രൻ സാജി (ജോൺ മത്തായി) തിരുവല്ലായിൽ ബിസിനസ്സ് ചെയ്യുന്നു. രണ്ടാമത്തെ മകൻ റെജി (ജോൺ വറുഗീസ്) എൻജിനീറിംഗ് വിദ്യാഭ്യാസം കഴിഞ്ഞ് മസക്കറ്റിൽ ജോലി ചെയ്യുന്നു. മല്ലപ്പള്ളി മോടയിൽ സൻസുവിനെ കല്യാണം കഴിച്ചു. സൻസു എം.കോം ബിരുദം നേടിയിട്ടുണ്ട്. മൂന്നാമത്തെ മകൻ ജോൺ ജോർജ്ജും നാലാമത്തെ മകൻ ജോൺ പ്രസാദും അഞ്ചാമത്തെ ജോൺ പ്രകാശും വിദ്യാർത്ഥികളാണ്. ഏക പുത്രി ഷെർളിയെ ബി.എസ്.സി പാസായശേഷം വിവാഹം കവിച്ചയച്ചു. ഭർത്താവ് കല്ലിശേരിൽ പുളിമൂട്ടിൽ കുടുംബാംഗമായ ബോബി കുവൈറ്റിൽ ജോലി ചെയ്യുന്നു. ഇദ്ദേഹം എം.കോ. ബിരുദധാരിയാണ്.

**സി.വി. പോൾ**

കുഴിത്തോട്ടത്തിൽ തറവാട്ടിൽ താമസമാക്കിയ ഉണ്ണൂണ്ണിയ്ക്ക് (സി.വി. പോൾ) അഞ്ചു പുത്രിമാരും രണ്ടു പുത്രന്മാരും ജനിച്ചു. മൂത്തപുത്രി ശോശാമ്മ (ജോയി) മാവേലിക്കര കോട്ടയടിയിൽ കേരളാ ഇലക്ട്രിസിറ്റി ബോർഡിൽ എൻജിനീയറായിരുന്ന കെ.ജി. ഉമ്മന്റെ (കൊച്ചുമ്മച്ചൻ) ഭാര്യയാണ്. ഇവർക്ക് മൂന്നു സന്താനങ്ങളുണ്ട്. മൂത്ത മകൻ ഉമ്മൻ വറുഗീസ് (ലാലച്ചൻ) ബി.ഇ. ഡിഗ്രി പാസ്സായ ശേഷം കുവെയിറ്റിൽ എൻജിനീയറാണ്. ഏക മകൾ ലിസ്സി. ബി.എസ്.സി. കണിയാന്ത്ര വല്ലത്ത് മേജർ കെ.എൻ. ജോർജിന്റെ ഭാര്യയാണ്. ഇളയ മകൻ ബൈജു (പോൾ ഉമ്മൻ) കാനഡായിൽ ജോലി ചെയ്യുന്നു.

രണ്ടാമത്തെ പുത്രി സാറാമ്മ(ബാവക്കുട്ടി) ബി.എസ്.സി. യെ തൃപ്പൂണിത്തറയിൽ പാലത്തുങ്കൽ  പി.ഐ. മാണി വിവാഹം കഴിച്ചു. മൂന്നു സന്താനങ്ങൾ ഉണ്ട്.. മൂത്ത മകൾ മെൽബായെ പിറവത്ത് ഇളയടത്തു രാജു വിവാഹം കഴിച്ചു. എൻജിനീയറിംഗ് ബിരുദമുള്ള രാജു എറണാകുളത്ത് ബിസിനസ്സ് ചെയ്യുന്നു. രണ്ടാമത്തെ മകൾ മേരിക്കുട്ടിയെ വടക്കൻ പറവീരിൽ കുളങ്ങര കുടുംബാംഗമായ സുഭാഷ് വിവാഹം ചെയ്തു. സുഭാഷ് ഫെഡറൽ ബാങ്ക് ഉദ്യോഗസ്ഥനാണ്. ഏക മകൻ ഏസക്ക് മാണി എൻജിനീയറിംഗ് വിദ്യാർത്ഥിയാണ്.

മൂന്നാമത്തെ പുത്രി ലീലാമ്മ(ഏലിയാമ്മ) ബി.എ.ബി.എഡ്. ബിരുദം നേടിയ ശേഷം അദ്ധ്യാപികയായിരുന്നു. തുമ്പമൺ തെങ്ങുംവിളയിൽ വക്കീലിന്റെ മകൻപനയ്ക്കൽ ബംഗ്ളാവിൽ പി.വി. ജോർജ്ജ് ബി.എ.ബി.റ്റി. വിവാഹം കഴിച്ചു. ശ്രീമാൻ ജോർജ് തുമ്പമൺ കത്തോലിക്കേറ്റ് ഹൈസ്കൂളിൽ ഹെഡ്മാസ്റ്ററായിരുന്നു റിട്ടയർ ചെയ്തു. ഏക പുത്രി ബീനായെ തുമ്പമൺ വടക്കേടത്തു കുടുംബത്തിൽ വിവാഹം കഴിച്ചു. ഭർത്താവ് എറമാകുളത്ത് തോഷിബ ആനന്ദ് കമ്പനിയിൽ എൻജിനീയറാണ്.

നാലാമത്തെ പുത്രി ബേബി(മറിയാമ്മ) ബി.എസ്.സി ബിരുദധാരിയാണ്. കോഴഞ്ചേരി മണ്ണിൽ മലയിൽ ജോർജ് സഖറിയ എഫ്. സി.എ. വിവാഹം കഴിച്ചു. ജോർജ് സഖറിയായുടെ മാതാവ് മേരി സഖറിയാ കോഴഞ്ചേരി വൈ.ഡബ്ളു.സി.എ സെക്രട്ടറിയാണ്. ചാർട്ടേർഡ് അക്കൗണ്ടൻരായ ജോർജ് സഖറിയായും  മേരിക്കുട്ടിയും കാനഡായിൽ ഉദ്യോഗസ്ഥരാണ്. മകൻ ബ്ളേസൽ എൻജിനീയറായി കാനഡായിൽ കഴിയുന്നു. മകൾ അവിടെത്തന്നെ മെഡിക്കൽ വിദ്യാർത്ഥിനിയാണ്.

ഉണ്ണൂണ്ണിയുടെ സീമന്തപുത്രനായ വറുഗീസ്, സി.പോൾ (മോനച്ചൻ) ബി.ഇ. ഡിഗ്രി നേടിയശേഷം കേരളപൊതുമരാമത്തു വകുപ്പിൽ ജോലിയായി ചേർന്നു. ഇപ്പോൾ ആലുവായിൽ എക്സിക്യൂട്ടീവ് എൻജിനീയറായിരിക്കുന്നു മുൻ ആന്ധ്രാ  ഗവർണ്ണറായിരുന്ന പരേതനായ കെ.സി.ഏബ്രഹം മാസ്റ്ററുടെ സഹോദരിപുത്രി നിർമ്മലയാണ് ഭാര്യ. എറണാകുളത്ത് സ്ഥിരതാമസമാക്കിയ മോനച്ചന് രേണു, രേഖ എന്ന രണ്ടു പുത്രിമാർ ഉണ്ട്. മൂത്തമകൾ രേണുവിനെ എം.എ ഡിഗ്രി പാസ്സായശേഷം മുളന്തുരത്തി പൈനാടത്തു കുടുംബത്തിൽ വിവാഹം ചെയ്തയച്ചു. രേണുവിന്റെ ഭർത്താവ് എൻജിനീയറിംഗിൽ എം.റ്റെക്കും. എം. ബി.എ.യും ബിരുദങ്ങൾ നേടിയശേഷം വോൾട്ടാസിൽ എൻജിനീയറായി സേവനമനുഷ്ഠിക്കുന്നു. ഇളയപുത്രി രേണു കോഴിക്കോട് മെഡിക്കൽ കോളേജിൽ പഠിക്കുന്നു.

ഉണ്ണൂണ്ണിയുടെ കനിഷ്ഠ പുത്രനായ സി.എ. പോൾ (തമ്പി) എൻജിനീയറിംഗ് ബിരുദം എടുത്തശേഷം കേരള ഗവർമെന്റ് സർവ്വീസിൽ ചേർന്ന് ഇപ്പോൾ പൊതുമരാമത്തു വകുപ്പിൽ അസിസ്റ്റൻഡ് എക്സിക്യൂട്ടീവ് എൻജിനീയറായി സേവനമനുഷ്ഠിക്കുന്നു. കാവുഭാഗത്ത് കുഴിതോട്ടത്തിൽ തറവാട്ടിൽ താമസിക്കുന്ന തമ്പി കുടുംബയോഗത്തിന്റെ കാര്യങ്ങളിൽ അതീവ തല്പരനും പൊതുക്കാര്യ പ്രസക്തനുമാണ്. ദീർഘകാലം മലയായിൽ ഉദ്യോഗസ്ഥനായിരുന്ന കുറിയന്നൂർ തച്ചിലേത്ത് റ്റി.സി, ഈശോയുടെ മകൾ റൂബിയാണ് പത്നിറൂബി തിരുവല്ലാ സെന്റ് മേരീസ് റെസിഡൻഷ്യൽ സ്കൂൾ അദ്ധ്യാപികയാണ്. ഈ ദമ്പതികൾക്ക് ഒരു പുത്രനും രണ്ടു പുത്പമാരുമുണ്ട്. ഏക പുത്രൻ എബിയും പുത്രിമാരായ ജീനായും ഷെർലിയും വിദ്യാർത്ഥികളാണ്.

തമ്പിയുടെ ഇളയ സഹോദരി അന്നമ്മയെ (സാലിമോൾ) കുളത്തുപ്പുഴ ഇളയപുത്രൻ അലക്സ് നൈനാൻ (ബാബു) വിവാഹം കഴിച്ചു. എസ്റ്റേറ്റ് ഉടമയായ ബാബു കേന്ദ്ര സർക്കാരിൻഫെ സ്ഥാപനമായ റ്റീ ബോർഡിന്റെ വൈസ് ചെയർമാനായിരുന്നു. മൂന്നു പുത്രിമാരുണ്ട്. മൂത്തപുത്രി മേരിയെ ഉപ്പൂട്ടിലായ ഇല്ലിക്കച്ചിറയിൽ വിവാഹം കഴിച്ചയച്ചു. പുത്രിമാരായ റീനയും സൈറയും വിദ്യാർത്ഥിനികളാണ്.

മല്ലപ്പള്ളി കല്ലമ്പറമ്പിൽ ഉപശാഖ

ഈ ഉപശാഖയുടെ കാരണവരായ സി.എം മത്തായിയ്ക്ക് (കൊച്ചുമത്തായി) മൂന്നു പുത്രനന്മാരും അഞ്ച് പുത്രിമാരുമുണ്ടായിരുന്നു.

**സി.എം മത്തായി**

ഡയഗ്രം

പുത്രിമാരിൽ ഒന്നാമത്തേതായ കുട്ടിയമ്മയെ (സി.എ. മറിയാമ്മയെ) കുമ്പനാട്ട് ചൂണ്ടമണ്ണിൽ സി.എ മാമ്മൻ വിവാഹം കഴിച്ചു. രണ്ടാമത്തെ പുത്രി അച്ചാമ്മയെ (കൊച്ചൂട്ടി) ചെന്നിത്തല കുരുമ്പോലത്ത് കെ.എം ജോണും മൂന്നാമത്തെ പുത്രി അന്നമ്മയെ (ചിന്നമ്മ) മൂണ്ടക്കയത്ത് കൂട്ടിക്കൽ കടുപ്പറമ്പിൽ കെ.എം. മാത്യുവും നാലാമത്തെ പുത്രി ഏലിയാമ്മയെ ഒളശ കളപ്പുരയ്ക്കൽ കെ.കെ ജോസഫും വിവാഹം കഴിച്ചു. അഞ്ചാമത്തെ പുത്രി തങ്കമ്മയെ ആദ്യ വിവാഹത്തിൽ സന്താനങ്ങളില്ലാതെ ഭർത്താവ് മരിച്ചതിനുശേഷം കോടീമത തയ്യിൽ മാത്യു പുനർവിവാഹം കഴിച്ച് മുണ്ടക്കയത്ത് താമസിച്ചു.

മൂത്ത പുത്രൻ സി.എ. മത്തായി (കുഞ്ഞ്) കുമ്പനാട് ചൂണ്ടമണ്ണിൽ ഏലിയാമ്മയെയാണ് കല്യാണം കഴിച്ചത്. മല്ലപ്പള്ളിയിൽ സ്ഥിരതാമസമാക്കി.

കൊച്ചു മത്തായിയുടെ രണ്ടാമത്തെ മകനായ സി.എം ചാണ്ടി അവിവാഹിതനായി ഇരുപത്തിയാറാം വയസ്സിൽ അകാല നിര്യാണം പ്രാപിച്ചു.

ഇളയ പുത്രനായ സി.എം. ഇട്ടി ഐപ്പ് (ഉണ്ണൂണ്ണി) നമ്മുടെ കുടുംബത്തിൽ ഇന്ന് ജീവിച്ചിക്കുന്നതിൽ ഏറ്റവും പ്രായം കൂടിയ വ്യക്തിയാണ്. 90 വയസ്സ് ഉണ്ട്. വാർദ്ധക്യ സഹജമായ സുഖക്കേടുകൾ അവഗണിച്ചു മിക്കവാറും എല്ലാ കുടുംബയോഗങ്ങളിലും ഇദ്ദേഹം പങ്കെടുക്കാറുണ്ട്. എടത്വാ കറുകയിൽ മറിയാമ്മയെയാണ് വിവാഹം കഴിച്ചിരുന്നത്.

**സി.എം.മത്തായി**

കല്ലമ്പറമ്പിൽ സ്ഥിരതാമസമാക്കിയ സി.എം. മത്തായിക്ക് (കുഞ്ഞ്) മൂന്നു പുത്രന്മാരും നാലു പുത്രിമാരുമുണ്ട്. മൂത്ത പുത്രി തങ്കമ്മയെ എടത്വാ അമ്പ്രയിൽ ഉണ്ണികുഞ്ഞ് ആണ് കല്യാണം കഴിച്ചത്. രണ്ടാമത്തെ പുത്രി മറിയാമ്മ മല്ലപ്പള്ളി ചെങ്ങരൂർ മുണ്ടപ്ലാക്കൽ അച്ചന്റെ മകൻ ചെറിയാച്ചന്റെ ഭാര്യയാണ്. മൂന്നാമത്തെ പുത്രിയും ഭർത്താവ് ബേബിയും മദ്രാസിൽ താമസമാക്കി. മല്ലപ്പള്ളി പാതിക്കാച് ചവണയ്ക്കാമണ്ണിൽ കുടുംബാംഗമാണ് ബേബി. ദീർഘകാലം മലയായിൽ ജോലിയായിരുന്നു.

അയിരൂർ വടക്കേടത്ത് ബേബിയുടെ ഭാര്യയാണ് നാലാമത്തെ മകൾ കുഞ്ഞമ്മ. ബേബി ദക്ഷിണറയിൽവേയിൽ അക്കൗണ്ട്സ് ആഫീസറായി റിട്ടയർ ചെയ്തശേഷം ആലുവായിൽ യു.സി. കോളേജിനു സമീപം താമസിക്കുന്നു. ഏകപുത്രൻ ഡോക്ടർ പ്രസാദ് മെഡിസിനിൽ എം.ഡി. ബിരുദം നേടി ഇപ്പോൾ അമേരിക്കയിൽ ഡോക്ടറായി സേവനം അനുഷ്ഠിക്കുന്നു. ഏക പുത്രി മോനി കോട്ടയം മെഡിക്കൽ കോളേജിൽ അസിസ്റ്റന്റ് പ്രഫസറാണ്.

മൂത്ത പുത്രൻ പാപ്പച്ചൻ( സി.എം. മത്തായി ) കൃഷിയുമറ്റുമായി മല്ലപ്പള്ളിയിൽ താമസിക്കുന്നു. മല്ലപ്പള്ളി ചെങ്ങന്നൂർ കൊച്ചുമണ്ണിൽ മറിയകുട്ടിയെ വിവാഹം കഴിച്ചു. ഇദ്ദേഹത്തിന് നാലു പുത്രന്മാരും മൂന്നു പുത്രിമാരു ഉണ്ട്. മൂത്തപുത്രി ഏലിയാമ്മയെ (കുഞ്ഞൂഞ്ഞമ്മ) തിരുവല്ലാ പായിപ്പാട് പുളിമൂട്ടിൽ അവറാച്ചൻ ആണ് വിവാഹം കഴിച്ചത്. വിദേശത്തു ജോലി ചെയ്യുന്നു. രണ്ടാമത്തെ പുത്രി അന്നമ്മയെ (അമ്മുക്കുട്ടി) മല്ലപ്പള്ളി ആനിക്കാട് മാവുങ്കൽ തങ്കച്ചൻ കല്യാണം കഴിച്ചു. തങ്കച്ചൻ ദക്ഷിണ റയിൽവേയിൽ ഉദ്യോഗസ്ഥനാണ്. മൂന്നാമത്തെ പുത്രി ശോശാമ്മയെ ചെങ്ങരൂർ ഊതാംപുറത്ത് കുഞ്ഞുമോൻ വിവാഹം കഴിച്ച് റാന്നി വെച്ചൂർ ചിറയിൽ താമസിക്കുന്നു.

സീമന്തപുത്രൻ സി.എ. മാത്യു (അച്ചൻകുഞ്ഞ്) അമേരിക്കയിൽ ജോലിയായി കഴിയുന്നു. കുഞ്ഞുമോൾ ആണ് ഭാര്യ. മൂന്നു പുത്രന്മാരുണ്ട്. എല്ലാവരും വിദ്യാർത്ഥികളാണ്. രണ്ടാമത്തെ മകൻ തോമസുകുട്ടി അമ്മുക്കുട്ടിയെ കല്യാണം കഴിച്ച് തിരുവ്ല്ലാ പായിപ്പാട്ട് താമസിക്കുന്നു. മൂന്നാമത്തെ മകൻ ചാണ്ടികുഞ്ഞ് (രാജു) അനിതയെ വിവാഹം കഴിച്ചു. ഒരു പുത്രിയുണ്ട്. നാലമത്തെ മകൻ വറുഗീസ് (കുഞ്ഞ്) ഇപ്പോൾ

വിദേശത്തു ജോലിയിലാണ്. മോളിയാണ് ഭാര്യ.

സി.എം. മത്തായിയുടെ (കുഞ്ഞ്) രണ്ടാമത്തെ മകനായ ചാണ്ടിക്കുഞ്ഞ് (സി. എം. ചാണ്ടി) മണർകാട്ട് മംഗലത്ത് ഏബ്രഹാമിന്റെ മകൾ മറിയാമ്മയെ വിവാഹം കഴിച്ച് മല്ലപ്പള്ളിയിൽ ബിസിനസ്സായി താമസ്സിക്കുന്നു. ഇവർക്ക് രണ്ടു പുത്രന്മാരും മൂന്നു പുത്രിമാരും ജനിച്ചു. മൂത്ത മകൾ സാലിക്കുട്ടി ചെട്ടികുളങ്ങര ഒറ്റത്തെങ്ങിൽ ജോർജ്ജു കുട്ടിയുടെ ഭാര്യയാണ്. ജോർജുകുട്ടി ദക്ഷിണ റയിൽവേയിൽ ഉദ്യോഗസ്ഥനാണ്. രണ്ടാമത്തെ മകൾ ഏലിയാമ്മയെ (ദീനാമ്മ) പുതിയകാവിൽ മറ്റയ്ക്കാട്ട് ദാനിയേൽ വറുഗീസ് വിവാഹം കഴിച്ചു. ഇദ്ദേഹം ഗുജറാത്ത് അക്കൗണ്ടന്റ് ജനറൽ ആഫീസിൽ ജോലിയായിരിക്കുന്നു. മൂന്നാമത്തെ മകൾ അച്ചാമ്മ(കുഞ്ഞുമോൾ) കോഴഞ്ചേരി പുളിയിലേത്ത് ജോസഫിന്റെ ഭാര്യയാണ്. മൂത്ത പുത്രൻ സി. സി മാത്യു(ബാബു) തടിയൂർ താഴമണ്ണിൽ ഗ്രേസിയമ്മയെ (പുഷ്പ) കല്യാണം കഴിച്ചു. വിദേശത്തു ജോലിയാണ്. ഇളയ പുത്രൻ വിദ്യാർത്ഥിയാണ്.

ചാണ്ടികുഞ്ഞിന്റെ ഇളയ സഹോദരനായ സി.എം വറുഗാസ് (കുഞ്ഞച്ചൻ) എടത്വാ ചിറ്റേഴത്തു സ്വർണ്ണ അവറാച്ചന്റെ മകൾ ഏലിയാമ്മയെ (രമണി) വിവാഹം കഴിച്ചു. ഇവർക്ക് മൂന്നുപുത്രിമാരും ഒരു പുത്രനും ഉണ്ട്. പുത്രിമാരിൽമൂത്തതായ ഏലിയാമ്മയെ (ശാന്തമ്മ) എടത്വാ വെട്ടുപറമ്പിൽ ജോർജ് കുട്ടിയും രണ്ടാമത്തേതായ മറിയാമ്മയെ ജോളി) നെടുകുന്നം കാട്ടൂർ ബേബിച്ചനും ഇളയതായ അന്നമ്മ (ലാലി)യെ പാമ്പാടി കണ്ടൻചിറയിൽ ഐവാനും വിവാഹം കഴിച്ചു. ഏക മകൻ അനിൽ വറുഗീസ് ഹൈസ്കൂളിൽ പഠിക്കുന്നു.

**സി.എം ഇട്ടി ഐപ്പ് (ഉണ്ണൂണ്ണി)**

ഇദ്ദേഹത്തിന് ആറു പുത്രന്മാരും രണ്ടു പുത്രിമാരുമുണ്ട്. മൂത്തപുത്രി സി.ഐ. അച്ചാമ്മടെ തിരുവല്ല് മീന്തലക്കര തോപ്പിൽ കണ്ടത്തിൽ തോമസ് പോത്തൻ വിവാഹം ചെയ്തു. ഇളയപുത്രി സി.ഐ. മറിയാമ്മയെ (അമ്മിണി) കായംകുളത്ത് ഇടമൺ ആലംമൂട്ടിൽ തോമസ് കല്യാണം കഴിച്ച് എറണാകുളത്ത് താമസിക്കുന്നു.

മൂത്തമകൻ സി.എം മത്തായി (കുഞ്ഞ്) ചെറുപ്പത്തിൽ തന്നെ നിര്യതനായി.

രണ്ടാമത്തെ മകൻ സി.ഐ. ചാണ്ടി (ബേബി) കടമ്മനിട്ട തെങ്ങുംചേരിൽ ദീനാമ്മയെ കല്യാണം കഴിച്ചു. രണ്ടു പുത്രന്മാരുണ്ട്. മൂത്തമകൻ ബോബൻ സി.ബേബി വിദേശത്തും ഇളയമകൻ സി.തോമസ് (ബേബി) ബോംബെയിലും ജോലിയായി കഴിയുന്നു.

ഉണ്ണൂണ്ണിയുടെ മൂന്നാമത്തെ മകനായ സി.ഐ. വറുഗീസ് (ബാപ്പുക്കുട്ടി) വളഞ്ഞവട്ടം തൈക്കടവിൽ മലയാംപള്ളിൽ ശോശാമ്മയെ (കുഞ്ഞുമോൾ) വിവാഹം കഴിച്ചു, നാലു സന്താനങ്ങളുണ്ട്. മൂത്തമകൻ കെ.വി. ജോസഫ്. (ലാജി) മല്ലപ്പള്ളിയിൽ ബിസിനസ്സ് ചെയ്യുന്നു. രണ്ടാമത്തെ മകൻ അനിയൻകുഞ്ഞ് സി.വറുഗീസ് ബോംബെയിൽ ജോലി നോക്കുന്നു. മൂന്നാമത്തെ മകനായ മാത്യു സി വറുഗീസും മകൾ ലെനി വറുഗീസും വിദ്യാർത്ഥികളാണ്.

ഉണ്ണൂണ്ണിയുടെ നാലാമത്തെ മകനായ സി.ഐ. അലക്സാണ്ടർ (ജോയി) കുട്ടമ്പേരൂർ മാനാംപുറത്ത് പുത്തൻപുരയിൽ ലീലാമ്മയെ വിവാഹം കഴിച്ച് ബിസിനസ്സായി മല്ലപ്പള്ളിയിൽ താമസിക്കുന്നു. ശോഭ സി. അലക്സ്, സുബ. സി. അലക്സ് എന്ന രണ്ടു പുത്രിമാരുണ്ട്. ഇരുവരും വിദ്യാർത്ഥികളാണ്.

അഞ്ചാമത്തെ മകനായ സി.ഐ. മാത്യു (കുഞ്ഞുമോൻ) വ്യോമസേനയിൽ ഉദ്യോഗസ്ഥനായിരുന്നു. റിട്ടയർ ചെയ്തശേഷം മല്ലപ്പള്ളിയിൽ റബർ ബിസിനസ്സു ചെയ്യുന്നു. അവിവാഹിതനാണ്.

ഇളയമകനായ സി.ഐ. ഇട്ടി. ഐപ്പ് (അച്ചൻകുഞ്ഞ്) കുന്നന്താനത്ത് പാറാങ്കൽ ഏലിയാമ്മയെ കല്യാണം കഴിച്ച് ആ കുടുംബത്തിൽ ദത്തുകയറി. ഇപ്പോൾ സൗദി അറേബ്യായിൽ ജോലി ചെയ്യുന്നു. കുടുംബാംഗങ്ങൾ കുന്നന്താനത്തു താമസിക്കുന്നു. അനീഷ് പുത്രനും അൻജു പുത്രിയുമാണ്. ഇരുവരും വിദ്യാർത്ഥികളാണ്.

മാവേലിക്കര കല്ലുമല ഉപശാഖ

ഈ ഉപശാഖയുടെ പിതാമഹനായ സി.എം. പൗലോസിന് ഒരു പുത്രനും ഒരു പുത്രിയും ഉണ്ട്.

ഡയഗ്രം

പുത്രി തങ്കമ്മയെ കാരിച്ചാൽ ആലുമൂട്ടിൽ കതിരംപള്ളിയിൽ അഡ്വേക്കേറ്റ് കെ.എം. ചാക്കോ വിവാഹം കഴിച്ച് ബാംഗ്ളൂരിൽ സ്ഥിരതാമസമാക്കി.

**സി.പി. മാത്യു**

പൗലോച്ചന്റെ ഏകപുത്രനായ ബേബി (സി.പി. മാത്യു) മാവേലിക്കര കല്ലുമലയിൽ ഗൃഹഭരണമായി കഴിയുന്നു. കല്ലട മലയിൽ എം.സി. കോശിമുതലാളിയുടെ മകൾ തങ്കമ്മയെയാണ് വിവാഹം കഴിച്ചത്. തങ്കമ്മയുടെ പിതൃസഹോദരനാണ് കല്ലട മലയിൽ ഡോക്ടർ (മേജർ) എം.സി, മാത്യു ബേബിക്ക് മൂന്നു സന്താനങ്ങളുണ്ട്. രണ്ട് ആണും ഒരു പെണ്ണും. മൂത്തമകൻ പോൾ.സി.മാത്യു മാവേലിക്കര ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്റ്റിൽ അദ്ധ്യാപകനായിരുന്നു. രണ്ടാമത്തെ മകനായ കോശി സി. മാത്യു (കോശികുഞ്ഞ്) ബികോ വിദ്യാർത്ഥിയാണ്. ഏകപുത്രി മേരിക്കുട്ടിയും വിദ്യാഭ്യാസം ചെയ്യുകയാണ്.

മാന്നാർ തെക്കേതിൽ ഉപശാഖ

തെക്കേതിൽ ഇപശാഖയുടെ പിതാവായചാണ്ടികുഞ്ഞിന് (സി.എം. ചാണ്ടി) അഞ്ചു.സന്താനങ്ങൾ ജനിച്ചു.

**സി.എം. ചാണ്ടി**

ഡയഗ്രം

**സി.സി മാത്യു**

മൂത്തപുത്രനായ സി.സി മാത്യു (മാത്തുക്കുട്ടി)മിലിട്ടറി സർവ്വീസിലും അതിനുശേഷം റെയിൽവേയിലും ഉദ്യോഗമായിരുന്ന് റിട്ടയർ ചെയ്തശേഷം തെക്കേതിൽ കുടുംബത്ത് താമസിക്കുന്നു. തട്ടാരമ്പലത്ത് ചെങ്കില മൂലയിൽ കൊച്ചുകുഞ്ഞിന്റെ മകൾ കുട്ടിയമ്മയെ വിവാഹം കഴിച്ചു. ഒരു പുത്രി മാത്രമേ ഉള്ളൂ. ഏക പുത്രി ഏലിയാമ്മയെ (കൊച്ചുരാജമ്മ) മദ്ധ്യപ്രദേശ് സെക്രട്ടറിയേറ്റിൽ ഉദ്യോഗസ്ഥനായ മാവേലിക്കര ശങ്കരത്തിൽ യോഹന്നാച്ചൻ എം.എ. ആണ് വിവാഹം കഴിച്ചത്. കൊച്ചുരാജമ്മ ബി.എ. ബിരുദധാരിയാണ്.

**സി.സി. അലക്സാണ്ടർ**

രണ്ടാമത്തെ പുത്രനായ ബേബി(സി.സി. അലക്സാണ്ടർ) കൃഷിയും മറ്റുമായി മാന്നാറിൽ താമസിക്കുന്നു. വാലേപ്പറമ്പിൽ മാത്യുവിന്റെ മകൾ ചെല്ലമ്മയാണ് പത്നി. ഇവർക്ക് മൂന്നു പുത്രന്മാരും രണ്ടുപുത്രിമാരുമുണ്ട്. മൂത്തപുത്രി അന്നമ്മയെ (കുസുമം) ചെന്നിത്തലയിൽ വിവാഹം ചെയ്തയച്ചു. മൂത്തമകൻ ബെഞ്ചി (ചാണ്ടി അലക്സ്) കൺസ്ട്രക്ഷൻ കമ്പനിയിൽ സൂപ്പർവൈസറാണ്. എൽസമ്മയാണ്. ഭാര്യ. രണ്ടാമത്തെ മകൻ അലക്സ് (മാത്തുകുട്ടി) വാകത്താനത്ത് കരിപ്പാൽ കിഴക്കേക്കര വീട്ടിൽ കൊച്ചിൻ കാർബോണിക് പ്രൈവറ്റ് കമ്പനിയിൽ ഉദ്യോഗസ്ഥനാണ്. ഒരു കുട്ടിയുണ്ട്. ഇളയമകൾ (പൗലോസ് അലക്സ്) മോട്ടിയും ഇളയമകളും വിദ്യാർത്ഥികളാണ്.

ചാണ്ടികുഞ്ഞിന്റെ രണ്ടാമത്തെ പുത്രിയായ സി.സി മറിയാമ്മയെ (പെണ്ണമ്മ) മാവേലിക്കര കല്ലാടലിൽ പള്ളി വാതുക്കൽ കെ.ജെ. പീറ്റർ വിവാഹം കഴിച്ചു. സിംഗപ്പൂരിൽ ദീർഘകാലം ജോലി ചെയ്ത് റിട്ടയർ ചെയ്തു. പീറ്ററും കുടുംബവും മേവേലിക്കര കുന്നത്ത് താമസിക്കുന്നു. തിരുവന്തപുരത്ത്. ബിസിനസ്സ് ചെയ്യുന്ന ജോൺ പീറ്റർ, എറണാകുളത്ത് അഭിഭാഷകനായിരിക്കുന്ന അലക്സ് , പീറ്റർ എന്നിവർ പുത്രന്മാരും ലൈഫ് ഇൻഷുറൻസ് കോർപ്പറേഷനിൽ ഉദ്യോഗസ്ഥനായ കെ.കെ തോമസ് ബി.എ. ബി.എൽ. ന്റെ ഭാര്യ രാജമ്മയും പത്തനംതിട്ടയിൽ അഭിഭാഷകയായിരിക്കുന്ന എ.എസ്. സൈമണിന്റെ ഭാര്യ കുഞ്ഞമ്മയും പുത്രിമാരുമാണ്. കുഞ്ഞൂഞ്ഞമ്മയും പുത്രിമാരുമാണ്. കുഞ്ഞൂഞ്ഞമ്മ അഡ്വക്കേറ്റായി റാന്നിയിൽ പ്രാക്ടീസ് ചെയ്യുന്നു.

ചാണ്ടിക്കുഞ്ഞിന്റെ ഇളയമകൾ സി.സി. അച്ചാമ്മയെ (ആച്ചികുഞ്ഞ്)മല്ലപ്പള്ളി കോയിത്തോടത്ത് കെ.ഐ. ഫിലിപ്പ് വിവാഹ കഴിച്ചു. കേന്ദ്ര പൊതു മരാമത്തു വകുപ്പിൽ എക്സിക്യൂട്ടീവ് എൻജിനീയറായ കെ.പി. ഏബ്രഹാം (ബോസ്) മകനാണ്.

**മാന്നാർ കുളത്തൂർ ഉപശാഖ**

കുളത്തൂർ ഉപശാഖയുടെ കാരണവരായിരുന്ന മാത്തച്ചന് (സി.എം. മാത്തൻ) ഒരു

പുത്രിയും നാലും പുത്രന്മാരുമുണ്ടായിരുന്നു.

**സി.എം. മാത്തൻ**

ഏകപുത്രി ഏലിയാമ്മയെ (തങ്കമ്മ) കരുവാറ്റാ നാടാലയ്ക്കൽ എൻ.ജെ. ജോൺ(ബേബി) വിവാഹം കഴിച്ചു. ആലുവാ ഉദ്യോഗ മണ്ഡലിൽ എഫ്. എ,സി.റ്റി.യിലെ ഫിനാൻഷ്യൽ കൺട്രോളറായി റിട്ടയർ ചെയ്ത് ജോണും കുടുംബവും കരുവാറ്റായിൽ താമസിക്കുന്നു. ഇവരുടെ ഏക മകനായ ഷാജി എൻജിനീയറിംഗ് ബിരുദം നേടി എഫ്. എ.സി.റ്റി.യിൽ എൻജിനീയറായിരിക്കുന്നു. മൂത്ത മകൾ പ്രമിളയുടെ ഭർത്താവ് എൻജിനീയറിംഗ് ബിരുദം നേടിയശേഷം ഇന്ത്യൻ ആർമിയിൽ ചേർന്ന് മേജറായി സേവനമനുഷ്ഠിക്കുന്നു. ഇളയ മകൾ സൂസൻ ജോൺ ആലപ്പുഴ മെഡിക്കൽ കോളേജിൽ പഠിക്കുന്നു. കേരള ഷട്ടിൽ ചാമ്പ്യനായിരുന്നു.

സി.എം പൗലോസ് മൂത്ത മകനായ സി.എം പൗലോസ്(കുഞ്ഞ്)ഒരു പ്രമുഖ തടിവ്യാപാരിയാണ്. നിരത്തു മട്ടയ്ക്കൽ റിട്ടയർഡ് മുൻസിഫ് എം.എ. വറുഗീസ്സിന്റെ മകൾ തങ്കമ്മയെ വിവാഹം കഴിച്ചു. രണ്ടു പുത്രന്മാരുംഒരു പുത്രിയുമുണ്ട്. മകളെ കവിയൂർ കൈപ്പള്ളിൽ സജി ബി.എസ്.സി. വിവാഹം ചെയ്തു. മൂത്ത മകൻ മാത്യു പോൾ (ജിജി) പിതാവിനോടുകൂടി ബിസിനസ്സ് ചെയ്യുന്നു. ജൂലിയാണ് ഭാര്യ.

രണ്ടാമത്തെ മകൻ സാബു ബി.എസ്.സി. പാസ്സായ ശേഷം ബോംബെയിൽ നിയമ വിദ്യാർത്ഥിയാണ്.

സി.എം. മാത്യു.

രണ്ടാമത്തെ മകനായ മാത്തുക്കുട്ടി(സി.എം. മാത്യു) ബി.എസ്.സി. പാസ്സായിട്ട് എഫ്. എ.സി.റ്റിയിൽ ജോലിയായി ചേർന്ന് ഇപ്പോൾ പ്ലാന്റ് മാനേജരായി സേവനമനുഷ്ഠിക്കുന്നു. മാന്നാർ കളപ്പുരയ്ക്കൽ മാത്തുക്കുട്ടിയുടെ മകൾ ലീലാമ്മ ബി.എസ്.സി ആണ് പത്നി. രണ്ടു പുത്രന്മാരുണ്ട്. മൂത്ത പുത്രൻ തമ്പി ബി.എസ്. സിക്കും ഇളയ മകൻ അനിൽ എൻജിനീയറിംഗ് കോളജിലും പഠിക്കുന്നു.

സി.എം. അലക്സ് മൂന്നാമത്തെ മകനായ ബാബു (സി.എം. അലക്സ് )വിദേശത്ത് ഉദ്യോഗമായി കഴിയുന്നു. വളഞ്ഞവടുത്ത് മണപ്പുറത്ത് രാജമ്മയെ വിവാഹം കഴിച്ചു. രണ്ടു പുത്രന്മാരും ഒരു പുത്രിയുമുണ്ട്. കുടുംബാംഗങ്ങൾ കുളത്തൂർ വീട്ടിൽ താമസിക്കുന്നു.

**കെ.എം. വറുഗീസ്**

നാലമത്തെ മകനായ കെ.എം. വറുഗീസ് (രാജൻ) ബാംഗ്ളൂരിൽ ബിസിനസ്സായി സ്ഥിര താമസമാക്കിയിരിക്കുന്നു. കരുനാഗപ്പല്ളി കോഴിക്കോട്, ആലുമൂട്ടിൽ ആലിസ്സിനെ വിവാഹം കഴിച്ചു. രണ്ടു സന്താനങ്ങളുണ്ട്. ഇരുവരും വിദ്യാർത്ഥികളാണ്.

## പുത്തൻവീട്ടിൽ ഉപശാഖ

തിരുവല്ലായിൽ ദീർഘകാലം വക്കീലായി പ്രാക്ടീസ് ചെയ്തിരുന്ന സി.എം. മാത്യു (മത്തായിച്ചൻ) ആണ് ഈ ഉപശാഖയുടെ പിതാമഹൻ, ഇദ്ദേഹത്തിന് അഞ്ചു പുത്രന്മാരുണ്ടായിരുന്നു.

**സി.എം മാത്യു**

(പുത്തൻവീട്ടിൽ ഉപശാഖ)

സി.എം. മാത്യു മൂത്ത പുത്രനായ സി.എം. മാത്യു (കുഞ്ഞുഞ്ഞൂകുട്ടി) ബി.എസ്.സി. ബിരുദം എടുത്ത് കോഫി ബോർഡിൽ മാനേജരായിരുന്ന ശേഷം ചടയമംഗലത്ത് എസ്റ്റേറ്റ് ഉടമയായി താമസിക്കുന്നു. മേപ്രാൽ കണിയാന്ത്ര പുല്ലുകാട്ട് കെ.വി. ഫിലിപ്പിന്റെ (പീലിപ്പോച്ചൻ) മകൾ അക്കാമ്മ (്മ്മാൾ) ആണ് ഭാര്യ നാലു സന്താനങ്ങൾ ഉണ്ട്.

മൂത്ത മകൾ എലിസബേത്തു മാത്യു (എൽസി) ബി.എസ്.സി.ബി.എഡ്. ഹൈദ്രബാദിൽ അദ്ധ്യാപികയായിരിക്കുന്നു. ഭർത്താവ് തോമസ് സാമുവേൽ ദി വീക് എന്ന മാസികയുടെ ഹൈദ്രബാദിലെ മാനേജരാണ്. കാർത്തികപ്പള്ളിയിൽ ചക്കോലിൽ ഡോക്ടർ സാമുവേലിന്റെ പുത്രനാണ് ഇദ്ദേഹം. രണ്ടു സന്താനങ്ങളുണ്ട്.

രണ്ടാമത്തെ പുത്രി ഗ്രേസി മാത്യു ബി.എസ്.സി. പാസായശേഷം സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ ഉദ്യോഗസ്ഥയാണ്. മാവേലിക്കര പണിക്കരുവീട്ടിൽ ജോർജ് പണിക്കരുടെ മകൻ രാജൻ ബി.എസ്.സി. ആണ്. ഭർത്താവ്. രാജൻ സ്റ്റേറ്റ് ബാങ്ക് ഓഫ്

ഇന്ത്യയിലെ ഉദ്യോഗസ്ഥനാണ്.

പുത്രന്മാരായ മോൻസി മാത്യുവും, ജോൺസി മാത്യുവുംവിദ്യാഭ്യാസം തുടർന്നു കൊണ്ടിരിക്കുന്നു.

**ജോർജ്ജ് മാത്യു**

രണ്ടാമത്തെ മകനായ ജോർജ് മാത്യു (ജോർജ്ജുകുട്ടി) എൻജിനീയറിംഗിൽ ബി.എസ്.സി. ബിരുദം നേടി കേരളാ പൊതുമരാമത്തു വകുപ്പിൽ ജോലിയായി പ്രവേശിച്ച് ചീഫ് എൻജിനീയറായി റിട്ടയർ ചെയ്ത് തിരുവന്തപുരത്തു താമസിക്കുന്നു. ഔദ്യോഗിക കാര്യങ്ങൾക്കായി സ്വീഡൻ, നെതർലാന്റ്, ജർമ്മനി മുതലായ വിദേശരാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. ഒരു കായികതാരമായിരുന്ന ജോർജ്ജുകുട്ടി ഇപ്പോഴും വെറ്ററൻസ് സ്പോർട്ട്സിൽ പങ്കെടുത്ത് ഒന്നാം സ്ഥാനങ്ങൾ കരസ്ഥമാക്കുന്നുണ്ട്. അഷ്ടമുടി കൊച്ചുവീട്ടിൽ കുടുംബാംഗവും കേരള സർവ്വീസിൽ മജിസ്ട്രേട്ടുമായിരുന്ന കെ.ഒ.ഫിലിപ്പിന്റെ മകൾ ആനിയാണ് പത്നി. ആനി. ബി.എസ്.സി. ബിരുദധാരിയാണ്. നാലു സന്താനങ്ങളുണ്ട്.

മൂത്തമകൻ മാത്യുജോർജ്ജ് (അശോക്) മദ്രാസ് ഐ.ഐ.റ്റിയിൽ നിന്നും പ്രശസ്തമായ നിലയിൽ ബി.റ്റെക് ഡിഗ്രി പാസായശേഷം കൊരട്ടിയിൽ കേരള കെമിക്കൽസ് ആൻഡ് പ്രോട്ടീൻസ് എന്ന പൊതുമേഖലാ സ്ഥാപനത്തിൽ എൻജിനീയറായി സേവനമനുഷ്ഠിക്കുന്നു. ജപ്പാനിൽ കെമിക്കൽ എൻജിനീയറിംഗിൽ പ്രത്യേക പരിശീലനം നേടിയിട്ടുണ്ട്. വെണ്ണിക്കുളം തയ്യിൽ കുടുംബാംഗമായ ഡോക്ടർ റേച്ചൽ തോമസ് എ.ഡി.എസ്സ്. ആണ് സഹധർമ്മിണി. രണ്ടു പുത്രന്മാരുണ്ട്.

ജോർജ്ജുകുട്ടി രണ്ടാമത്തെ പുത്രനായ ഡോക്ടർ ഫിലിപ്പ് ജോർജ് (മോഹൻ) എം.ബി.ബ.എസ്സ് ഡിഗ്രി എടുത്തശേഷം ഒപ്താൽമോളജിൽ എം.എസ്. ബിരുദം സമ്പാദിച്ച് ആറ്റിങ്ങലിൽ ഒരു സ്വകാര്യ ആശുപത്രി നടത്തുന്നു. കോഴഞ്ചേരി മാർതോമ്മാ കോളേജ് പ്രിൻസിപ്പലായിരിക്കുന്ന ഒ.എ. ചെറിയാന്റെ മകൾ നീനയാണ് ഭാര്യ. ഡോക്ടർ നീന എം. ബി.ബി. എസ്സ് പാസ്സായ ശേഷം ആറ്റിങ്ങൽ ഒരു പ്രൈവറ്റ് ആശുപത്രിയിൽ ജോലിചെയ്യുന്നു.

മൂന്നാമത്തെ പുത്രനായ തോമസ് ജോർജ് (ജയൻ) എസ്സി..ബി.എസ്.സി (റെക്) എന്ന ഡിഗ്രി പാസായി ബോംബെയിൽ ഹിന്ദുസ്ഥാൻ ലിവേഴ്സിൽ ഉദ്യോഗസ്ഥനാണ്.

ഏക പുത്രി എലിസബേത്ത് ജോർജ്(അനുജ) തിരുവന്തപുരം മെഡിക്കൽ കോളേജ് വിദ്യാർത്ഥിനിയാണ്.

**പോൾ മാത്യു**

ഈ ഉപശാഖയിലെ മൂന്നാമത്തെ പുത്രനായ പോൾ മാത്യു (രാജപ്പൻ) ബി.എസ്.സി.ബി.റ്റി. ബിരുദങ്ങൾ എടുത്തശേഷം കാതോലിക്കേറ്റ് മാനേജ്മെന്റ് സ്കൂളിൽ അദ്ധ്യാപകനായി ചേർന്നു. ദീർഘകാലം മാവേലിക്കര എം.എസ്.എസ്.ട്രെയിനിംഗ് സ്കൂളിന്റെ ഹെഡ്മാസ്റ്ററായിരുന്നു. റിട്ടയർ ചെയ്ത ഇദ്ദേഹം കാട്ടുക്കര പുത്തൻവീട്ടിൽ താമസിക്കുന്നു. പനയമ്പാല തെക്കേക്കര കുടുംബാംഗമായ റിട്ടയർഡ് ഹെഡ്മാസ്റ്റർ പി.ജെ. ചാക്കോയുടെ മകൾ അമ്മിണിയാണ് ഭാര്യ. ഒരു പുത്രനും ഒരു പുത്രിയുമുണ്ട്.

ഏക പുത്രി ജോളി (എലിസബേത്തു പോൾ എം.എ.ബി.എഡ് ഡിഗ്രികൾ സമ്പാദിച്ചശേഷം അദ്ധ്യാപികയായി ജോലി നോക്കുന്നു. അരീപറമ്പിൽ മരോട്ടിപുഴ വീട്ടിൽ രാജൻ വിവാഹം കഴിച്ചു. ബികോ. ബിരുദധാരിയായ രാജൻ വിദേശത്തു ജോലിചെയ്യുന്നു.. ഒരു പുത്രിയുണ്ട്.

ഏക പുത്രനായ മാത്യു പോൾ (റജി) എം.കോ ഡിഗ്രി പാസായിട്ടു വിദ്യാഭ്യാസം തുടർന്നു കൊണ്ടിരിക്കുന്നു.

**തോമസ് മാത്യു**

മാത്യു വക്കീലിന്റെ നാലാമത്തെ പുത്രനായ തോമസ് മാത്യു കേരള പൊതുമരാമത്തു വകുപ്പിന്റെ ചീഫ് എൻജിനീയർ ജനറലായി റിട്ടയർ ചെയ്ത് എറമാകുളത്തു താമസിക്കുന്നു. സിവിൽഎൻജിനീയറിംഗിൽ ബിരുദാനന്തര ഡിഗ്രി(എം.എസ്.സി) എടുത്ത തോമസുകുട്ടി കുടുംബയോഗത്തിന്റെ വൈസ്പ്രസിഡന്റാണ്. വിദ്യാർത്ഥിയായിരുന്ന കാലത്തു അറിയപ്പെട്ട ഒരു സ്പോർട്സ് താരമായിരുന്നു. ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എൻജിനീയേഴ്സിന്റെ ഫെലോ ആയ ഇദ്ദേഹം ലോകബാങ്കിന്റെ പരിശീലന പരിപാടിയിൽ ദക്ഷിണ കൊറിയ, ജപ്പാൻ, അമേരിക്കാ, മൊറോക്കോ, ഫ്രാൻസ് മുതലായ രാജ്യ

ങ്ങൾ സന്ദർശിച്ചിട്ടുണ്ട്. വള്ളംകുളത്തു മുളപ്പനേട്ടു കണ്ടത്തിൽ പരേതനായ കെ.വി. ഈപ്പന്റെ മകൾ എലിസബേത്ത്(മോളി) ബി.എ. ആണ് സഹധർമ്മിണി. രണ്ടുപുത്രി മാരും ഒറു പുത്രനുമുണ്ട് മൂത്ത മകൻ സുജ(എലിസബത്ത്) എം.എസ്.സി. ബിരുദം നേടിയശേഷം ബാംഗ്ളൂരിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിൽ ജോലി ചെയ്യുന്നു.

പുനലൂരിൽ പൂങ്കാവിൽ ഒ. സൽക്കലാച്ചന്റെ മകൻ ഡോക്ടർ സജി. ഊർജ്ജ തന്ത്രത്തിൽ ഡോക്ടറേറ്റ് നേടി ഭാരത് ഹെവി ഇലക്ട്രിക്കൽസ് എന്ന കേന്ദ്ര വ്യവസായ സ്ഥാപനത്തിൽസെവനമനുഷ്ടിക്കുന്നു.

ഏക മകൻ സാജു ഈപ്പൻ തോമസ് എൻജിനീയറിംഗിൽ  ബിരുദമെടുത്ത ശേഷം (ബി.ടെക്ക്) ബാംഗ്ളൂരിൽ മൈക്കോ എന്ന കമ്പനിയിൽ ഉദ്യോഗസ്ഥനാണ്.

ഇളയ പുത്രി സുനിത (സുനിത തോമസ്) തിരുവന്തപുരം കോളേജിൽ വിദ്യാർത്ഥിനിയാണ്.

**ജേക്കബ് മാത്യു**

ഈ ഉപശാഖയിലെ ഇളയമകനായ മോട്ടി (ജേക്കബ് മാത്യു) കേരള ഇലക്ട്രിസിറ്റി ബോർഡിൽ എക്സിക്യൂട്ടീവ് എൻജിനീയറാണ്. ബി.എസ്.സി. എൻജിനീയറിംഗ് ബിരുദധാരിയായ മോട്ടി കുന്നംകുളത്ത് ചീരൻ വീട്ടിൽ പരേതനായ ചേറുവക്കീലിന്റെ മകൾ വിന്നി ബി.എ. യെ വിവാഹം കഴിച്ചു. എറമാകുളത്ത് പനമ്പള്ളി നഗറിൽ താമസിക്കുന്നു. രണ്ടു സന്താനങ്ങളുണ്ട്. മകൾ വിജിയും (വിജി ജേക്കബും) മകൻ വിജുവും (മാത്യു ജേക്കബും) വിദ്യാർത്ഥികളാണ്.

## പുത്തൻപുരയ്ക്കൽ (ബി) ശാഖയുടെ ഉപശാഖകൾ

കല്ലുങ്കൽ ഉപശാഖ

ഈ ഉപശാഖയുടെ പിതാമഹനായ പൗലോസിന് രണ്ടു വിവാഹത്തിലായി അഞ്ചുസന്താനങ്ങൾജനിച്ചു.

ഡയഫ്രം

**സി.പി. കുര്യൻ**

ആദ്യ വിവാഹത്തിലെ ഏക മകനായ സി.പി.കുര്യൻ (കൊച്ചുകുട്ടി) വാകത്താനത്ത് തുഞ്ചത്ത് അവറാച്ചന്റെ മകൾ ഇളച്ചിയമ്മയെ വിവാഹം കഴിച്ചു. ഈ വിവാഹത്തിൽ ഒരു മകൻ ജനിച്ചു. കൊച്ചുകുട്ടിയുടെ മരണശേഷം ഇളച്ചിയമ്മയും മകൻ പൗലോസും വാകത്താനത്ത് താമസമാക്കി.

ഏക മകൻ പൗലോസ് (സി.കെ. പൗലോസ്) വാകത്താനത്ത് കൈതയിൽ വാഴയ്ക്കൽ മത്തായിയുടെ മകൾ ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് നാലു പുത്രന്മാരുണ്ട്. മൂത്ത പുത്രൻ സി.പി. കുര്യൻ ബി.എ. ബിരുദം എടുത്ത് സെയിൽ ടാക്സ് ഉദ്യോഗസ്ഥനായി കോട്ടയത്ത് ജോലി ചെയ്യുന്നു. അമയന്നൂർ വഴനത്തോട്ടത്തിൽ കുടുംബാംഗമായ ഒ.ജെ. കുഞ്ഞമ്മയെ വിവാഹം കഴിച്ചു. ബി.എസ്സി.ബി.എഡ് ബിരുദങ്ങൾ ഉള്ള കുഞ്ഞമ്മഅദ്ധ്യാപികയായി ജോലി ചെയ്യുന്നു. ഇവർക്ക് പോൾ സി.കുര്യൻ, ജോൺ സി. കുര്യൻ എന്ന രണ്ടു പുത്രന്മാരുണ്ട്.

സി.കെ പൗലോച്ചന്റെ രണ്ടാമത്തെ മകൻ സി.പി.മാത്യു ബി.എ.കോട്ടയത്ത് വിദ്യാഭ്യാസ റീജിയനൽ ഡയറക്ടർ ആഫീസിൽ ജോലി ചെയ്യുന്നു. പുതുപ്പള്ളി കടിയൻ തുരുത്തേൽ കുടുംബാംഗമായ സോഫിയാണ് ബാര്യ. അസ്സ്റ്റന്റ് എഡ്യൂക്കേഷൻ ആഫീസറായ സോഫി ബി.എ. ബി.എഡ്. ബിരുദധാരിണിയാണ്. പ്രമോദ് മാത്യു എന്ന ഒരു പുത്രനും എലിസബേത്ത് മാത്യു എന്ന പുത്രിയും ഉണ്ട്. രണ്ടുപേരും വിദ്യാർത്ഥികളാണ്.

പൗലോസിന്റെ മൂന്നാമത്തെ മകൻ സി.പി. ഏബ്രഹാം ബി.എ. ബിരുദം എടുത്തശേഷം കൃഷിയും മറ്റുമായി വാകത്താനത്ത് താമസിക്കുന്നു. ചമ്പക്കുളത്ത് മണത്തറയിൽ കത്രീനയാണ് ഭാര്യ. ഇവർക്ക് സന്ധ്യ, ശാന്തി എന്ന് രണ്ടു പുത്രിമാരുണ്ട്. രണ്ടുപുത്രിമാരും  വിദ്യാർത്ഥിനികളാണ്.

നാലാമത്തെ മകൻ സി.പി.മർക്കോസ് കൃഷികാര്യങ്ങളായി നാലുന്നാക്കൽ താമസിക്കുന്നു. തിരുവല്ലാ തിരുമൂലപുരം കുരുടൻമലയിൽ ലിസ്സിയാണ് ഭാര്യ. രണ്ടു കുട്ടികൾ ഉണ്ട്. എലിസബേത്തും പോളും

**സി.പി. മാത്യു**

ബാല്യകാലത്തിൽതന്നെ പിതാവ് മരണമടഞ്ഞതിനാൽ സി.പി. മാത്യുവും ഇളയസഹോദരൻ സി.പി. നൈനാനും മാതുലനായ അഭിവന്ദ്യ ഏബ്രഹാം മാർത്തോമ്മാ തിരുമേനിയുടെ കൂടെയാണ് താമസിച്ച് വിദ്യാഭ്യാസം കഴിച്ചിരുന്നത്. ഇദ്ദേഹം മദ്രാസിൽനിന്ന് പ്രിന്റിംഗിൽ ഡിപ്ലോമാ പാസ്സായിട്ട് തിരവനന്തപുരത്ത് ഗവൺമെന്റുവക പ്രസ്സിൽ ജോലിയായി സെവനമനുഷ്ഠിച്ച് പെൻഷൻ പറ്റി തിരുവന്തപുരത്ത് താമസിക്കുന്നു. കവിയൂർ ആഞ്ഞിലിമൂട്ടിൽ കണ്ടത്തിൽ കെ.എം. മാത്തുള്ളയുടെ മകൾ അച്ചാമ്മയെ വിവാഹം ചെയ്തു. അച്ചാമ്മ സർക്കാർ സ്കൂൾ അദ്ധ്യാപികയായിരുന്നു. ഇവർക്ക് മൂന്നു പുത്രന്മാരുണ്ട്.

മൂത്ത മകൻ സി.എം. പോൾ ബി.ഇ. ബിരുദം നേടി ബോംബെയിൽ ഭാഭാ ആറ്റമിക് റിസേർച്ച് സെന്ററിൽ ചീഫ് എൻജിനീയറായി ജോലി ചെയ്യുന്നു. ചെങ്ങന്നൂർ ആൽത്തറമൂട്ടിൽ മാമ്മൻ കൈലാത്തിന്റെ മകൾ ഗ്രേസിയാണ് ഭാര്യ. എം.ഡി. ബിരുദധാരിയായ ഡോക്ടർ ഗ്രേസി ബോംബെയിൽ മലാടിൽ ചാലക്കുഴി ഹോസ്പിറ്റൽ എന്ന പേരിൽ സ്വന്തമായി ഒരു ആശുപത്രി നടത്തുന്നു. ഇവർക്ക് രണ്ട് പുത്രന്മാരുണ്ട്. മൂത്ത പുത്രൻ സി.പി. മത്തായി ബി.ഡി. എസ് പാസായി ബോംബെയിൽ അമ്മയോടുകൂടി ഡോക്ടറായി സേവനമനുഷ്ഠിക്കുന്നു. രണ്ടാമത്തെ മകൻ സി.പി. മാമ്മൻ എൻജിനീയറിംഗ് കോളേജ് വിദ്യാർത്ഥിയാണ്.

സി.പി. മാത്യുവിന്റെ രണ്ടാമത്തെ മകൻ ഡോക്ടർ സി.എം.ഏബ്രഹാം ബി. എസ്.സി. എം.ബി.ബി.എസ്. ഈറോഡിൽ സി.എസ്.ഐ. ആശുപത്രിയിൽ ജോലി ചെയ്യുന്നു. വടശേരിക്കര താഴത്തില്ലത്ത് ഡോക്ടർ റ്റി.പി.ജേക്കബിന്റെ മകൾ പ്രേമ എം.എയാണ്. പത്നി. പ്രേമ അദ്ധ്യാപികയായി ജോലി ചെയ്യുന്നു. മൂത്തമകൾ രോഷിണിയും മകൻ അശോകും വിദ്യാർത്ഥികളാണ്.

മൂന്നാത്തെ മകനായ തമ്പി ചാലക്കുഴി എം.എസ്.ഡബ്ള്യൂ. ബിരുദം എടുത്ത്ചാലക്കുടിയിൽ വെൽഫയർ സൊസൈറ്റിയുടെ ഡയറക്ടറായിരിക്കുന്നു പള്ളത്ത് എടപറമ്പിൽ ഏബ്രഹാമിൻരെ മകൾ ശാന്തമ്മ ബി.എ. ആണ് ഭാര്യ. രണ്ടു സന്താനങ്ങൾ ഉണ്ട്. മകൻ മാത്യുവും മകൾ സൂസനും പഠിത്തംതുടർന്നുകൊണ്ടിരിക്കുന്നു.

സി.പി.മാത്യുവിന്റെ സഹോദരി അക്കാമ്മയെ തേവർതുണ്ടിയിൽ (മാരാമൺ) തേമാലിൽ മത്തായിച്ചൻ വിവാഹം കഴിച്ചു. ഇളയ സഹോദരിയായ മറിയാമ്മയെ കവിയൂർ കൊച്ചിയിൽ കുന്നേക്കാട്ടിൽ കെ.കെ. സഖറിയാ വിവാഹം കഴിച്ചു.

## സി.പി. നൈനാൻ

സി.പി. മാത്യുവിന്റെ ഇളയ സഹോദരൻ സി.പി. നൈനാൻ (നൈനാച്ചൻ) സ്കൂൾ ഫൈനൽ വരെ പഠിച്ചതിന്റെ ശേഷം ക്വയിലോൺ ബാങ്കിൽ പ്രവേശിക്കുകയും ബാങ്ക് പൂട്ടിയതിന്റെ ശേഷം തിരുവല്ലാ എസ്.സി, സിമ്മനാരിയിൽ അദ്ധ്യാപകനായി ദീർഘകാലം ഇരുന്ന് പെൻഷൻ പറ്റി കുറ്റപ്പുഴ സ്വവസതിയിൽ താമസിക്കുന്നു. ചാത്തന്നൂർ നെടുഞ്ചിറ മത്തായിച്ചൻ മുതലാളിയുടെ മകൾ അന്നമ്മയെ കല്യാണം കഴിച്ചു. ഇവർക്ക് നാല് ആൺമക്കളും മൂന്ന്പെൺമക്കളും ഉണ്ട്. മൂത്ത മകൾ ശാന്തമ്മ ബി. എസ്.സി.,ബി.എഡ് അടൂർ വടക്കേത്തലയ്ക്കൽ തറയിൽ ബംഗ്ലാവിൽ ജോയി ബി. എസ്.സി.,ബി.എഡ് ന്റെ ഭാര്യയാണ്.ജോയി കേരള പ്ലാന്റേഷനിൽ സീനിയർ സുപ്രണ്ടായി ജോലി ചെയ്യുന്നു. രണ്ടു പുത്രന്മാരുണ്ട്. ഇരുവരും കോളേജ് വിദ്യാർത്ഥികളാണ്. മൂത്തയാൾ ഷിബു എം.സി. ആഗ്രിക്കൾച്ചറിനും രണ്ടാമൻ നൈനാൻ എൻജിനീയറിംഗിനും പഠിക്കുന്നു.

രണ്ടാമത്തെ മകൾ സഖി ബി.എസ്.സി.ബി.എഡ് വേങ്ങൽ മേടയിൽ ജേക്കബ് വേങ്ങൽ ബി.കോമിന്റെ ഭാര്യയാണ് സഖി ട്രാൻസ് പോർട്ട് കോർപ്പറേഷനിൽ തിരുവന്തപുരത്തു ജോലി നോക്കുന്നു. ജേക്കബ്, വേങ്ങൽ സ്വന്തം ബാങ്ക് (വേങ്ങൽ ട്രസ്റ്റ് ഫണ്ട്) തിരുവന്തപുരത്ത് നടത്തുന്നു.

മൂന്നാമത്തെ മകൾ നീനാ നൈനാൻ എം.എസ്.സി.ബി.എഡ് നെ തേവലക്കര പെരുമാട്ടു മഠത്തിൽ പി.സി തോമസ് എം.കോ കല്യാണം കഴിച്ചു. തോമസ് കൊല്ലം ഫാത്തിമാ കോളേജിൽ അദ്ധ്യാപകനാണ്.

മൂത്ത പുത്രൻ ഡോക്ടർ പൗലോസ് (കുഞ്ഞ്) എൻജിനീയറിംഗിൽ ഡോക്ടറേറ്റ് നേടി. കോതമംഗിലം എൻജിനീയറിംഗ് കോളേജിൽ പ്രൊഫസറായി സേവനംമനുഷ്ഠിക്കുന്നു. നല്ലാനിക്കന്നേൽ ഡോക്ടർ സി.കെ. ഫിലിപ്പിന്റെ ഇളയപുത്രി ജയ ബി. എസ്.സിയെ വിവാഹം കഴിച്ച് കോതമംഗലത്ത് താമസിക്കുന്നു. ഒരു മകനും രണ്ടു

പെൺമക്കളുംമുണ്ട്.

രണ്ടാമത്തെ മകനായ സി.എൻ. ഏബ്രഹാം എൻജിനീയറിംഗ് ബി.എസ്.സി. പാസായശേഷം കൽക്കട്ടായിൽ റ്റാറ്റാ ലോക്കോ മോട്ടീവു എന്ന കമ്പനിയിൽ ജോലി യായിരുന്നു. മല്ലപ്പള്ളി മോടയിൽ പണിക്കരു വീട്ടിൽ രാജമ്മയെ വിവാഹം കവിച്ചു. ഇരുവരും വിദേശത്ത് ബഹറിനിൽ ജോലി ചെയ്യുന്നു. നാലു മക്കൾ ഉണ്ട്.

മൂന്നാമത്തെ മകൻ ശശി ബി.എസ്.സി. വരെ പഠിച്ചതിന്റെ ശേഷം അബുദാ ബിയിൽ ജോലിയായിരുന്നു. പുതുപ്പള്ളി ആലിന്റെ കിഴക്കേതിൽ മോളിയെ കല്യാണം കഴിച്ചു. ഇവർക്ക് രണ്ടു മക്കൾ ഉണ്ട്. ഒരു പുത്രനും ഒരു പുത്രിയും ശശി കുറ്റപ്പുഴയിൽ സ്വന്തം ബാങ്ക് നടത്തുന്നു.

ഇളയമകൾ ഷാജി ബി.കോ പാസായിട്ട് ഇപ്പോൾ ബഹറിനിൽ ജോലി ചെയ്യു ന്നു. ഓമല്ലൂർകുറിയിൽ സി.എസ്. മാത്യുവിന്റെ മകൾ ബാനാ എം.എ.എം.എഡ്, ആണ് ഭാര്യ.

**മലയിൽ ഉപശാഖ**

രജിസ്ട്രേഷൻ ഡയറക്ടറായിരുന്ന സി.മാത്തനാണ് ഈ ഉപശാഖയുടെ പിതാവ്. ഇദ്ദേ ഹത്തിന് നാലു പുത്രന്മാരും പത്ത് പുത്രിമാരുണ്ടായിരുന്നു.

ഡയഫ്രം

മൂത്തപുത്രി അക്കാമ്മയെ ചാത്തന്നൂർ പൊയ്യയ്യിൽ ഗീവറുഗീസ് മുതലാളി വിവാഹം ചെയ്തു.

രണ്ടാമത്തെ പുത്രി അച്ചാമ്മ വാകത്താനത്ത് ഇത്തിത്താനത്ത് പഴയാറ്റുങ്കൽ പുന്നൂ സിന്റെ ഭാര്യയാണ്.

മൂന്നാമത്തെ പുത്രി സി.എ. കുഞ്ഞമ്മയെ തിരുവല്ലാ കോവൂർ ഏലിയാച്ചൻ കല്യാണം കഴിച്ചു. ഏലിയാച്ചൻ തിരുവല്ലാ എം.ജി. എം ഹൈസ്കൂളിൽഅദ്ധ്യാപകനാ ണ്.

നാലാമത്തെ പുത്രി മറിയാമ്മയെ ചെന്നിത്തല പള്ളിതെക്കേതിൽ പുത്തൻപ റമ്പിൽ പെരുമാൾ വിവാഹം ചെയ്തു.

അഞ്ചാമത്തെ പുത്രി അന്നമ്മ മാത്തൻ (തങ്കമ്മ) അവിവാഹിതയാണ്. കുടും ബയോഗത്തിന്റെ വൈസ് പ്രസിഡന്റായി സേവനമനുഷ്ഠിച്ചിട്ടുള്ള തങ്കമ്മ തിരുമൂലപുരം ബാലികാമഠം ഹൈസ്കൂളിൾ അദ്ധ്യാപികയായും മർത്തമറിയം സമാജം സെക്രട്ടറി യായും പ്രവർത്തിച്ചിട്ടുണ്ട്. കുടുംബങ്ങളുടെ എല്ലാം സ്നേഹബഹുമാനങ്ങൾക്ക് പാത്രീ ഭൂതയായ തങ്കമ്മ അടൂർ സെന്റ് മേരീസ് വനിതാ മന്ദിരത്തിൽ താമസിക്കുന്നു.

**സി.എം. സഖറിയാ**

സി. മാത്തന്റെ മൂത്തമകനായ സി.എം. സക്കറിയാ (കുഞ്ഞൂഞ്ഞ്) കുണ്ടറ തടത്തുവിള യിൽ പണിക്കർ വക്കീലിന്റെ മകൾ സാറാമ്മയെ വിവാഹം ചെയ്തു. കൃഷിയും മറ്റു മായി പട്ടത്ത് താമസിച്ചിരുന്നു. രണ്ടുപുത്രന്മാരും രണ്ടു പുത്രിമാരുമുണ്ട്.

സീമന്തപുത്രൻ മാത്തൻ സഖറിയാ(തമ്പി എം.എ. ബിരുദം എടുത്തശേഷം വിഴിഞ്ഞം ഹൈസ്കൂളിൽ അദ്ധ്യാപകനായി ജോലി ചെയ്തു. റിട്ടയർ ചെയ്തശേഷം പട്ടത്തു താമസിക്കുന്നു. ഭാര്യ ചെല്ലമ്മ മെഡിക്കൽ കൗൺസിലിൽ ജോലി ചെയ്യുന്നു.

രണ്ടാമത്തെ പുത്രനായ കുഞ്ഞുമോൻ കോ- ഓപ്പറേറ്റീവ് ഡിപ്പാർട്ടുമെന്റിൽ അസിസ്റ്റന്റ് രജിസ്ട്രാറാണ്.

മൂത്ത പുത്രി എം.എ. ബിരുദധാരിയാണ്. കോതമംഗലം മാർ അതനേഷ്യസ് കോളേജിൽ അദ്ധ്യാപികയാണ്. ഭർത്താവ് ചാക്കോച്ചൻ കോതമംഗലത്തു ബിസിന സ്സായി കഴിയുന്നു.

ഇളയപുത്രി കുഞ്ഞുമോളെ തിരുവല്ലാ അയ്യാത്ത്. കെ.വി. ഫിലിപ്പോസിന്റെ (കുട്ടച്ചൻ) മകൻ കെ.പി. ചെറിയാൻ (രവി) വിവാഹം ചെയ്തു. രവി റബ്ബർ ബിസസിന സ്സായി നിലമ്പൂരിൽ താമസിക്കുന്നു.

സി.മാത്തന്റെ ആറാമത്തെ മകളായ പെണ്ണമ്മ (റേച്ചൽ) ഇപ്പോൾ സിസ്റ്റർ റേച്ചൽ ആയി അടൂരിൽ സെൻര്മേരീസ് ഹൈസ്കൂളിൽ മാനേജരായി സേവനം അനുഷ്ഠിക്കു ന്നു. ബി.എ ബി.എഡ് ബിരുദങ്ങൾ നേടി സിസ്റ്റർ റേച്ചൽ ആലുവാ മഹിളാലയം ഹൈസ്കൂളിലും പിന്നീട്. പൂനായിലും അദ്ധ്യാപിക ആയി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ഒരു വലിയ ശിഷ്യസനത്തിന്റെ ഉടമയാണു സിസ്റ്റർ റേച്ചൽ.

ഏഴാമത്തെ മകൾ ചിന്നമ്മ( സാറാമ്മ) വെണ്ണിക്കുളത്ത് കച്ചിറയ്ക്കൽ പി.സി. ജേക്കബിന്റെ ഭാര്യയാണ്. ചിന്നമ്മ ആലുവാ മഹിളാലയം ഹൈസ്കൂൾ അദ്ധ്യാപിക യായിരുന്നു.

**സി.എം. ജേക്കബ്**

തിരുവന്തപുരത്ത് ചാലക്കുഴി ലെയ്നിൽ തറവാട്ടിൽ തന്നെ താമസമാക്കിയ സി. മാത്തന്റെ രണ്ടാമത്തെ പുത്രനായ സി.എം. ജേക്കബ് (ചാക്കോച്ചൻ) ഔദ്യോഗിക വൃത്തങ്ങളിൽ അറിയപ്പെട്ടിരുന്ന ആളാണ്. ബി.എ.ബി.എൽ ബിരുദങ്ങൾ നേടി തിരുവിതാം കൂർ സർവ്വീസിൽ പ്രവേശിച്ച ചാക്കോച്ചൻ മജിസ്ട്രേട്ടായും ഡപ്യൂട്ടി സെക്രട്ടറിയായും അസിസ്റ്റന്റ് സിവിൽ സപ്ലൈ കമ്മീഷണറായും സെൻസസ് ഡപ്യൂട്ടി കമ്മീഷണറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. പള്ളത്ത് പാറപ്പുറത്ത് പി.ജെ.ജോൺ വക്കീലിന്റെ മകൾ ഏലിയാമ്മയെ വിവാഹം കഴിച്ചു. രണ്ടു പുത്രിമ്മാരും ഒരു പുത്രനുമുണ്ട്.

ഏകമകൾ സി.ജെ. മാത്യു (സണ്ണി) ബി.എസ്.സി എൻജിനീയറിംഗ് ഡിഗ്രി എടുത്ത ശേഷം ബാരത് ഹെവി ഇലക്ട്രിക്കൽസ് എന്ന കേന്ദ്രസ്ഥാപനത്തിൽ ചേർന്ന് ഇപ്പോൾ ഡപ്യൂട്ടി ജനറൽ മാനേജരായിരിക്കുന്നു. ഔദ്യോഗിക കാര്യങ്ങൾക്കായി ചെക്കോസ്ലാവോക്യ, റഷ്യ മുതലായ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. മേപ്രാൽ കണിയാന്ത്ര ജെ.കെ. തോമസിൻഫെ മകൾ മിനിമാത്യു ആണ് പത്നി. ഒരു പുത്രിയും രണ്ടു പുത്രന്മാരുമുണ്ട്. പുത്രന്മാരായ നവീൻ ജെ. മാത്യുവും അസ്വിൻ ജെ.മാത്യുവും എൻജിനീയറിംഗ് വിദ്യാർത്ഥികളാണ്. ഏക പുത്രി സമീൻ ജെ.മാത്യു ഹൈസ്കൂളിൽ പഠിക്കുന്നു.

ചാക്കോച്ചന്റെ സീമന്തപുത്രി ലില്ലി എം.എ കൊച്ചിൻ കോളേജിൽ പ്രഫസറാണ്. കൊച്ചിൻ ഷിപ്പ് യാർഡിൻ കോളേജിൽ പ്രഫസറാണ്. കൊച്ചിൻ ഷിപ്പ് യാർഡിലെ സുപ്രണ്ടിംഗ് എൻജിനീയറായ (ചെറിയാച്ചൻ) കെ.എ.ചെറിയാനാണ് ലില്ലിയെ വിവാഹം കഴിച്ചിരിക്കുന്നത്. എടത്വാ കാട്ടുഭാഗത്ത് കെ.കെ. ഏബ്രഹാമിന്റെ പുത്രനാണ് ചെറിയാച്ചൻ. ഇവരുടെ പുത്രൻ അബു ചെറിയാൻ മെഡിക്കൽ കോളജിലും പുത്രി സൂസൻ ചെറിയാൻ കോളജിലും പഠിക്കുന്നു.

ചാക്കോച്ചന്റെ ഇളയപുത്രി സുശീലയെ കുറിച്ചി പാട്ടശ്ശേരിൽ പി.പി. മാത്യുവിന്റെ മകൻ പി.എം. ആൻഡ്രൂ (ബേബി) വിവാഹം ചെയ്തു. എം.കോ. ബിരുദധാരിയായ ബേബി കോട്ടയം സി.എം. എസ്. കോളേജിലെ പ്രഫസറാണ്. അവർക്ക് മൂന്നു സന്താനങ്ങളുണ്ട്. മൂത്തമകൻ ആൻഡ്രൂസ് എൻജിനീയറിംഗ് കോളജിലും ഇളയമക്കൾ ബിജുവും ബിപിനും ഹൈസ്കൂളിലും പഠിക്കുന്നു.

സി.മാത്തന്റെ എട്ടാമത്തെ പുത്രി എലിസബത്തിനെ (ബേബി) മാന്നാർ കരുവേലിൽ കെ.ജി.ചെറിയാൻ (ചെറിയാൻകുഞ്ഞ്o വിവാഹം കഴിച്ചു.

ഒൻപതാമത്തെ പുത്രി ഡോക്ടർ പൊന്നമ്മയെ ജംഷഡ്പൂരിൽ പോലീസ് സുപ്രണ്ടായിരുന്ന റോസൽവെൽ സുഖ് വിവാഹം കഴിച്ചു

**സി.എം. മാത്തൻ**

സി.എം. മാത്തന്റെ മൂന്നാമത്തെ പുത്രിനായ സി.എം. മാത്തൻ (ഉണ്ണികുഞ്ഞ്) ബിസിനസ്സായി തിരുവന്തപുരത്ത് ചാലക്കുഴിയിൽ ലെയ്നിൽ താമസിച്ചിരുന്നു. ചെങ്ങന്നൂർ ചിറ്റൂർ വീട്ടിൽ കുഞ്ഞമ്മയെ വിവാഹം കഴിച്ചു. ഒരു മകനും നാലും പുത്രിമാരും ഉണ്ട്.

മൂത്തമകൾ ലീലാമ്മ ബി.എ.ബി.എഡ് ബിരുദങ്ങൾ നേടിയശേഷം അദ്ധ്യാപികയായി സേവനമനുഷ്ഠിക്കുന്നു. പുനലൂർ ആഞ്ഞിലിവേലിൽ കണ്ടത്തിൽ കുടുംബാംഗമായ കെ.പി. പോത്തനാണ്ലീലാമ്മയെ വിവാഹം കഴിച്ചത്. കെ.പി.പോത്തൻ തിരുവന്തപുരം ഗവൺമെന്റ് പോളിടെക്നിക്കിന്റെ പ്രിൻസിപ്പാളാണ്.

ഏകമകൻ സി.എം. മാത്യു ബി.എസ്.സി( എൻജിനീയറിംഗ്) ഡിഗ്രി എടുത്തു വിദേശത്തു ജോലി ചെയ്യുന്നു. കൊട്ടാരക്കര കുമ്പുകാട്ടു കുടുംബത്തിൽ നിന്ന് വിവാഹം കഴിച്ചു. ഭാര്യ സൂസമ്മ എം.ബി.ബി.എസ്സ് ബിരുദധാരിണിയാണ്. വിദേശത്തു ഡോക്ടറായി പ്രാക്ടീസ് ചെയ്യുന്നു.

മാത്തന്റെ രണ്ടാമത്തെ മകൾ മേരിക്കുട്ടിയെ വടശ്ശേരിക്കര താഴത്തില്ലത്തിൽ വിവാഹം ചെയ്തയച്ചു. മൂന്നാമത്തെ മകൾ ജെസ്സിയെ മാവേലിക്കരയിലും വിവാഹം ചെയ്തയച്ചു. മേരിക്കുട്ടിഎം.എസ്.സി പാസായിട്ട് പി.ആൻഡ്. റ്റി. ഡിപ്പാർട്ടുമെന്റിൽ ഉദ്യോഗത്തിലാണ്. ഭർത്താവ് പി.സി. ജോഷ്വാ എം.എ തിരുവന്തനപുരത്ത് ബിസിനസ്സ് ചെയ്യുന്നു. രോഹിണി ബി.എസ്.സി. ബി.എഡ് അദ്ധ്യാപകയായി സേവനമനുഷ്ഠിക്കു

ന്നു. ഭർത്താവ് ജെ.എ. തോമസ് ബി.എസ്.സി.ബി.എഡ്. ചാത്തന്നൂർ കാട്ടുങ്കര കുടുംബാംഗമാണ്.ജെസ്സി. എം,എ ബിരുദവും എടുത്ത് ഡൽഹി സർവ്വകലാശാലയിൽ ജോലിയിലാണ്. ഭർത്താവ് മാവേലിക്കര ഷാരോണിൽ ഡോക്ടർ പി.ജി. ജോർജ്ജിന്റെ മകൻ പി.ജി. ജോർജ് കേന്ദ്ര സെക്രട്ടറിയേറ്റിൽ ഉദ്യോഗസ്ഥനാണ്.

**ജോർജ് മാത്തൻ**

ദീർഘകാലമായി ഡൽഹിയിൽ താമസിക്കുന്ന ജോർജ് മാത്തൻ( ജോർജ്ജുകുട്ടി) സി മാത്തന്റെ കനിഷ്ഠ പുത്രനാണ്. ഡൽഹിയിൽ മലയാളികളുടെ ഇടയിൽ സുപരിചിതനായ ഇദ്ദേഹം ഇന്ത്യാ ഗവർമെന്റ് പ്രസ്സിന്റെ ജനറൽ മാനേജരായിട്ടുണ്ട് റിട്ടയർ ചെയ്തത്. അതിനുശേഷം ആലിഗാർ മുസ്ലീം സർവ്വകലാശാലയുടെ പ്രസിന്റെ മാനേജരായി കുറെകാലം സേവനമനുഷ്ഠിച്ച തിരുവല്ലാ പുളിമൂട്ടിൽ തോമാച്ചാന്റെ മകൾ ഡോക്ടർ റാഹേലമ്മയെ വിവാഹം കഴിച്ചു. ഡോ. റാഹേലമ്മ ദീർഘകാലം ഡൽഹിയിൽ കസ്തൂർബായി മെമ്മോറിയൽ ആശുപത്രിയുടെ സുപ്രണ്ടായിരുന്നു. സർവ്വീസിൽ ഇരിക്കുമ്പോൾ തന്നെ നിര്യാതനായി. ഒറു മകനും ഒരു മകളുംമുണ്ട്. മകൻ പൈലറ്റായി അമേരിക്കയിൽ താമസിക്കുന്നു. മകൾ അവിവാഹിതയാണ്. ആദ്യ ഭാര്യയുടെ നിര്യാണത്തിനുശേഷം ജോർജുകുട്ടി ഡൽഹിയിൽ നേഴ്സിംഗ് സൂപ്രണ്ടായിരുന്ന ഏലിയാമ്മയെ വിവാഹം കഴിച്ചു. ഈ വിവാഹത്തിൽ സന്താനങ്ങളില്ല.

സി.മാത്തന്റെ ഇളയപുത്രിയായ അപ്പിക്കുട്ടിയെ (എസ്തേറിനെ) എടത്വാ കാഞ്ഞിരപ്പള്ളിയിൽ ഡോ. പി.സി. ജേക്കബ് വിവാഹം കഴിച്ചു.ഡോ. പി.സി.ജേക്കബ് തിരുവനന്തപുരത്ത് ദന്ത ഡോക്ടറായി പ്രാക്ടീസ് ചെയ്യുന്നു. ലെഫ് കേണൽസി.ജേക്കബ്, ഡന്റൽ കോളേജ് പ്രഫസർ ഡോ. ജോർജ് ജേക്കബ്, മേജർ എബ്രഹാംജേക്കബ്, സ്ക്വാഡ്റൻലീഡർ ബാബു ജേക്കബ്, ജോൺ ജേക്കബ്, ബിജോയി, അലക്സ് എന്നിവർ പുത്രന്മാരാണ്.

## പുത്തൻപുരയ്ക്കൽ ഉപശാഖ

ഈ ഉപശാഖയിലെ പിതാവായ സി. തോമസിന് ഒരു പുത്രനും നാലു പുത്രിമാരും ഉണ്ടായിരുന്നു.

**സി.തോമസ്**

(പുത്തൻപുരയ്ക്കൽ ഉപശാഖ)

മൂത്ത പുത്രി അന്നമ്മയെ തിരുവല്ലാ കൊല്ലവന കെ.പി. മാത്യു വിവാഹം കഴിച്ചു.

രണ്ടാമത്തെ പുത്രി ആച്ചിയമ്മായുടെ ഭർത്താവ് അയിരൂർ പന്തോളിൽ പി. സി. സൈമൺ ആണ്.

**സി.റ്റി.ഏബ്രാം**

ചാലക്കുഴി കുടുംബയോഗത്തിന്റെ ഇപ്പോഴത്തെ പ്രസിഡന്റായ സി.റ്റി. ഏബ്രഹാം (അവറാച്ചൻ) ഈ ഉപശാഖയിലെ ഏക മകനാണ്. കുടുംബാഗങ്ങളുടെ കാര്യങ്ങളിൽ അവറാച്ചൻ സജീവമായ താല്പര്യം കാണിക്കാറുണ്ട്. ഇദ്ദേഹം കോഴഞ്ചേരി കോയിത്തോട്ടത്തു മലയിൽ ഫിലിപ്പോസിന്റെ മകൾ മറിയാമ്മയെ വിവാഹം ചെയ്തു. കൃഷിയും ഗൃഹഭരവുമായി കാവുംഭാഗത്ത് പുത്തൻപുരയ്ക്കൽ താമസിക്കുന്നു. നാലും പുത്രന്മാർ ജനിച്ചു. മൂത്തമകൻ തോമസ് വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ നിര്യാതനായി.

രണ്ടാമത്തെ മകൻ സി.എം.ഫിലിപ്പ് (കുഞ്ഞു) ബി.എ. പാസ്സായശേഷം സതേൺ റയിൽവവേ സർവ്വീസിൽ ജോലിയായി ചേർന്നു. ഇപ്പോൾ സ്റ്റേഷൻ മാസ്റ്ററായി തിരുവല്ലായിൽ സേവനമനുഷ്ഠിക്കുന്നു. മല്ലപ്പള്ളി ആനിക്കാട് കരിമ്പനാമണ്ണിൽ സി.റ്റി. ജോർജ്ജിന്റെ മകൾ ലില്ലിയെ വിവാഹം കഴിച്ചു. ലില്ലി ബി.എ. ബിരുദം എടുത്തു ടെലഫോൺ എൻജിനീയറിംഗ് വിഭാഗത്തിൽ സൂപ്പർവൈസറാണ്. ബിജു ഫിലിപ്പ് ജിജി ഫിലിപ്പ് എന്ന രണ്ടു പുത്രന്മാരുണ്ട്യ ഇരുവരും വിദ്യാർത്ഥികളാണ്.

മൂന്നാമത്തെ മകൻ സി.എ. മാത്യു (മാത്തുക്കുട്ടി) ബി.കോ പാസ്സായിട്ട് ഭാരതീയ സ്റ്റേറ്റ് ബാങ്ക് മാനേജരായി സേവനമനുഷ്ഠിക്കുന്നു. ചാത്തന്നൂർ കോയിപ്പുറത്ത് ജേക്കബിന്റെ മകൾ സരസ്സുവിനെയാണ് വിവാഹം കഴിച്ചത്. സരസ്സു എം.എ ബിരുദം നേടിയിട്ടുണ്ട്. ഒരു പുത്രനും ഒരു പുത്രിയും ഉണ്ട്. വിനു ഏബ്രഹാം മാത്യപ, മീരാ മാത്യു രണ്ടു പേരും സ്കൂളിൽ പഠിക്കുന്നു.

നാലാമത്തെ മകൻ സി.എ. തോമസ് (ബാബു) ബി.എസ്.സി ബിരുദമെടുത്ത് എ.വി. തോമസ് ആൻഡ് കമ്പനിയിൽ ഉദ്യോഗമായി ചേർന്നു. ഇപ്പോൾ കമ്പനിയുടെ കട്ടപ്പന ശാഖയുടെ മാനേജരാണ്. മാവേലിക്കര കറുത്തേടത്ത് സി.റ്റി. ജോസഫിന്റെ

മകൾ ലൈല ബി.എ.യെ വിവാഹം കഴിച്ചു. രണ്ടു പുത്രന്മാരുണ്ട്. റെനു ഏബ്രഹാം തോമസും ജിനു ജോസഫ് തോമസും സ്കൂൾ വിദ്യാർത്ഥികളാണ്.

## അദ്ധ്യായം 13

## കിഴക്കേവീട്ടിൽ ശാഖയുടെ ഉപശാഖകൾ

## കനകപ്പലം ഉപശാഖ

ഈ ഉപശാഖയുടെ ആദ്യപിതാവായ മാത്തന് സന്താനങ്ങൾ ജനിച്ചു. ആദ്യത്തെ പുത്രനും രണ്ടാമത്തെയും മൂന്നാമത്തെയും പുത്രിമാരും ചെറുപ്പത്തിൽതന്നെ മരിച്ചു പോയി. അവരുടെ പേരുകൾ ആ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

**മാത്തൻ**

**(കനകപ്പലം ഉപശാഖ)**

മൂത്ത മകൾ ശോശാമ്മയെ ഒളശ മഞ്ചയിൽ തോമസ് നടുവത്തടി വിവാഹം കഴിച്ചു. ഇവർക്ക് ഏഴു സന്താനങ്ങളുണ്ട്. നാല് ആൺമക്കളും മൂന്ന് പെൺമക്കളും

രണ്ടാമത്തെ മകൾ മറിയാമ്മയെ (കുഞ്ഞൂഞ്ഞമ്മ) നാറാണംമൂഴി അറയ്ക്കമണ്ണിൽ എ.എം. ജോസഫ് ബി.എ.ബി.റ്റി. വിവാഹം കഴിച്ചു. അവർക്ക് നാലു പുത്രന്മാരും രണ്ടു പുത്രിമാരുംമുണ്ട്.

**സി.എം.മത്തായി**

ചാലക്കുഴി കുടുംബയോഗത്തിന്റെ സെക്രട്ടറിയായിരിക്കുന്ന സി.എം മത്തായി ഈ ഉപശാഖയിലെ മൂത്ത പുത്രനാണ്. കനകപ്പലത്ത് ഭൂവുടമയായി താമസിക്കുന്ന മത്തായിക്കുട്ടി മുണ്ടക്കയത്ത് വയൽപുരേത്ത് കുടുംബാംഗമായ അന്നമ്മയെ കല്യാണം കഴിച്ചു. ഒരു പുത്രൻ ഉണ്ട്. ഏക പുത്രൻ എബി. മത്തായി വിദേശത്ത് ജോലി ചെയ്യുന്നു. വേളൂർ പുത്തൻപുരയ്ക്കൽ അക്കാമ്മയാണ് എബിയുടെ ഭാര്യ.

**സി.എം ഏബ്രഹാം**

രണ്ടാമത്തെ മകനായ സി.എം. ഏബ്രാഹം (പാപ്പച്ചൻ) കോഴഞ്ചേരി മണ്ണിൽ കുടുംബാംഗമായ അമ്മിണിയെ വിവാഹം കഴിച്ചു. ഇവർക്ക് നാലും പുത്രന്മാരും ഒരു പുത്രിയുമുണ്ട്.

മൂത്ത മകൻ ജിജി കുമ്പനാട് ഊരേപ്പടിക്കൽ കുടുംബത്തിൽ നിന്നുംകല്യാണം കഴിച്ചു. സൂസിയാണ് ഭാര്യ ഇവർക്ക് ഒരു മകൾ ഉണ്ട്.

രണ്ടാമത്തെ മകൻ ജോമോൻ കനകപ്പലത്ത് താമസമാക്കിയ പുതികോട്ടു കുടുംബത്തിൽപെട്ട ജെസിയെ വിവാഹം ചെയ്തു.

മൂന്നാമത്തെ മകൻ ജിബു തിരുവല്ലാ തുകലശ്ശേരി കുന്നുപുറത്ത് രാജുവിന്റെ മകൾ ,ീലയുടെ ഭർത്താവാണ്. ഇവർക്ക് രണ്ടു സന്താനങ്ങളുണ്ട്.

സി.എം. കുര്യക്കോസ്

ഈ ഉപശാഖയിലെ ഇളയ പുത്രനായ സി.എം. കുര്യക്കോസ് (കുര്യച്ചൻ പുത്തൻകാവിൽ പുതിയ വീട്ടിൽ സാറാമ്മയെ കല്യാണം കഴിച്ചു. ഒരു മകനും ഒരു മകളും ഉണ്ട്. ഏക മകൾ സുനു പുത്തൻകാവിൽ പുത്തൻപുരയ്ക്കൽ ജോയുടെ ഭാര്യയാണ്.

സി.എം. കുര്യാക്കോസിന്റെ മൂത്ത സഹോദരിയായ ഏലിക്കുട്ടിയെ (പൊന്നമ്മ) കരിപ്പുഴ വടശ്ശേരിൽ ഉമ്മൻ വിവാഹം കഴിച്ചു. ഇളയ സഹോദരി മോളിയുടെ മല്ലപ്പള്ളിയ്ക്കു സമീപം മുക്കൂർ തേലമണ്ണിൽ തോമസ് കല്യാണം കഴിച്ചു. ഇവർക്ക് മൂന്നു പുത്രിമാരുണ്ട്.

**മലയിൽ ഉപശാഖ**

ദിവ്യശ്രീ ഗീവറുഗീസു കത്തനാരാണ് ഈ ഉപശാഖയുടെ പിതാമഹൻ. ഇദ്ദേഹത്തിന് മൂന്നു പുത്രന്മാരും ജനിച്ചു.

ഡയഫ്രം

## സി.ജി. മത്തായി

മൂത്ത മകൻ സി.ജി. മത്തായി (മത്തായകുട്ടി) ബർമ്മാഷെൽ കമ്പനിയിൽ എറണാകുളത്ത് ഉദ്യോഗത്തിലിരുന്ന് റിട്ടയർ ചെയ്ത് എറണാകുളത്ത് ഗിരിനഗറിൽ താമസിക്കുന്നു. പനയംപാല പീലിക്കുഴിയിൽ ഗീവറുഗീസിന്റെ മകൾ കുഞ്ഞൂഞ്ഞമ്മയാണ് പത്നി. ഒരു പുത്രിയുണ്ട്. മകൾ മേഴ്സിക്കുട്ടി മാത്യു എം.ബി.ബിഎസ് ബിരുദം നേടി കായംകുളത്ത് ഡോക്ടറായിരിക്കുന്നു. പന്തളത്തിനടുത്ത് കുടശനാട്ട് തേവിരേത്ത് ഡോക്ടർ രാജൻ ജോർജ് എം.ഡി ആണ് മേഴ്സിക്കുട്ടിയുടെ ഭർത്താവ്. രാജൻഹരിപ്പാട് സർക്കാർ ആശുപത്രിയിൽ സേവനമനുഷ്ഠിക്കുന്നു. വിനോദ് രാജു പുത്രനും അശ്വതി രാജു പുത്രിയുമാണ്.

## സി.ജി. ജോസഫ്

രണ്ടാമത്തെ പുത്രനായ സി.ജി. ജോസഫ് (ബേബി) ബി.എസ്.സി പോസ്റ്റുമാസ്റ്ററായിരുന്നു. റിട്ടയർ ചെയ്ത് തിരുവല്ലാ കുറ്റപ്പുഴയിൽ താമസിക്കുന്നു. ആനിക്കാട് ഓവുമണ്ണിൽ റേച്ചൽ (കുഞ്ഞമ്മ) ആണ് സഹധർമ്മിണി. രണ്ടു പുത്രിമാരും ഒരു പുത്രനുമുണ്ട്. മൂത്ത മകൾ പുഷ്പയെ (മറിയാമ്മ) നെടുമ്പ്രത്തും രണ്ടാമത്തെ മകൾ ഷൈലയെ മല്ലപ്പള്ളി നെല്ലിമൂട് ചാമക്കാലായിലും വിവാഹം കഴിച്ചയച്ചു.

ഏക മകൾ ജോർജ്ജും ബി.എ. ഡിഗ്രി എടുത്തശേഷം വിദേശത്തു ജോലി ചെയ്യുന്നു.

ഗീവറുഗീസ് കത്തനാരുടെ സീമന്തപുത്രി അന്നമ്മയെ കുണ്ടറയില നെടുമ്പായിക്കുളത്ത് പുത്തൻവീട്ടിൽ ജോൺസൺ കല്യാണം കഴിച്ചു. ഇവർക്ക് മൂന്നു പുത്രിമാരുണ്ട്. രണ്ടാമത്തെ പുത്രി മറിയാമ്മ കുമ്പനാട്, ചൂണ്ടമണ്ണിൽ സൈമൺന്റെ സഹധർമ്മിണിയാണ്. ഒരു പുത്രനും രണ്ടു പുത്രിമാരുണ്ട്.

ഇളയമകൾ സി.ജെ യോവേൽ അവിവാഹിതനായി കുടുംബത്ത് താമസിക്കുന്നു.

## മലയിൽ ഉപശാഖ

ഈ ഉപശാഖയുടെ കാരണവരായ സി.എം. ഉമ്മന് (കൊച്ചുപാപ്പി) ഏഴു പുത്രന്മാരും മൂന്നു പുത്രിമാരുമുണ്ട്.

സി.എം. ഉമ്മൻ

മലയിൽ ഉപശാഖ

ഡയഗ്രം

## സി.ഒ. മത്തായി

കേന്ദ്രസർക്കാരിന്റെ ജിയോജിവകുപ്പിൽ ഉദ്യോഗസ്ഥനായിരുന്ന സി.ഒ. മത്തായി മാവേലിക്കര ഇഞ്ചയ്ക്കൽ കോട്ടയിൽ മറിയാമ്മയെ (കുഞ്ഞൂഞ്ഞമ്മ) വിവാഹം കഴിച്ചു. മത്തായിക്കുട്ടി തിരുവനന്തപുരത്ത് ജിയോളജിസ്റ്റായി സേവനമനുഷ്ഠിച്ചുകൊണ്ടിരുന്ന കാലത്ത് നിര്യാതനായി. ഒരു പുത്രനും ഒരു പുത്രിയുമുണ്ട്.പുത്രൻ സി.എം. തോമസ് ജിയോളജിയിൽ എം.എസ്.സി. ബിരുദം നേടി കേന്ദ്രജിയോളജിവകുപ്പിൽ സേവനമനുഷ്ടിക്കുന്നു. ഏകപുത്രി ഡോക്ടർ അന്നമ്മ തോമസ് എം.എസ് ബിരുദധാരിയാണ്. ഭർത്താവ് ഡോക്ടർ തോമസ് ഏബ്രഹാം എം.ഡി പിറവത്തു മണലിൽ കുടുബാംഗമാണ്. ഇരുവരും കങ്ങഴ ആശുപത്രിയിൽ സേവനമനുഷ്ഠിക്കുന്നു.

## സി.ഒ ചാക്കോ

അവിവാഹിതനായി തിരുവല്ലായിൽ താമസിക്കുന്നു.

## സി.ഒ. ഉമ്മൻ

പശ്ചിമ ബംഗാളിൽ ചിത്തരഞ്ജൻ ഫാക്ടറിയിൽ ഉദ്യോഗസ്ഥനായിരുന്നു. റിട്ടയർ ചെയ്ത് തിരുവല്ലായിൽ താമസിക്കുന്നു. മേപ്രാൽ കണിയാംപറമ്പിൽ സൂസമ്മയായിരുന്നു ഭാര്യ.. ഒരു പുത്രനും മൂന്നു പുത്രിമാരുമുണ്ട്.

മൂത്ത പുത്രി അന്നമ്മയെ (റൂബി) തോനയ്ക്കാട് കൊല്ലമ്പറമ്പിൽ ഏബ്രഹാം (മാത്തുക്കുട്ടി) വിവാഹം കഴിച്ചു. സാറാമ്മയും മറിയാമ്മയും പുത്രമാരും, മത്തായി ഏകമകനുമാണ്. എല്ലാവരും വിദ്യാഭ്യാസം തുടർന്നുകൊണ്ടിരിക്കുന്നു.

## സി.ഒ.ജോർജ്ജ്

നാലാമത്തെ പുത്രനായ സി.ഒ. ജോർജ് ബി.എസ്സി പാസായശേഷം ദുർഗാപൂരിൽ ഉദ്യോഗമായി കഴിയുന്നു. കാർത്തികപ്പള്ളിയിൽ പുളിമൂട്ടിൽ ഓമന ബി.എസ്സി.ആണ്. സഹധർമ്മിണ്. ഇവർക്ക് തോമസ്, കോശി, ആനി എന്നു പോരുള്ള മൂന്നു സന്താനങ്ങൾ

ഉണ്ട്.

സി.എം. ഉമ്മന്റെ മൂത്ത പുത്രി കുഞ്ഞീഞ്ഞമ്മയെ അയിരൂർ തെക്കേമുറിയിൽ റ്റി.വി. ചെറിയാൻ വിവാഹം കഴിച്ചു. ഇവർക്ക് നാലു സന്താനങ്ങളുണ്ട്.

സി.ഒ ഏബ്രഹാം (കുഞ്ഞവറാച്ചൻ) അവിവാഹിതനാണ്.

**സി.ഒ. ഏസ്ക് (കുഞ്ഞായി)**

ബീഹാറിൽ ഉദ്യോഗസ്ഥനായി കഴിയുന്നു. പള്ളത്ത് പറങ്ങോട്ടു വീട്ടിൽ പി.എം. കോരയുടെ മകൾ ആനിയെ വിവാഹം കഴിച്ചു. ആനി ബി.എ.ബി.എഡ് ബിരുദധാരിയാണ്. രണ്ടു സന്താനങ്ങൾ ഉണ്ട്. രേഖ, എൽസാ.

രണ്ടാമത്തെ പുത്രി അന്നമ്മ (പൊന്നു) ബി.എസ്സി പാസായി കേരള ഇലക്ട്രിസിറ്റി ബോർഡിൽ ഉദ്യോഗസ്ഥയാണ്. ഭർത്താവ് കോശി അലക്സ് ബി.എ. കേരള സെക്രട്ടറിയേറ്റിലെ ഉദ്യോഗസ്ഥനാണ്. കടമ്പനാട് താഴേതിൽ റ്റി.ജി. കോശിയുടെ മകനാട് കോശി അലക്സ് പരുത്തിപ്പാറയിൽ താമസിക്കുന്നു. രണ്ടു മക്കളുണ്ട്.

ഇളയ പുത്രി മറിയാമ്മ (കൊച്ചുപെങ്ങൾ) ബി.എസ്സി. ബി.എഡ്. ബിരുദങ്ങൾ നേടി ബാങ്ക് ഓഫീസറായി തിരുവനന്തപുരത്തു താമസിക്കുന്നു. ഭർത്താവ് പി.എം. ഫിലിപ്പോസ് ബി.എ. യും ബാങ്ക് മാനേജരാണ്.

ദിവ്യ ശ്രീ. പി.എം. ഈപ്പൻ അച്ചന്റെ സഹോദരനാണ്. പി.എം. ഫിലിപ്പോസ്, തിരുവനന്തപുരത്ത് പട്ടത്തു താമസിക്കുന്നു. ഒറു പുത്രനുണ്ട്.

**സി.ഒ.ജോൺ**

കൊച്ചുപാപ്പിയുടെ ഇളയ മകനായ സി.ഒ ജോൺ കേരള സർവ്വീസിൽ വിജിലൻസ് വകുപ്പിൽ വകുപ്പിൽ തിരുവനന്തപുരത്തു ജോലി ചെയ്യുന്നു.

കാവുംഭാഗം ഉപശാഖ

ഈ ഉപശാഖയുടെ പിതാമഹനായ സി.ജെ. ഉമ്മന് (കൊച്ചുപാപ്പി) നാലു പുത്രന്മാരും ഒരു പുത്രിയുമുണ്ട്.

**സി.ജെ ഉമ്മൻ**

ഡയഗ്രം

സി.ഒ. യോവേൽ

മൂത്തപുത്രൻ സി.ഒ. യോവേൽ തുമ്പമൺ കരിങ്ങാട്ടിൽ തങ്കമ്മയെ വിവാഹം കഴിച്ചു. ബോംബെയിൽ ഉദ്യോഗത്തിലായിരുന്നു. രണ്ടു സന്താനങ്ങൾ ഉണ്ട്.

സി.ഒ. സ്റ്റീഫൻ (സ്തോപ്പാച്ചൻ)

കരിപ്പുഴയിൽ നിന്നും ലില്ലിക്കുട്ടിയെ വിവാഹം കഴിച്ചു. ഒരു പുത്രനുണ്ട്.

**സി.ഒ. തോമസ്.**

പശ്ചിമ ബംഗാളിൽ റയിൽവേ ഉദ്യോഗസ്ഥനായിരുന്ന സി.ഒ. തോമസ് ഒരു ബംഗാളി വനിതയെ വിവാബം ചെയ്തു അസൻസോൾ എന്ന സ്ഥലത്ത് താമസിക്കുന്നു. മൂന്നു പുത്രമാരുണ്ട്. മൂന്നുപേരും വിദ്യാർത്ഥികളാണ്.

കൊച്ചുപാപ്പിയുടെ ഏകമകൾ അമ്മുക്കുട്ടിയെ വിവാഹം ചെയ്തത്. മാന്നാർ വള്ളക്കാലിൽ ഉമ്മച്ചന്റെ മകൻ വി.ഒ. ഉമ്മനാണ്. പന്തളത്ത് സ്ഥിരതാമസമാക്കിയ ഉമ്മച്ചൻ പെട്രോൾ പമ്പും കോൺട്രാക്റ്റും മറ്റു ബിസിനസ്സുകളും നടത്തുന്നു.

**സി.ഒ. അലക്സാണ്ടർ**

ഇളയ പുത്രനായ സി.ഒ. അലക്സാണ്ടർ കുറിച്ചിയിൽ സ്ഥിരതാമസമാക്കി. ഇദ്ദേഹത്തിന്റെ സഹധർമ്മിണി കങ്ങഴ കുടുംബാംഗമാണ്.

**ഇടച്ചേരിൽ ഉപശാഖ**

ഈ ഉപശാഖയുടെ പിതാമഹനായ സി.ജെ. ചാണ്ടിയ്ക്ക് (ഉണ്ണിക്കുഞ്ഞ്( മൂന്നു പുത്രന്മാരും ഒരു പുത്രയുമുണ്ട്.

**സി.ജെ. ചാണ്ടി**

**(ഇടച്ചേരിൽ ഉപശാഖ)**

സീമന്തപുത്രി സി.സി. മറിയാമ്മയെ കോട്ടയം പുകടിയിൽ കുടുംബാംഗമായ ഡോക്ടർ പി.ജെ. പുകടിയിൽ വിവാഹം കഴിച്ച് അഹമ്മദ്ബാദിൽ താമസിക്കുന്നു.

**സി.സി. യോവേൽ**

മൂത്ത പുത്രൻ സി.സി. യോവേൽ ഭോപ്പാലിൽ എൻജിനീയറാണ്. പെരുന്തുരുത്തി പൈനുമൂട്ടിൽ കുടുംബാംഗമായ അമ്മുക്കുട്ടിയാണ് ഭാര്യ. ബിജു, കിറ്റി, എന്നു പേരുള്ള രണ്ട് സന്താനങ്ങൾ ഉണ്ട്.

**സി.സി. ജോർജ്**

രണ്ടാമത്തെ പുത്രനായ സി.സി. ജോർജ് (കുഞ്ഞുമോൾ) കേന്ദ്ര കസ്റ്റംസ് വകുപ്പിൽ ഇൻസ്പെക്ടറാണ്. ചെങ്ങന്നൂർ ഏറ്റുവള്ളിയിൽ ഏലിയാമ്മയെ (ലൈലാമ്മ) വിവാഹം ചെയ്തു. തിരുവല്ലാ പൗവ്വർ ഹൗസ് റോഡിൽ താമസിക്കുന്നു. മക്കളായ സൂസനും സജിയും ജിജിയും ജൂലിയും വിദ്യാർത്ഥികളാണ്.

**സി.സി. ഉമ്മൻ**

മൂന്നാമത്തെ മകനായ സി.സി. ഉമ്മൻ (രാജു) മല്ലപ്പള്ളി പെരുമ്പട്ടി മണ്ണിൽ ലീലാമ്മയെ വിവാഹം കവിച്ച് ഇടശ്ശേരിയിൽ താമസിക്കുന്നു. മൂന്ന് മക്കളുണ്ട്.

**മില്ലിൽ ഉപശാഖ**

മില്ലിൽ ഉപശാഖയുടെ പിതാവായ സി.ജെ. മാത്യുവിന് (മത്തായിച്ചൻ) അഞ്ചു പുത്രന്മാരും ഒരു പുത്രിയുമുണ്ട്.

**സി.എം.യോവേൽ.**

(ബേബി) ജബൽപൂരിൽ ഓർഡിനൻസ് ഫാക്ടറിയിൽ ഉദ്യോഗസ്ഥനാണ്. മേൽപ്പാടത്ത് കോട്ടയിൽ പടിഞ്ഞാറേതിൽ കുഞ്ഞൂഞ്ഞിന്റെ മകൾ ലീലാമ്മയെ വിവാഹം കഴിച്ചു. രണ്ടു പുത്രന്മാരുണ്ട്. വിജി.വിലാഫ്, ഇരുവരും സ്കൂൾ വിദ്യാർത്ഥികളാണ്.

സി.എം. ജേക്കബ്(രാജു) വിദേശത്തു ജോലി ചെയ്യുന്നും കുറ്റപ്പുഴ വാരിക്കാട്ട്, തൈപറമ്പിൽ ജോസപിന്റെ മകൾ ലീലാമ്മയെ വിവാഹം കഴിച്ചു. രണ്ടു പുത്രന്മാരുണ്ട്. റജി. റീനോ.

സി.എം. മാത്യു. (കുഞ്ഞുമോൻ) മദ്രാസിൽ സ്ഥിരമായി താമസിക്കുന്നു. ആവടി ടാങ്ക് നിർമ്മാണ ഫാക്ടറിയിലെ ഉദ്യോഗസ്ഥനാണ്. എടത്വാ കരിംപറമ്പിൽ കുഞ്ഞൂഞ്ഞിന്റെ മകൾ റോസലിൻ എം.എസ്സി.ബി.എഡ്. നെ വിവാഹം കഴിച്ചു. റോസലിൻ കേന്ദ്രവിദ്യാലയത്തിലെ അദ്ധ്യാപികയാണ്. രണ്ട് സന്താനങ്ങൾ ഉണ്ട്. മകൻ റീമോ, മകൾ റമി,

മത്തായിച്ചന്റെ ഏകപുത്രി മേരിക്കുട്ടിയെ (മറിയാമ്മ) കൊട്ടാരക്കര കിഴക്കേ തെരുവ് കിഴക്കേടത്ത്. പാലവിളയിൽ പി.കെ വറുഗീസ് വിവാഹം കഴിച്ചു.

സി.എം. തോമസ്

ബി.എസ്.സി. പാസ്സായ ശേഷം കെനിയായിൽ അദ്ധ്യാപകനായി സേവനം അനുഷ്ഠിക്കുന്നു. കുടുംബയോഗത്തിന്റെ മുൻ സെക്രട്ടറിയായ തോമസുകുട്ടി ചാത്തന്നൂർ പൂയപ്പള്ളിൽ ഗീതയെ വിവാഹം കഴിച്ചു. എം. എ ബിരുദമുള്ള ഗീതയും കെനിയായിൽ അദ്ധ്യാപികയാണ്. മൂന്ന് സന്താനങ്ങൾ ഉണ്ട്. മഞ്ചു, മഹേഷ്, പുത്രന്മാരും മറിയം പുത്രിയുമാണ്.

**സി.പോൾ മാത്യു**

ഇളയ പുത്രനായ ജോയിക്കുട്ടി(പോൾ മാത്യു) ബി.എ. പാസ്സായിട്ട് ഫിസിക്കൽ എഡ്യൂക്കേഷനിൽ മാസ്റ്റേഴ്സ് ഡിഗ്രി (ങ.ജ.ഋറ) നേടി. ഗാന്ധിജി സർവ്വകലാശാലയിൽ ഉദ്യോഗത്തിലാണ്. കല്ലട ചുങ്കത്തിൽ രാജമ്മയെ (ബി.എ.ബി.എഡ്) വിവാഹം കഴിച്ചു.

**മുത്തൂർ ഉപശാഖ**

സി.ജെ. പൗലോസ് ആണ് ഈ ഉപശാഖയുടെ പിതാമഹൻ. നാലു സന്താനങ്ങൾ ഉണ്ട്.

സി.ജെ പൗലോസ്

**സി.പി.യോവേൽ**

ബിസിനസ്സായി തിരുവല്ലായിൽ താമസിക്കുന്നു. തുമ്പമൺ വീട്ടിൽ നിന്നും സാരോയെ വിവാഹം കഴിച്ചു. സരോബി.എ. തിരുവല്ലാ സെന്റ് മേരീസ് സ്കൂൾ അദ്ധ്യാപികയാണ്. ഇവർക്ക് മൂന്നു സന്താനങ്ങളുണ്ട്.

മൂത്ത മകൾ ഷീലയെ ചേപ്പാട്ട് പുളിമൂട്ടിൽ എൻജിനീയർ ചാക്കോ ഫിലിപ്പ് നാട്ടിൽ തിരിച്ചെത്തി എറണാകുളത്തു ബിസിനസ്സ് ചെയ്യുന്നു.

രണ്ടാമത്തെ മകൾ മോനിയ്ക്ക് ബി.എസ്.സി. ബി.എഡ്. ബിരുദങ്ങൾ ഉണ്ട്.

വളഞ്ഞവട്ടം പാണ്ടംപടവിൽ വിരുത്തിയിൽ കെ.കെ. മാത്യു എം.എസ്.സി. വിവാഹം കഴിച്ചു. ഇദ്ദേഹം തിരുവല്ലാ മാർത്തോമ്മാ കോളേജിൽ പ്രഫസറാണ്. മോനി അദ്ധ്യാപികയാണ്.

ഫിലിപ്പ് പോൾ ഇളയപുത്രനായ ഫിലിപ്പ് പോൾ (അനിയൻ) എം.എസ്.സി. ബിരുദാനന്തരം എറണാകുളത്ത് റ്റാറ്റാ ഓയിൽ മിൽസിൽ ഉദ്യോഗസ്ഥനാണ്. ഭാര്യ ബിന എം.എസ്.സി തൃപ്പൂണിത്തറ കളരിക്കൽ കുടുംബാംഗമായ കെ.ഒ. ബേബിയുടെ പുത്രിയാണ്. കെ.ഒ. ബേബി ഇൻകം ടാക്സ് കമ്മീഷണറായിരുന്നു. അനിയനും കുടുംബവും എറണാകുളത്ത് സ്വവസതിയിൽ താമസിക്കുന്നു.

**പൈനുമൂട്ടിൽ ശാഖയുടെ ഉപശാഖ**

**പൈനും മൂട്ടിൽ ഉപശാഖ**

ഈ ഉപശാഖയുടെ പിതാമഹനായ ഗീവറുഗീസ് കത്തനാർക്ക് ഒരു പുത്രിയും രണ്ടു പുത്രന്മാരും ഉണ്ടായിരുന്നു.

**ഗീവറുഗീസ് കത്തനാർ**

**വല്യച്ചൻ**

ഡ

ഏകപുത്രി മറിയാമ്മയെ കുമരകം തുണ്ടത്തിൽ ഇട്ടൂപ്പ് വിവാഹം ചെയ്തു.

മത്തായി

മൂത്തമകൾ മത്തായികുഞ്ഞ് തിരുവല്ലാ ചെത്തിക്കാട് ഏലിയാമ്മയെ വിവാഹം കഴിച്ചു. തിരുവല്ലാ എം.ജി.എം. ഹൈസ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന സി.ജി. വറുഗീസിന്റെ സഹോദരിയാണ് ഏലിയാമ്മ പാലിയേക്കര പള്ളിയുടെ തെക്കുവശത്തുള്ള മാളിയേക്കൽ പുരയിടത്തിൽ കൃഷിയും ഗൃഹഭരണവുമായി താമസിച്ചിരുന്നു.

മത്തായികുഞ്ഞിന് രണ്ടു പുത്രന്മാരും രണ്ടുപുത്രിമാരുമുണ്ടായിരുന്നു. മൂത്ത പുത്രൻ (തോമാച്ചൻ) സി.എം. തോമസ് കുറെക്കാലം കുടുംബയോഗത്തിന്റെ പ്രസിഡന്റായിരുന്നു. കുടുംബയോഗത്തിന് ഉദാരമായ സംഭാവനകൾ ചെയ്തിട്ടുള്ള തോമാച്ചൻ നിർദ്ധനരായ കുടുംബാംഗങ്ങളെ സഹായിക്കുന്നതിന് ഒരു എൻഡോമെന്റ് ഉണ്ടാക്കിയിട്ടുണ്ട്. മല്ലപ്പള്ളി മോടയിൽ പോത്തച്ചന്റെ മകൾ ഏലിയാമ്മയെ വിവാഹം കഴിച്ചു. ദീർഘകാലം മല്ലപ്പള്ളി സി.എം.എസ്. ഹൈസ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന. എം. എം. തോമസ് സാറിന്റെ സഹോദരിയാണ് ഏലിയാമ്മ.

മത്തായികുഞ്ഞിന്റെ കനിഷ്ഠ പുത്രനായ എം.എം. കുര്യൻ (കുര്യച്ചൻ) വിദ്യാർത്ഥിയായിരുന്ന കാലത്ത് ഒരു ഫുട്ബോൾ താരമായിരുന്നു. ബി.എ.ഡിഗ്രി എടുത്തശേഷം പമ്പാ ഷുഗർ ഫാക്ടറിയിൽ ഉദ്യോഗത്തിൽ പ്രവേശിച്ച കുര്യച്ചൻ അസിസ്റ്റന്റ് ജനറൽ മാനേജരായി റിട്ടയർ ചെയ്തു. പാലിയേക്കര പള്ളിക്ക് സമീപമുള്ള മാളിയേക്കൽ കുടുംബത്തിൽ താമസിക്കുന്നു. തിരുവല്ലാ കറ്റോട് പഴയ പറമ്പിൽ കണ്ടത്തിൽ കെ.ഐ. ഇടിക്കുളയുടെ മകൾ അമ്മിണിയെ (റിബേക്കാ) വിവാഹം കഴിച്ചു. അമ്മിണിയുടെ പിതാവ് കെ.ഐ. ഇടിക്കുള മദ്രാസ് സർവ്വീസിൽ ഉദ്യോഗസ്ഥനായിരുന്നു. മൂത്ത സഹോദരൻ കെ.ഐ. ഇടിക്കുള കേരള പൊതുമരാമത്തു വകുപ്പിൽ ചീഫ് എൻജിനീയറായിരുന്നു.

മത്തായി കുഞ്ഞിന്റെ മൂത്തപുത്രി ഏലിയാമ്മ കോയിപ്രംപൂവത്തൂർ എസ്റ്റേറ്റ് ഉടമയായ സി.ഐ തോമസിന്റെ സഹധർമ്മിണിയാണ്. ഇപ്പോൾ മുണ്ടക്കയത്ത് തങ്കഗിരി എസ്റ്റേറ്റിൽ താമസിക്കുന്നു. ആറുപുത്രന്മാരും മൂന്നു പുത്രിമാരുമുണ്ട്.

മത്തായികുഞ്ഞിന്റെ ഇളയ മകൾ മറിയാമ്മ സുഖക്കേടുകാരിയായിരുന്നതിനാൽ അവിവാഹിതയായി സ്വസഹോദരങ്ങളോടുകൂടി താമസിച്ച് നിര്യാതയായി

മാളിയേക്കൽ തോമാച്ചൻ(സി.എം. തോമസ്) മുത്തൂർഭാഗത്ത് സ്ഥലം വാങ്ങി വീടും നിർമ്മിച്ചു താമസിച്ചിരുന്നു. ഇദ്ദേഹത്തിന് രണ്ടു പുത്രന്മാരും നാലു പുത്രിമാരുമുണ്ട്.

മൂത്ത പുത്രി ഡോക്ടർ ഏലിയാമ്മ തോമസ് എം.ബി.ബി.എസ്സ്. ബിരുദം നേടി. മദ്രാസ് ഹെൽത്ത് സർവ്വീസിൽ ചേർന്ന് മെഡിക്കൽ ആഫീസറായി റിട്ടയർ ചെയ്തു കുറെക്കാലം തിരുവല്ലാ മെഡിക്കൽ മിഷ്യൻ ആശുപത്രിയിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. അവിവാഹിതയായ ഏലിയാമ്മ സഹോദരനോടുകൂടി താമസിക്കുന്നു.

രണ്ടാമത്തെ പുത്രി കുഞ്ഞുമറിയാമ്മ ഷാവാലസ് കമ്പനിയിലെ ഉയർന്ന ഉദ്യോഗസ്ഥനായ കെ.റ്റി. കുരുവിളയുടെ സഹധർമ്മിണിയാണ്. വെണ്മണി കീരിക്കാട്ട് കുടുംബാംഹഗമായ കുരുവിളയും കുടുംബവും മദ്രാസിൽ സ്ഥിരതാമസമാക്കി. ഏകപുത്രിയെ വിവാഹം കഴിച്ചത് കേന്ദ്ര അക്കൗണ്ടസ് സർവ്വീസിൽ ഉദ്യോഗസ്ഥനായ ചാണ്ടി

ആൻഡ്രൂസ് ഏ.എ. ആൻഡ് എ.എസ്.ആണ്.

മൂന്നാമത്തെ പുത്രി അച്ചാമ്മക്കുട്ടിയെ ചേപ്പാട് ഏവരത്തു കിഴക്കേതിൽ ഇ.പി. ഏബ്രഹാംബി.ഇ. ആണ് വിവാഹം കഴിച്ചത്. ഇദ്ദേഹം വളരെക്കാലം കേന്ദ്ര ഗവർമെന്റ് സർവ്വീസിലും പിന്നീട് നൈജീരിയായിലും എൻജിനീയറായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. രണ്ടു പുത്രന്മാരും ഒരു പുത്രിയുമുണ്ട്.

നാലാമത്തെ പുത്രി ഡോ. കുഞ്ഞന്നാമ്മ ആൾ ഇന്ത്യാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും വൈദ്യശാസ്ത്രത്തിൽ ബിരുദാനന്തര ഡിഗ്രികൾ നേടിയശേഷം ഡൽഹിയിൽ ലേഡിഹാർഡിംജ് മെഡിക്കൽ കോളജിൽ പ്രൊഫസറായി സേവനമനുഷ്ടിക്കുന്നു. ഡൽഹിയിലെ മലയാളികളുടെ ഇടയിൽ സുപരിചിതരാണ് ഡോ. കുഞ്ഞമ്മയും. ഭർത്താവ് വ്യവസായിയായ റ്റിറ്റിക്കുട്ടിയും കാനത്ത് പറപ്പള്ളി താഴത്ത് കുടുംബാംഗമാണ് റ്റിറ്റിക്കുട്ടി(പി.വി. വറുഗീസ്) രണ്ടു പുത്രന്മാരുണ്ട്. രണ്ടുപേരും വിദ്യാർത്ഥികളാണ്.

തോമാച്ചന്റെ മൂത്തപുത്രൻ സി.റ്റി.മത്തായി(കുഞ്ഞൂഞ്ഞ്) എം.കോ പാസ്സായിട്ട് കൽക്കട്ടായിൽ കമ്പനിയിൽ ഉദ്യോഗസ്ഥനായിരുന്നു. പിന്നീട് ബിസിനസ്സും ചെറുകിട വ്യവസായവുമായി ഡൽഹിയിൽ താമസിക്കുന്നു. പഴഞ്ഞി കാക്കശ്ശേരിൽ മാത്തച്ചന്റെ മകൾ സൂസി ബി.എ. ആണ് പത്നി. രണ്ടു പുത്രന്മാരും ഒരു പുത്രിയുമുണ്ട്. പുത്രന്മാരായ തോമസ് മാത്യുവും മാത്യു മാത്യുവും ഏകപുത്രി സജി മാത്യുവും വിദ്യാർത്ഥികളാണ്.

രണ്ടാമത്തെ മകനായ സി.റ്റി. ഫിലിപ്പ് (അച്ചൻ കുഞ്ഞ്) കുടുംബയോഗത്തിന്റെ ട്രസ്റ്റിയാണ്. എൻജിനീയറിംഗ് ബിരുദാനന്തരം കേരള പൊതുമരാമത്തു വകുപ്പിൽ പ്രവേശിച്ച അച്ചൻകുഞ്ഞ് എക്സിക്യൂട്ടീവ് എൻജിനീയറായി സേവനമനുഷ്ടിക്കുന്നു. കുറെക്കാലം നൈജീരിയയിൽ സീനിയർ എൻജിനീയറായി ജോലി ചെയ്തിട്ടുണ്ട്. വളഞ്ഞവട്ടത്ത് ചാണ്ടൻപടവിൽ കുടുംബാംഗമായ അന്നക്കുട്ടിയെ വിവാഹം കഴിച്ചു. എം.എ. ബിരുദധാരിണിയായ അന്നക്കുട്ടിയുടെ പിതാവ് കെ.സി. മാത്യു കേരള സെക്രട്ടറിയേറ്റിൽ ജോയിന്റ് സെക്രട്ടറിയായിരുന്നു. ഒരു മകനും ഒരു മകളുമുണ്ട്. മകൻ സി.പി. ഫിലിപ്പ് എൻജിനീയറിംഗ് കോളജിലും മകൾ എലിസബേത്ത് ഫിലിപ്പ് സയൻസ് കോളേജിലും വിദ്യാഭ്യാസം നടത്തുന്നു.

മാളിയേക്കൽ കുര്യച്ചന് (എം.എം.കുര്യന് ) ഒരു മകനും മൂന്ന് പെൺമക്കളും ഉണ്ട്. ഏക മകൻ മാത്യു കുര്യൻ ബി.എസ്.സി. എൻജിനീയറിംഗ് ബിരുദധാരിയാണ്. ഇപ്പോൾ ദോഹയിൽ ജോലി ചെയ്യുന്നു. ആലപ്പുഴ പൂപ്പള്ളിൽ പി.ജെ. ജോസഫിന്റെ മകൾ അച്ചുക്കുട്ടി ബി.എ. ആണ്. ഭാര്യ. ശ്രീമതി അച്ചക്കുട്ടി പാറേട്ട് ദിവംഗതനായ മാർ ഈവാനിയോസ് തിരുമേനിയുടെ സഹോദരിയുടെ പൗത്രിയാണ്. ഒരു മകനും ഒരു മകളും ഉണ്ട്.

കുര്യച്ചന്റെ മൂത്തമകൾ ഏലിയാമ്മയെ (ലീനാ) റാന്നി ഉതിമൂട്ടിൽ മണപ്പുറത്ത് ചെറിയാന്റെ മകൻ എം.സി. മാത്യു വിവാഹം കഴിച്ചു. ഇദ്ദേഹം റാന്നി മിഷ്യൻ ആശുപത്രിയിലെ ഡോക്ടറാണ്. ഇവർക്ക് ഒരു പുത്രിയുമുണ്ട്.

രണ്ടാമത്തെ മകൾ മറിയാമ്മയെ (കൊച്ചുമോൾ) കൊല്ലാട്ട് തെക്കേ വൈക്കത്ത് രാജു വിവാഹം കഴിച്ചു. രാജു ഇലക്ട്രിസിറ്റി ബോർഡിൽ ഉദ്യോഗസ്ഥനാണ്. ഇവർക്ക് മൂന്നു പുത്രിമാരുണ്ട്.

ഗീവറുഗീസ് കത്തനാർ

പൈനുമൂട്ടിൽ വലിയച്ചന്റെ ഇളയ മകനായ ഗീവറുഗീസ് പൈനുമൂട്ടിൽ കുടുംബത്തു തന്നെ താമസിച്ചു. സ്വപിതാവിനെപ്പോലെ തന്നെ വൈദീകപട്ടം സ്വീകരിച്ച് തിരുവല്ലാ പാലിയേക്കര പള്ളിയിലും കട്ടപ്പുറത്തുപള്ളിയിലും വികാരിയായി സേവനമനുഷ്ഠിച്ചിരുന്നു. ദീർഘകാലം കോടിയാട്ട് അച്ചനുമായി വ്യവഹാരം നടത്തി പാലിയേക്കര പള്ളിയിൽ രണ്ടുവീതം സ്ഥാപിച്ച് എടത്തു. പൈനുമൂട്ടിൽ കൊച്ചപ്പൻ എന്ന് അറിയപ്പെട്ടിരുന്ന ഗീവറുഗീസ് കത്തനാർ തിരുവല്ലാ കൊല്ലവന അന്നമ്മയെയാണ് വിവാഹം ചെയ്തിരുന്നത്. ഇവർക്ക് ഒരു പുത്രനും ഒരു പുത്രിയും ജനിച്ചു. ഏക പുത്രി ഏലിയാമ്മയെ കോഴഞ്ചേരി വല്യ വീട്ടിൽ വി.സി. ഉമ്മനാണ് വിവാഹം കഴിച്ചത്. ഇദ്ദേഹം നാഷണൽ ബാങ്കിന്റെ ഏജന്റായി ദീർകാലം സേവനമനുഷ്ഠിച്ചു. ബി.എ. ബിരുദധാരിയാണ് നാലുപുത്രന്മാരും രണ്ട് പുത്രിമാരുമുണ്ട്.

കൊച്ചച്ചന്റെ ഏകമകൻ പി.ജി. വറുഗീസ്(കുഞ്ഞൂഞ്ഞ്) കുറിച്ചി കല്ലുപുരയ്ക്കൽ കൊച്ചിന്റെ മകൾ അച്ചാമ്മയെ കല്യാണം കഴിച്ചു. മൂന്നു പുത്രന്മാരും രണ്ടുപുത്രിമാരും

ഉണ്ട്. മൂത്ത പുത്രൻ പി.വി.ജോർജ് ഷാവാലസ് കമ്പനിയിൽ എൻജിനീയറായി മദ്രാസിൽ താമസിക്കുന്നു. ഇദ്ദേഹം മല്ലപ്പള്ളി തോട്ടുങ്കൽ കുഞ്ഞമ്മയെ കല്യാണം കഴിച്ചു. രണ്ട് ആൺമക്കളും രണ്ട് പെൺമക്കളും. മൂത്ത മകൻ മോഹൻ വിദേശത്ത് ജോലി ചെയ്യുന്നു. തിരുവല്ലാ പീടിയേക്കൽ കൊച്ചുമോളെയാണ് മോഹൻ കല്യാണം കഴിച്ചിരിക്കുന്നത്. മോഹന്റെ ഇളയ സഹോദരൻ സുരേഷും സഹോദരിമാരായ ലെനിയും ഷീലയും വിദ്യാഭ്യാസം തുടർന്നുകൊണ്ടിരിക്കുന്നു.

രണ്ടാമത്തെ മകൻ പി.വി. പുന്നൂസ് കൃഷി കാര്യാദികളായി കാവുഭാഗത്ത് പൈനുമൂട്ടിൽ താമസിക്കുന്നു. അയിരൂർ ചെമ്പോത്തറയിൽ പീലികുഞ്ഞിന്റെ മകൾ ലൈസാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് മൂന്നു പുത്രിമാരും ഒരു പുത്രനും ഉണ്ട്. എല്ലാവരും വിദ്യാർത്ഥികളാണ്.

മൂന്നാമത്തെ മകൻ പി.വി. തമ്പി തുമ്പമൺ പടിഞ്ഞാറ്റേതിൽ യോഹന്നാന്റെ മകൾ ചിന്നമ്മയെ വിവാഹം കഴിച്ചു.

പൈനുമൂട്ടിൽ കുഞ്ഞൂഞ്ഞിന്റെ മൂത്ത മകൾ ചിന്നമ്മയെ വെച്ചൂച്ചിറയിൽ എരുമത്തടത്തിൽ ഇ.പി. മാത്യു വിവാഹം കഴിച്ചു. ഇവർ മദ്രാസിൽ സ്ഥിരതാമസമാക്കി. മൂന്നു പുത്രിമാരും ഒരു പുത്രനുമുണ്ട്.

ഇളയപുത്രി മറിയക്കുട്ടിയെ പുത്തൻകുരിശിസ് പാലാൽ കോരയുടെ മകൻ ചെറിയാൻ വിവാഹം കഴിച്ചിരുന്നു. ഇവർക്ക് നാലു പുത്രന്മാരും മൂന്ന് പുത്രിമാരുമുണ്ട്.

## അദ്ധ്യായം 15

## പടിഞ്ഞാറേവീട്ടിൽ ശാഖയുടെ ഉപശാഖകൾ

### പുഞ്ചേമഠം ഉപശാഖ

ഈ ഉപശാഖയുടെ പിതാമഹനായ സി.പി. മാത്തൻ (കൊച്ചുണ്ണൂണ്ണി) കാവുഭാഗത്തുള്ള പുഞ്ചേമഠം വസ്തു വാങ്ങി വീടുവെച്ച് കുറെനാൾ അവിടെ താമസിച്ചിരുന്നു. പ്രസിദ്ധനായ സി.പി. മാത്തൻ കോട്ടയം പുളിക്കപറമ്പിൽ പി.ഐ. വറുഗീസ് ജഡ്ജിയുടെ സഹോദരി ഏലിയാമ്മയെയാണ് വിവാഹം കഴിച്ചിരുന്നത്. പ്രഗത്ഭനായ അഡ്വക്കേറ്റ് കെ. പി.ഏബ്രഹാമിന്റെ (കുളങ്ങര) ഭാര്യ സഹോദരിയാണ് ഏലിയാമ്മ. ഇവർക്ക് രണ്ടു പുത്രന്മാരും അഞ്ച് പുത്രിമാരും ജനിച്ചു.

**പി.മാത്തൻ**

മൂത്ത മകനായ പി. മാത്തൻ(ബാബു) ഒരു ബിസിനസ്സ് പ്രമുഖനാണ്. മൈസൂർ ദിവാനായിരുന്ന തമ്പുചെട്ടിയുമകളെയാണ് വിവാഹം കഴിച്ചിരുന്നത്. ഡൽഹിയിൽ സ്ഥിരമായി താമസിക്കുന്നു.

**വി.മാത്തൻ**

രണ്ടാമത്തെ മകനായ വി.മാത്തൻ( ജോർജ്ജുകുട്ടി) സ്വപിതാവിനെപ്പോലെ വ്യവസായ വാണിജ്യ രംഗങ്ങളിൽ അറിയപ്പെടുന്ന വ്യക്തിയാണ്. എറണാകുളത്തു സ്ഥിരതാമസമാക്കിയ ഇദ്ദേഹം കാർബൺ ഡയോക്സൈഡ് എന്ന കമ്പനിയുടെ മാനേജിംഗ് ഡയറക്ടറാണ്. പിറവത്ത് മണീടുകൊള്ളിനാൽ വി.എം. പീറ്ററുടെ മകൾ സൂസൻ (തങ്കി) ആണ് സഹധർമ്മിണി. ഇവർക്ക് രണ്ടു പുത്രിമാരാണുള്ളത്. മൂത്ത പുത്രി ഏലൻ ബി. കൈതയിൽ കെ.ജി കുരുവിളയുടെ മകൻ ജോർജ് കുരുവിളയുടെ ഭാര്യയാണ്.

രണ്ടാമത്തെ മകൾ ശോശാമ്മ മുളമൂട്ടിൽ കുടുമബാംഗമായ മേജർ ജനറൽ എം.ജി. ഏബ്രഹാമിന്റെ മകൻ ജോർജ് ഏബ്രഹാം വിവാഹം കഴിച്ചു. ശോശ ബി.എസ്.സി.എൽ.എൽ.ബി. ബിരുദധാരിയാണ്.

സി.പി. മാത്തന്റെ മൂത്ത മകൾ ഓമനയെ മാവേലിക്കര പുത്തൻ പുരയ്ക്കൽ കുടുംബാംഗമായ പി.സി. മാത്യു ഐ.സി.എസ്സ്. ആണ് വിവാഹം കഴിച്ചിരിക്കുന്നത്. കേന്ദ്രസർക്കാരിൽ സെക്രട്ടറിയായിരുന്നു വിരമിച്ച പി.സി.മാത്യുവും കുടുംബവും മദ്രാസിൽ താമസിക്കുന്നു.

രണ്ടാമത്തെ മകൾ മറിയാമ്മയെ അടൂർ അറപ്പുരയിൽ എം.കെ. തോമസ് കല്യാണം കഴിച്ചു. ബാംഗ്ളൂരിൽ താമസിക്കുന്നു.

മൂന്നാമത്തെ മകൾ ഷീല സ്വഭർത്താവിനോടൊപ്പം ബോംബെയിൽ താമസിക്കുന്നു.

നാലാമത്തെ മകൾ ഏലിയാമ്മയെ വിവാഹം കഴിച്ചിരിക്കുന്നത് കാനത്തിൽ പൈകാട്ടിൽ പി.വി. ജോർജ്ജാണ്.

അഞ്ചാമത്തെ മകൾ സാറാമ്മയെ കണ്ടത്തിൽ വറുഗീസ് മാപ്പിളയുടെ പൗത്രൻ

ബിജോയ് ഈപ്പൻ വിവാഹം ചെയ്തു.

കൊല്ലം ഉപശാഖ

വ്യവസായ വാണിജ്യ രംഗത്ത് പ്രമുഖനായിരുന്നു. സി. പി. മാമ്മനാണ് ഈ ഉപശാഖയുടെ പിതാമഹൻ. ഇദ്ദേഹത്തിന് രണ്ടു വിവാഹത്തിലായി നാലു പുത്രന്മാരും അഞ്ചു പുത്രിമാരും ജനിച്ചു.

സി.പി.മാത്തൻ

സീമന്തപുത്രി അന്നമ്മയുടെ ഭർത്താവ് ജോർജ് അലക്സാണ്ടർ ചെട്ടികുളങ്ങര മീനത്തേതിൽ കുടുംബാംഗമാണ്. കർണ്ണാടകയിലെ എൻജിനീയറിംഗ് കേളേജ് പ്രിൻസിപ്പലായിരുന്ന ഇദ്ദേഹം ഒരു അമേരിക്കൻ സർവ്വകലാശാലയിലെ വിസിറ്റിംഗ് പ്രഫസറാണ്. ഈ ദമ്പതികളുടെ പുത്രി ശാലിനി ഡോക്ടറേറ്റ് ബിരുദംനേടി അമേരിക്കൻ സർവ്വകലാശാലയിൽ (റാഡ് ഫോർഡ് യൂണിവേഴ്സിറ്റി)അദ്ധ്യാപികയായി സേവനമനുഷ്ടിക്കുന്നു. ഇവരുടെ ജാമാതാവ് ജോൺ പെരുമ്പ്രാൽ അമേരിക്കയിലെ വെർജീനിയാ സർവ്വകലാശാലയിലെ പ്രൊഫസറാണ്.

രണ്ടാമത്തെ പുത്രി മോളിയെ കോട്ടയത്ത് അഞ്ചേരിൽ വർക്കി ജേർജ്ജ് ആണ് വിവാഹം കഴിച്ചത്. കോട്ടയം നഗര സഭാദ്ധ്യക്ഷനായും വാണിജ്യ പ്രമുഖനായും പ്രസിദ്ധീയാർജിച്ച് അഞ്ചേരിൽ എ.വി. ജോർജിന്റെ പുത്രനായ വർക്കി ജോർജ് ലോകസഭാംഗമായിരുന്നു. കോരള കോൺഗ്രസ് നേതാവായ ഇദ്ദേഹം ഇലക്ട്രിസിറ്റി ബോർഡിലെ അംഗവുമായിരുന്നു.

മൂന്നാമത്തെ പുത്രിസുശീലയെ ആറാട്ടുപുഴ പൂപ്പള്ളിൽ ആശുപത്രി യുടെ ഉടമയും ആശുപത്രിയിലെ പ്രധാന ഡോക്ടറുമാണ്. പി.വി കോശി.

നാലാമത്തെ പുത്രി വിമല കായംകുളത്ത് പള്ളിക്കൽ പുത്തൻപുരയിൽ ജോസഫ് ജോണിന്റെ സഹധർമ്മിണിയാണ്. തിരുവിതാംകൂർ സർവ്വീസിൽ ഇലക്ട്രിക്കൽ ചാഫ് എൻജിനീയറായിരുന്ന ജോസഫ് ജോണിന്റെ പുത്രനാണ് ജോസഫ് ജോൺ( ജൂണിയർ)

കനിഷ്ടപുട്രി വത്സയെ വിവാഹം കഴിച്ചിരിക്കുന്നത് തിരുവല്ലാ കോവൂർ കുടുംബാംഗമായ റെൻജി.കെ.മാത്യു ആണ്. അന്താരാഷ്ട്ര സംഘടനയായ ഐ.എൽ.ഒ.യിൽ ഉയർന്ന ഉദ്യോഗസ്ഥനായിരുന്ന കോവൂർ കെ.ഇ. മാത്യുവിന്റെ മകനാണ് റെൻജി.

സി.എം. പൗലോസ്

സി.പി. മാമ്മന്റെ സീമന്തപുത്രി സി.എം. പൗലോസ് ബി.എ.(കുഞ്ഞ്) വ്യവസായ വാണിജ്യരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചഒരു വ്യക്തിയാണ്. കൊല്ലം നഗരസഭാദ്ധ്യക്ഷനായിരുന്ന കുഞ്ഞ് കുറെക്കാലം കേരള ഫുട്ബോൾ അസോസിയേഷന്റെ പ്രസിഡന്റായിരുന്നു. കനകപ്പലത്ത് ഇത്തിത്താനത്ത് പ്ലാന്റർ എം.ഐ. ജോർജിന്റെ മകൾ മറിയാമ്മയെ കല്യാണം കഴിച്ചു. തിരുവല്ലാ എം.ജി.എം. ഹൈസ്കൂളിന്റെ ഹെഡ്മാസ്റ്ററായിരുന്ന ചെത്തിക്കാട്ട് സി.ജി. വറുഗീസ്സിന്റെ പൗത്രിയാണ്. മറിയാമ്മയ ബി.എ. ഇവർക്ക് മൂന്നു പുത്രന്മാരും രണ്ടു പുത്രിമാരുമുണ്ട്.

മൂത്ത മകൾ സി.പി. മാമ്മൻ (ജയൻ) മദ്രാസ് ഐ.ഐ.റ്റിയിൽ നിന്നും ബി.റ്റെക് ബിരുദമെടുത്ത് കൊച്ചിൻ കപ്യൂട്ടേഴ്സ് എന്ന കമ്പനിയുടെ മാനേജിംഗ് ഡയറക്ടറായി സേവനമനുഷ്ടിക്കുന്നു. മലയാള മനോരമ പത്രാധിപരായ കെ.എം. മാത്യുവിന്റെ മകൾ തങ്കം ആണ് സഹധർമ്മിണി. ഇവർക്ക് പൗലോസ് എന്ന് പേരുള്ള ഒരു പുത്രനുണ്ട്.

രണ്ടാമത്തെ മകൻ ജോർജ് പൗലോസ് (ജോർജ്) എം.എ. ബിരുദമെടുത്തശേഷം മലയാളം പ്ലാന്റേവ്സിൽ അസിസ്റ്റന്റ് മാനേജരായിരിക്കുന്നു. കോട്ടയം അക്കര കുടുംബാഗമാണ് പത്നി.

മൂന്നാമത്തെ മകൻ സി.പി. മാത്തൻ (മാത്തച്ചൻ) സ്വമാതാവിനോടൊപ്പം കൊല്ലത്ത് താമസിക്കുന്നു. കൊച്ചിൻ കാർബോണിക് (പ്രൈവറ്റ്) കമ്പനിയുടെ ഡയറക്ടറാണ്. മാത്തച്ചൻ.

സി.എം. പൗലോസിന്റെ മൂത്ത മകൾ ജയന്തിയെ ഉപ്പൂട്ടിൽ കുടുംബാംഗമായ ചെറിയാൻ തോമസ് കല്യാണം കഴിച്ച് എറണാകുളത്ത് താമസിക്കുന്നു. ഇവർക്ക് രാഹുൽ, പൂർണ്ണിമ എന്ന് രണ്ടു കുട്ടികളുണ്ട്.

രണ്ടാമത്തെ മകൾ സാറാ ഒരു ചാർട്ടേഡ് അക്കൗണ്ടന്റായ അശേക് കോശി മുതലാളിയുടെ പത്നിയാണ്. കല്ലട മലയിൽ കുടുംബാംഗമാണ് ഇദ്ദേഹം. ഇവർക്ക് അഞ്ജലി, സോണാലി എന്ന് രണ്ടു കുട്ടികളുണ്ട്.

സി.എം. ജേക്കബ്

സി.പി. മാമ്മന്റെ രണ്ടാമത്തെ പുത്രനായ സി.എം. ജേക്കബും കുഞ്ഞുകുട്ടി സ്വപിതാവിനെപ്പോലെ വ്യവസായ രംഗത്ത് പ്രാമുഖ്യം നേടിയ വ്യക്തിയാണ്. കൊല്ലത്ത് പട്ടത്താനത്ത് സ്ഥിരതാമസമാക്കിയ കുഞ്ഞൂഞ്ഞുകുട്ടി കുമരകത്ത് പരുവയ്ക്കൽ കുടുംബാംഗമായ ബേബിയെ വിവാഹം ചെയ്തു. ഇവ്ർക്ക് രണ്ടുപുത്രിമാരുമുണ്ട്.

മൂത്ത പുത്രൻ ഡോക്ടർ മാമ്മൻ സി.ജേക്കബ് (സണ്ണി) എം.ഡി. ബിരുദധാരിയാണ്. വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ ആശുപത്രിയിൽ സേവനമനുഷ്ടിക്കുന്ന ഡോക്ടർ മാമ്മൻ കോട്ടയത്ത് പടിഞ്ഞാറേക്കര പി.സി. ചെറിയാന്റെ പുത്രി രേണുവിനെയാണ് വിവാഹം കഴിച്ചത്.

ഇളയ മകൻ ജോൺ സി.ജേക്കബ്(സുനിൽ) പിതാവിനോടുകൂടി കൊല്ലത്ത് താമസിക്കുന്നു.

മൂത്ത മകൾ ഷീബാ ഇരിഞ്ഞാലക്കുടയിൽ പ്രാക്ടീസ് ചെയ്യുന്ന ഡോക്ടർ മാർട്ടിൻ ഏബ്രഹാമിന്റെ പത്നിയാണ്. എം.എസ്. ബിരുദമുള്ള ഡോക്ടർ മാർട്ടിൻ ഒരു വിദഗ്ധ സർജനാണ്.

ഇളയ മകൾ സുനിത അന്നാ ജേക്കബ് എം. ബി.ബി. എസ്. കഴിഞ്ഞ് ബിരുദാനന്തര പഠനം നടത്തുന്നു.

സി.എം. മാത്തൻ

ഈ ഉപശാഖയിലെ മൂന്നാമത്തെ മകനായ സി.എം മാത്തൻ (രാജു) പേരുകേട്ട ഒരു ഫിലിം നിർമ്മാതാവാണ്. പള്ളത്ത് വടക്കേപറമ്പിൽ (കല്ലൂപറമ്പിൽ) ആലിമാത്യുവിന്റെ സഹോദരി അശ്വതിയാണ് രാജുവിന്റെ ഭാര്യ. ഇവർക്ക് രണ്ടു സന്താനങ്ങളുണ്ട്.

ഏകപുത്രി തങ്കത്തിനെ അയ്മനം പുല്ലാപള്ളിൽ കുടുംബാംഗമായ ലാലാ മത്തായി വിവാഹം കഴിച്ചു. ബി.റ്റെക് ബിരുദം നേടിയ ലാലാ മദ്രാസിൽ ബിസിനസ്സ് ചെയ്യുന്നു.

രാജുവിന്റെ ഏക മകൻ എം.സി. മാമ്മൻ (അശോക്) ബി.കോ പാസ്സായ ശേഷം കൊല്ലത്ത് ബിസിനസ്സ് ചെയ്യുന്നു.

സി.എം. മാമ്മൻ

സി.പി. മാമ്മന്റെ ഇളയമകൻ സി.എം. മാമ്മൻ ബിസിനസ്സായി കൊല്ലത്ത് താമസിക്കുന്നു.

പടിഞ്ഞാറേവീട്ടിൽ(എ) ഉപശാഖ

സി.പി മാത്തന്റെ ഇളയ സഹോദരനായ സി.പി. ജേക്കബ് (ചാക്കോച്ചൻ) ആണ് ഈ ഉപശാഖയുടെ പിതാമഹൻ. ചാക്കോച്ചന്റെ ഏക പുത്രനാണ് സി.ജേ പൗലോസ് (അച്ചൻകുഞ്ഞ്)

സിപി.ജേക്കബ്

സ്വപിതാവിനെപ്പോലെ ബിസിനസ്സ് രംഗത്ത് പ്രമാണിയായിരുന്ന അച്ചൻകുഞ്ഞ്(സി. ജെ. പൗലോസ്) കുറെക്കാലം തിരുവല്ലാ നഗരസഭയുടെ അദ്ധ്യക്ഷപദവി അലങ്കരിച്ചിരുന്നു. റൂബി റബ്ബർ വർക്സ് തുടങ്ങി പല കമ്പനികളുടേയും ഡയറക്ടറായിരുന്നു

പൗലോസ് മാവേലിക്കര

പുത്തൻപുരയ്ക്കൽ കുടുംബാംഗമായ മോളി ബി.എ. യെ വിവാഹം കഴിച്ചു. ഹൈക്കോർട്ട് ജഡ്ജിയായിരുന്ന പി.ഐ. സൈമന്റെ പുത്രിയാണ് മോളി. മോളിയുടെ സഹോദരൻ പി.എസ്.രാജൻ ഫുഡ്കോർപ്പറേഷന്റെ ഫിനാഷ്യൽ കൺട്രോളർ ആയി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. അച്ചൻ കുഞ്ഞ് രണ്ടു പുത്രന്മാരും മൂന്നു പുത്രിമാരുമുണ്ട്.

മൂത്ത പുത്രൻ സി.പി. ജേക്കബ് (ഉണ്ണി) ബി.കോ. പാസ്സായശേഷം തിരുവല്ലായിൽ ബിസിനസ്സ് ചെയ്യുന്നു. കോട്ടയം കല്ലുപാലത്തിങ്കൽ ക്യാപ്റ്റൻ മാത്തുക്കുട്ടിയുടെ മകളാണ്. ഭാര്യ.

പടിഞ്ഞാറേവീട്ടിൽ ഉപശാഖ

ഈ ഉപശാഖയുടെ ആദ്യപിതാവായ മൽക്കിന് മൂന്നു പുത്രന്മാരും മൂന്നു പുത്രിമാരുമുണ്ടായിരുന്നു.

### മൽക്ക്

### (പടിഞ്ഞാറേ വീട്ടിൽ(ബി) ഉപശാഖ

മൂത്ത മകളെ കാരയ്ക്കൽ മൂലമണ്ണിൽ കുട്ടി (ഡാനിയേൽ) വിവാഹം കഴിച്ചു. സെൻട്രൽ ബാങ്കിന്റെ മാനേജരായിരുന്ന എം.ഡി വറുഗീസ്സ് പൗത്രനും പള്ളത്ത് ഇടത്തുംപടിക്കൽ കുടുംബാംഗമായ പ്രൊഫസർ ഇ.റ്റി. തോമസ് ജാമാതാവുമാണ്.

രണ്ടാമത്തെ മകൾ മറിയാമ്മയെ തിരുവല്ലാ എം.ജി. എം. ഹൈസ്ക്കൂളിൽ ദീർഘകാലം ഹെഡ്മാസ്റ്റർ ആയിരുന്ന ചെത്തിക്കാട്ട് സി.ജി. വറുഗീസ്സ് ബി.എ.എൽ.റ്റി. ആണ് വിവാഹം കഴിച്ചിരുന്നത്. മലയാളം പ്ലാന്റേഴ്സിന്റെ മുൻമാനേജർ സി.വി. ജോർജ്, മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ മാനേജിംഗ് കമ്മറ്റി അംഗമായ സി.വി. മൽക്ക്, എം.ജി.എം. ഹൈസ്കൂൾ റിട്ടയർഡ് അദ്ധ്യാപകൻ സി.വി. ഉമ്മൻ എന്നിവർ പുത്രന്മാരാണ്.

മൂന്നാമത്തെ മകൾ തങ്കമ്മയെ മല്ലപ്പള്ളി കയ്യാലത്ത് അവറാച്ചനാണ് വിവാഹം കഴിച്ചിരുന്നത്. ബാങ്ക് മാനേജരായിരുന്ന അവറാച്ചൻ.

സി.എം. യൂഹാക്കീം

മൽക്ക് ദമ്പതികളുടെ സീമന്ത പുത്രനായ സി.എ യുഹാക്കീം വൈദീകപട്ടം സ്വീകരിച്ച് ചാലക്കുഴി പള്ളിയിലും വേങ്ങൽ പള്ളിയിലും വികാരിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഹാബീബാ അച്ചൻ എന്ന് അറിയപ്പെട്ടിരുന്ന ഇദ്ദേഹം അവിവാഹിതനായിരുന്നു. സ്വസഹോദരനോടുകൂടി വേങ്ങൽ താമസിച്ചിരുന്ന ബഹുമാനപ്പെട്ട അച്ചൻ പല സാമൂഹ്യ പ്രവർത്തനങ്ങൾക്കും നേതൃത്വം നല്കി പോന്നിരുന്നു. കുറെക്കാലം സ്വന്തമായി ഒരു ചാപ്പൽ നിർമ്മിച്ച് ചാലക്കുഴി ചാപ്പലിൽ ശുശ്രൂഷ അനുഷ്ഠിച്ചു പോന്നിരുന്നു.

സി.എം. മാത്തൻ

മൽക്കിന്റെ രണ്ടാമത്തെ പുത്രനായ സി.എം. മാത്തൻ (മാത്തച്ചൻ) വിദ്യാഭ്യാസാനന്തരം പോസ്റ്റൽ സർവ്വീസിൽ ഉദ്യോഗസ്ഥനായി സേവനമനുഷ്ഠിച്ചു. തിരുവന്തപുരത്ത് പോസ്റ്റ്മാസ്റ്ററായിരിക്കവെ അകാല നിര്യാണം പ്രാപിച്ച് അടൂർ നെല്ലിമൂട്ടിൽ കുടുംബാംഗമായ തങ്കമ്മയായിരുന്നു ഭാര്യ. ഒരു പുത്രനും രണ്ടു പുത്രിമാരുമുണ്ടായിരുന്നു.

ഏക മകൾ മൽക്ക് (തമ്പാൻ) തിരുവല്ലായിൽ കാവും ഭാഗത്ത് താമസിക്കുന്നു. ക്രൈസ്തവ വിശ്വാസം വെടിഞ്ഞ് കുറച്ചുനാൾ ഇദ്ദേഹം സന്യാസിയായി കഴിഞ്ഞിരുന്നു.

മാത്തച്ചന്റെ പുത്രിമാരിൽ മൂത്തതിനെ കുന്നംകുളത്ത് ഇളയതിനെ തൃശ്ശൂരിലും കല്യാണം കഴിച്ചയച്ചു.

സി.എം. ഫിലിപ്പ്

മൽക്കിന്റെ മൂന്നാമത്തെ മകനായ സി.എം. ഫിലിപ്പ് (പീലിപ്പോച്ചൻ) തിരുവല്ലായിൽ കുറെക്കാലം വ്യാപാരം നടത്തിപോന്നിരുന്നു. വേങ്ങൽ സ്ഥിരതാമസമാക്കിയ പീലിപ്പോച്ചൻ മേപ്രേൽ കണിയാന്തറയിൽ കുടുംബാംഗമായ അക്കാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് മൂന്നു പുത്രന്മാരുണ്ട്. തമ്പി, രാജു, ബാബു.

## അദ്ധ്യായം 16

## കുടുംബയോഗത്തിന്റെ പ്രവർത്തനങ്ങൾ

സഹോദരന്മാർ ഒരുമിച്ച് വസിക്കുന്നത് അനുഗ്രഹകരമാണെന്ന് വിശ്വസിച്ചിരുന്ന മുൻതലമുറയിലെ പിതാക്കന്മാരുടെ ശ്രമഫലമായി കൊല്ലവർഷം 1106 മകരം 12-ാം തീയതി (1931 മാർച്ച് 27) ചാലക്കുഴി കുടുംബയോഗം ആരംഭിച്ചു. പ്രഥമയോഗം ചാലക്കുഴി പള്ളിക്കടവിൽ വെച്ച് നടത്തി. ശാഖോപശാഖകളിലെ പിതാക്കന്മാരായ 65- ൽ പരം അംഗങ്ങൾ പ്രഥമയോഗത്തിൽ പങ്കെടുത്തതായി റിപ്പോർട്ടിൽ കാണുന്നു. കുടുംബത്തിന്റെ ഐശ്വര്യത്തിനും കെട്ടുറപ്പിനും വേണ്ടി അംഗങ്ങളിൽ ഉണ്ടാകേണ്ട പരസ്പര ധാരണയുടേയും ഒത്തൊരുമയുടെയും ആവശ്യം പൂർണ്ണമായി അവർ മനമനസ്സിലാക്കിയിരുന്നു എന്നു വേണം മിക്കവാറും അംഗങ്ങൾ സംബന്ധിച്ചതിൽ നിന്ന് അനുമാനിക്കുവാൻ, പ്രാരംഭകാല അംഗങ്ങളുടെ പേരുവിവരം ഈ അദ്ധ്യായത്തിന്റെ അവസാനത്തിൽ ചേർത്തിട്ടുണ്ട്.

കുടുബയോഗത്തിന്റെ ആദ്യ പ്രസിഡന്റ് സി.മാത്തൻ ബി.എ. ആയിരുന്നു. നാല്പത്തിരണ്ട് വകുപ്പുകൾ അടങ്ങുന്ന വ്യക്തമായ ഒരു നിയമാവലി പ്രഥമയോഗത്തിൽ

തന്നെ ഉണ്ടാക്കി. കുടുംബാംഗങ്ങൾ തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങളും കേസുകളും കുടുംബയോഗത്തിൽ കേട്ട് തീർപ്പു കല്പിക്കുന്ന ഒരു സമ്പ്രദായം ആദ്യ കാലങ്ങളിൽ നടന്നുപോന്നിരുന്നു. ഈ തീരുമാനം ബന്ധപ്പെട്ട അംഗങ്ങൾ അംഗീകരിച്ചിരുന്നു.

കൊല്ലവർഷം 1106 (അള 1931) തൊട്ട് തുടർച്ചയായി വാർഷിക .യോഗങ്ങൾ നടത്തിക്കൊണ്ടിരുന്നു. സി. മാത്തനു ശേഷം ദിവ്യശ്രീ മത്തായി ഗീവറുഗീസ് കത്തനാർ പ്രസിഡന്റായിട്ട് വാർഷിക യോഗങ്ങൾ തുടർന്നുകൊണ്ടരുന്നു. കുടുംബയോഗത്തിന് പ്രത്യേകമായ ഒരു മൂലധനം ഇല്ലാതിരുന്നതുകൊണ്ടാർഷിക യോഗങ്ങൾ ഓരോ വീട്ടുകാർ ഏറ്റെടുത്ത് നടത്തുകയായിരുന്നു പതിവ്. കൊല്ലവർഷം 1113 ധനു 23 വരെ (1939 ജനുവരി 7) കുടുംബയോഗം പ്രവർത്തിച്ചിരുന്നു. പക്ഷേ സാമ്പത്തിക ബുദ്ധിമുട്ടുകൾ മൂലം 1939 നു ശേഷം വാർഷിക യോഗങ്ങൾ നടത്തുവാൻ കഴിയാതെ കുറെകാലങ്ങൾ കഴിഞ്ഞുപോയി.

ഊർജ്ജസ്വലരായ യുവതലമുറയുടെ അവിശ്രാന്തമായ പരിശ്രമം മൂലം കുടുംബയോഗം 1975 ൽ പുനരുദ്ധരിക്കപ്പെട്ടും ആ വർഷം ഏപ്രിൽ 13-ാം തീയതി സി.സി. ജോർജ്ജുകുട്ടിുടെ ഭവനത്തിൽ ദിവ്യശ്രീ യുഹാക്കിം കത്തനാരുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് വാർഷിക യോഗങ്ങൾ തുടർന്ന് നടത്തുന്നതിന് വേണ്ട ക്രമീകരണങ്ങൾ ഉണ്ടാക്കി. കുടുംബയോഗം പുനരുദ്ധരിക്കപ്പെട്ട ശേഷം ആദ്യത്തെ വാർഷികം കുഴിത്തോട്ടത്തിൽ സി.എ. പോളിന്റെ വസതിയിൽ വെച്ച് 1975 മേയ്മാസം 24-ാം തീയതി നടത്തി. തുടർന്നു 23.05.76 ൽ എരുമേലി ചാലക്കുഴി സി.എം. ജോണിന്റെ വസതിയിൽ വെച്ചും 22.05.77ൽ വേങ്ങൽ പുളിമൂട്ടിൽ പി.വി. മാത്യുവിന്റെ വസതിയിൽ വെച്ചും 21.05.78 ൽ ചാലക്കുഴി കുഞ്ഞാമ്മ ജയിക്കബിന്റെ വസതിയിൽ വെച്ചും 29.4.79 ൽ തിരുവന്തപുരത്ത് എം.സി. ജെയിക്കബിന്റെ വസതിയിൽ വെച്ചും 4.05.80 ൽ തിരുവല്ലാ സി.പി. നൈനാന്റെ വസതിയിൽ വെച്ചും 17.05.81 ൽ കഴിത്തോട്ടത്തിൽ സി.എം. വറുഗീസിന്റെ വസതിയിൽവെച്ചും. 2.05.82 ൽ മല്ലപ്പള്ളി കല്ലംപറമ്പിൽ മത്തായി ഐപ്പിന്റെ വസതിയിൽ വെച്ചും 13.04.84 ൽ തിരുവല്ലാ മാളിയേക്കൽ എം.എ കുര്യന്റെ വസതിയിൽ വെച്ചും 12.05.85 ൽ എറണാകുളത്ത് സ്ഥിരതാമസമാക്കിയ അംഗങ്ങൾ ചേർന്ന് ഗിരിനഗർ കമ്യൂണിറ്റി ഹോളിൽവെന്റെ വസതിയിൽവെച്ചും വാർഷിക .യോഗങ്ങൾ നടത്തപ്പെട്ടും.

വാർഷിക യോഗത്തിന്റെ ഭാരിച്ച ചെലവുകളുടെ ഏറിയഭാഗവും ഈ വ്യക്തികൾ തന്നെയാണ് വഹിച്ചത് എന്നത് പ്രത്യേകം പ്രസ്താവയോഗ്യമാണ്. കുടുംബയോഗ ഫണ്ടിലേക്ക് അംഗങ്ങളിൽ നിന്നും ഉദാരമായ സംഭാവനകൾ ലഭിക്കാറുണ്ട്. മാളിയേക്കൽ സി.എം. തോമസ്സിന്റെ (തോമാച്ചൻ) നാമത്തിൽ അദ്ദേഹത്തിന്റെ മക്കൾ നല്കിയ പതിനയ്യായിരം രൂപ (15000 രൂപ) ദീർകാല ഡിപ്പോസിറ്റായി ബാങ്കിൽ സൂക്ഷിച്ചിരിക്കുന്നതിന്റെ പലിശ ആണ്ടുതോറും വാങ്ങി കുടുംബത്തിൽ പെട്ട നിർദ്ധനരായ പെൺകുട്ടികളുടെ വിവാഹത്തിനും മറ്റു കുട്ടികളുടെ വിദ്യാഭ്യാസത്തിനും മറ്റ് ആവശ്യങ്ങൾക്കും ആയി സംഭാവനയായി നൽകിവരുന്നു.

കുടുംബയോഗത്തിന്റെ അംഗങ്ങളായി ഇപ്പോൾ ഉദ്ദേശം മുന്നൂറു വീട്ടുകാർ ഉണ്ട്. ആയുഷ്ക്കാല അംഗങ്ങൾ നൽകുന്ന തുകകൾ ബാങ്കിൽ ദീർഘകാല ഡിപ്പോസിറ്റായി നിക്ഷേപിക്കുന്നു. ആയതിന്റെ പലിശ കുടുംബയോഗത്തിന്റെ നടത്തിപ്പിനു ബഹുഭൂരിപക്ഷവും അംഗങ്ങൾ കാണിക്കുന്ന ഉത്സാഹവും ഉദാരമായ സംഭാവനകളും പ്രശംസനീയമാണ്.

ഇപ്പോഴത്തെ പ്രസിഡന്റ് സി.റ്റി. ഏബ്രഹാമിന്റെയും കമ്മറ്റി അംഗങ്ങളുടേയും ഉത്സാഹവും സഹകരണവും കൊണ്ടാണ് ഈ ചരിത്ര ഗ്രന്ഥം അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നതിന് സാധിച്ചിട്ടുള്ളത് എന്ന് സന്തോഷപൂർവ്വം അനുസ്മരിച്ചുകൊള്ളുന്നു.

കൊല്ലവർഷം 1106 മകരം 12 ന് ചേർന്ന യോഗത്തിൽ ഉണ്ടായിരുന്ന അംഗങ്ങൾ

1. ചാലക്കുഴിയിൽ ഉമ്മൻ മത്തായി
2. ടി മാമ്മൻ പൗലോസ്
3 ടി മത്തായി ഗീവറുഗീസ് കത്തനാർ
4 ടി യൂഹാക്കീം ശെമ്മാശൻ
5. ചാലക്കുഴിപ്പള്ളിക്കടവിൽ മത്തായി മാത്തൻ
6. ടി പുത്തൻപുരയ്ക്കൽ മത്തായി പൗലോസ്
7 ടി ഗബ്രിയേൽ മൽക്ക്

8 ടി പുത്തൻ ബംഗ്ലാവിൽ സി.മാത്തൻ

9 ടി പള്ളിക്കടവിൽ സി.എം ചാക്കോ

10 ടി പുത്തൻപുരയ്ക്കൽ നിന്നും മാന്നാത്തു കാരയ്ക്കൽ വെങ്ങഴിയിൽ താമസം മത്തായി ചാണ്ടി.